ശ്രീരാമവൎമ്മഗ്രന്ഥാവലി.

തോരണയുദ്ധം

പാന.

പകൎപ്പവകാശം
കമ്പനിക്കാൎക്കും

വില അണ 10.

RAMA VARMA RESEARCH INSTITUTE.
TRICHUR COCHIN STATE.
1958
No. 1065

ML. 29.

കേരള സാഹിത്യ അക്കാദമി

ശ്രീരാമവൎമ്മഗ്രന്ഥാവലി.

തോരണയുദ്ധം

പാന.

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്ന്
വ്യാഖ്യാനത്തോടും അവതാരികയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നത്.

(കോപ്പി 500)

൧൮൦൧-ാമാണ്ട്.

PRINTED AT

THE MANGALODAYAM POWER PRESS,

TRICHUR.

പകർപ്പവകാശം
കമ്മിററിക്കാൎക്കും }

വില അണ 10.

അവതാരിക

ഈ ഗ്രന്ഥം തൃപ്പൂണിത്തുറെ ഈടുവെപ്പുഗ്രന്ഥശാലയിലുള്ള പഴയ താളിയോലഗ്രന്ഥങ്ങളിൽനിന്നു കണ്ടു കിട്ടിയതാണ്. മാതൃകാഗ്രന്ഥത്തിൽ പഴക്കംകൊണ്ട് അവിടവിടെ സംഭവിച്ചിട്ടുള്ള കേടുകൾ നിമിത്തം അക്ഷരങ്ങൾ പോയിരുന്നത് ഊഹാപോഹങ്ങളെക്കൊണ്ടു ശരിയാക്കുകയും എഴുത്തുകാരന്റെ പ്രമാദത്താൽ 'ഹസ്തദോഷജ'മായി വന്നുപോയിട്ടുള്ള 'ബിന്ദുസന്ധിപിധിസസ്തവിചികാപത്ത്രീഭേദപദഭേദാദി' ദോഷങ്ങളെ തീർക്കുകയും മാത്രമേ ഇവിടെ ചെയ്തിട്ടുള്ളു.

'തരുണീമണിസീതയെക്കണ്ടതും'
പരമാത്മമശേഷമറിഞ്ഞതും,

എന്നുവരെ എഴുതി ഗ്രന്ഥം അവസാനിപ്പിച്ചിരിക്കയായിരുന്നു. അവിടെ കഥ അവസാനിച്ചിട്ടില്ല; എന്നാൽ ഇനി കവിധർമ്മങ്ങൾ പ്രയോഗിച്ചു വളരെയൊന്നും വിസ്തരിപ്പാൻ വകയുമില്ല. എങ്കിലും ഗ്രന്ഥാവസാനത്തിൽ ഒരു മംഗളശബ്ദം പോലും പ്രയോഗിക്കാതെ ഒരു വാക്യാർദ്ധത്തിൽ വച്ചു തന്നെ ഗ്രന്ഥകർത്താവു വിരമിച്ചതാണെന്നു വിചാരിപ്പാനും ന്യായം മതിയാകുന്നില്ല. ഇപ്പോൾ കിട്ടിയിട്ടുള്ള ഗ്രന്ഥത്തിലെ കൈപ്പട നോക്കിയാൽ ഏതാണ്ട് ഒരയ്മ്പതു കൊല്ലത്തിലധികം പഴക്കം തോന്നുന്നതല്ല. അതുകൊണ്ടു വേറെ ഒരു ഗ്രന്ഥത്തിൽ നിന്നു പകർത്തിയതാണ് ആ ഗ്രന്ഥമെ

ന്നും, ആ പഴയ ഗ്രന്ഥത്തിന്റെ അവസാനഭാഗം കേടുവന്നു പോയിരിക്കാമെന്നും, വിചാരിപ്പാൻ സംഗതിയുണ്ടു്. അതിനാൽ വേറെ വല്ലേടത്തും ഈഗ്രന്ഥത്തിന്റെ പ്രതികളുണ്ടോ എന്നു വളരെ അന്വേഷിച്ചു നോക്കി. ഒരേടത്തും കണ്ടുകിട്ടിയില്ല. ഒടുവിൽ ഈഗ്രന്ഥം പണ്ഡിതപ്രവരനും, 'കവിസാർവ്വഭൌമനും' ആയ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ കാണിച്ചതിൽ അവിടുന്നു് ഇതു കുഞ്ചൻ നമ്പ്യാരുടെ അനുഗാമിയും തദ്ദേശ്യനുമായ ഒരാളുടെ കൃതിയായിരിക്കാമെന്നു് അഭിപ്രായപ്പെടുകയും, മുപ്പത്തിരണ്ടു വരികൾ കൂടി എഴുതിച്ചേർത്തു കഥാപൂർത്തി വരുത്തിത്തരികയും ചെയ്തു. ആഭാഗം പുസ്തകത്തിന്റെ അവസാനത്തിൽ അടയാളമിട്ടു് അച്ചടിച്ചു ചേർത്തിട്ടുണ്ടു്.

ഈഗ്രന്ഥത്തിന്റെ കർത്താവു് ആരാണെന്നു് ഇതുവരെ യാതൊരറിവും കിട്ടിയിട്ടില്ല. അതിനാൽ ഈ കൃതിയിൽ നിന്നു കിട്ടുന്ന ലക്ഷ്യങ്ങളെക്കൊണ്ടുമാത്രം വല്ലതും ഊഹിപ്പാനേ തരമുള്ളു.

(ക) “ശുകനാരദദേവാദിസേവിതൻ
'ശുകമന്ദിരം' തന്നിൽസ്സദാകാലം
സുഖമോടു വസിച്ചരുളും ശിവൻ
സുകവിതയെനിക്കരുളണം”

എന്നും,

“വാരണാരിപ്രണതപദൻ ജഗൽ-കാരണൻ കമലാക്ഷൻ കലിഹരൻ ഭീഷണാസുരമഥനനാ യദുകുല-ശ്രീ

ഷണൻ 'സുരവാഹിനീ'നാഥനും, ആരണ്യോത്തമന്മാരും ഇന്നാകണം"

എന്നും ഉള്ള ഭാഗങ്ങളിൽ 'കിള്ളിക്കുറിശ്ശിമംഗലം' ക്ഷേത്രത്തിലെ ശിവനേയും, അമ്പലപ്പുഴ ശ്രീകൃഷ്ണനേയും ഇഷ്ടദേവതമാരായി കല്പിച്ചു മംഗളപ്രാർത്ഥന ചെയ്തിരിക്കുന്നു. ഇതു കുഞ്ചൻനമ്പ്യാരുടെ കൃതികളിൽ സാമാന്യമായി കാണാറുള്ള രണ്ടു പ്രധാനമുദ്രകളുമാണ്.

(ച) ഹനുമാന്റെ അശോകവനികാപ്രവേശവും, ഉദ്യാനഭഞ്ജനവും, സന്ദേശകഥനവും മറ്റും 'ആശ്ചര്യചൂഡാമണി'നാടകം ആറാമങ്കത്തിന്റെ ഒരു സാമാന്യപരിഭാഷയാണ്. അഴകിയ രാവണന്റെ പുറപ്പാടും ഒരുക്കങ്ങളും കാര്യവും സീതാനുനയപ്രകാരങ്ങളുമെല്ലാം ആ നാടകത്തിൽത്തന്നെ പ്രസിദ്ധമായ 'അശോകവനികാങ്കം' എന്ന അഞ്ചാമങ്കത്തിന്റെ ഒരു പകർപ്പുതന്നെ. ഹനുമാൻ സീതയെക്കണ്ടു വിശ്വാസത്തിനായി നാമാങ്കിതമായ രാമാംഗുലീയം കൊടുത്തതിനു ശേഷം, രാമസന്ദിഷ്ടമായ ഒരടയാളവാക്യം കൂടി സീതയോടു പറയുന്നതായി പ്രകൃതഗ്രന്ഥത്തിൽ കാണുന്നതും ചൂഡാമണിശ്ലോകത്തിന്റെ ഒരു പരാവർത്തനമാണ്.

"മുന്നം നാമങ്ങൊരുമിച്ചയോദ്ധ്യയിൽ
മന്മഥാധീനന്മാരായിമേവുമ്പോൾ
അന്നൊരുദിനമപ്പുന്നെല്ലുശ്രേഷ്ഠി
ച്ചങ്ങനേ നിന്നുപോയി ഞാൻ രാത്രിയിൽ

എന്നതുകൊണ്ടു ജാനകിതന്നുടെ
മന്ദിരത്തിങ്കലന്നുവരുവാനായ്
ഒന്നു വൈകി നമുക്കതുകണ്ടപ്പോൾ
സുന്ദരാംഗി! നീകിഞ്ചനകോപിച്ചു്
മല്ലികാമാലകൊണ്ടെന്റെ ബാഹുക്കൾ
നല്ലവണ്ണമുറപ്പിച്ചു ബന്ധിച്ചു.
അന്നേരത്തിങ്കൽസ്സാക്ഷിയതായിട്ടു
മന്ദശോഭമാം ദീപംതന്നേയുള്ളു"

(പാന)

"ശൈശവം നിന്മന്ദിരേ ഞാനൊരുകുറി പതിവി-
ല്ലാത്ത നേരത്തണഞ്ഞേൻ
ചോരൻ നീ ഖണ്ഡ്യനെന്നായ് ഭവതി മധുരമായ്
ച്ചൊല്ലി മെല്ലെത്തദാനീം.
പാരം മന്ദം വെളിച്ചത്തിലുമഥ വിതറും
മുല്ലമാല്യത്തിനാലെ
നേരേ കൈ കെട്ടുകെന്നുള്ളകപടമൊടു ദൃഢം
ഹന്ത! ബന്ധിച്ചു ചിത്തം.

(ചൂ. പ. മണി - കാത്തിക്കുട്ടൻ തമ്പുരാൻ)

ഈയടയാളവാക്യം, വാൽമീകിരാമായണത്തിലും, അദ്ധ്യാത്മരാമായണത്തിലും കാണുന്നില്ല. എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടിൽ ശ്രീരാമൻ ഹനുമാന്റെ കയ്യിൽ അംഗുലീയം കൊടുത്തിട്ടു് 'പിന്നെയടയാളവാക്കുമരുൾചെയ്തു' എന്നു കിഷ്കിന്ധാകാണ്ഡത്തിലും, ഹനുമാൻ സീതയെക്കണ്ടു സന്ദേശം പറയുന്ന

ഘട്ടത്തിൽ 'സ്പഷ്ടീ തവ മനസി ഗൂഢവിശ്വാസസിദ്ധയേ-സാരം ചൊന്നാനടയാളവാക്യവും':എന്നു സുന്ദരകാണ്ഡത്തിലും കാണുന്നുണ്ടെങ്കിലും ആയടയാളവാക്ക് എന്താണെന്നു പറയുന്നില്ല. അതുകൊണ്ടു ചൂഡാമണികാരനായ ശക്തിഭദ്രകവിയുടെ ബുദ്ധിവിലാസത്തെ നമ്മുടെ കവി പ്രകടിപ്പിച്ചതാണ് ഇതെന്നു സ്പഷ്ടമാകുന്നു.

(൩.) ഉദ്യാനഭഞ്ജനത്തിൽ ഉദ്യാനപാലന്മാരും, തോരണയുദ്ധത്തിൽ ശേഷിച്ച രാക്ഷസഭടന്മാരും രാവണസന്നിധിയിൽ ചെന്നു സങ്കടം പറയുന്നതിൽ അവരുടെ ഭയപാരവശ്യാദിവികാരങ്ങളെ സൂചിപ്പിക്കുന്ന ഫലിതപ്രയോഗങ്ങളും, ബീഭത്സഹാസ്യപ്രകടനങ്ങളും പ്രതാപലങ്കേശനായ രാവണന്റെ അന്തസ്സാരശൂന്യങ്ങളായ അഹങ്കാരജല്പനങ്ങളും, ലങ്കാദഹനാവസരത്തിൽ പട്ടണവാസികളുടെ പരിഭ്രമപ്രകാരങ്ങളും, രാക്ഷസസ്ത്രീകളുടെ ദീനപ്രലാപങ്ങളും മറ്റും ചാക്യാർകൂത്തിൽ ചിരപരിചിതനായ ഒരാൾക്കല്ലാതെ സാധാരണക്കാർക്ക് ഇത്ര സാരസ്യത്തോടും തന്മയത്വത്തോടുംകൂടി സാഹിത്യരംഗത്തിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇതിനൊക്കെ പ്രത്യേകം ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഈ ചെറിയ പ്രസ്താവനയെ വ്യഥാസ്ഥൂലമാക്കുന്നില്ല.

(൪.) മേൽപറഞ്ഞ സംഗതികൾക്കു പുറമെ രാമായണചമ്പു മുതലായ മറ്റു ഗ്രന്ഥങ്ങളിൽനിന്നും പല ഭാഗങ്ങളും പ്രകരണം അനുസരിച്ച് അവിടവിടെ ത

ൎണ്ണനചെയ്തു ചേൎത്തിട്ടും സന്ദൎഭവൈചിത്ര്യം വരുത്തിട്ടുണ്ടു്. സമുദ്രലംഘനം, ചന്ദ്രോദയവൎണ്ണനം, ഉദ്യാനവൎണ്ണനം മുതലായ ഘട്ടങ്ങൾ ഇതിനുദാഹരണമാകുന്നു.

എന്നാൽ ഇത്ര ദുൎല്ലഭങ്ങളായ പദാൎത്ഥങ്ങളൊക്കെ ശേഖരിച്ചു പാകംചെയ്തു വിളമ്പിത്തന്നിട്ടുള്ളതാണെങ്കിലും ആസ്വാദനാവസരത്തിൽ അതിനു തക്കവണ്ണമുള്ള സ്വാദ് ഇതിനു തീരെ മതിയായിക്കാണുന്നില്ല. കഷണം നന്നല്ലെങ്കിലും, ദേഹണ്ണക്കാരനു കൈപ്പുണ്യമുണ്ടെങ്കിൽ അവൻ പാകംചെയ്യുന്ന ഭക്ഷണപദാൎത്ഥങ്ങൾക്കു സ്വാദു പുറപ്പെടാതിരിക്കുന്നതല്ല. നമ്മുടെ ഗ്രന്ഥകാരനുള്ള ദോഷം ഇതുപോലെ ഒന്നാണ്. കൈപ്പുണ്യമുള്ള പാചകന്മാൎക്കെന്നപോലെതന്നെ വാസനയുള്ള കവികൾക്കേ ആസ്വാദ്യങ്ങളായ കാവ്യങ്ങളുണ്ടാക്കുവാൻ സാധിക്കുകയുള്ളു. ഇതുകൊണ്ടുതന്നെയാണ് —

"ശക്തിൎന്നിപുണതാ ലോകശാസ്ത്രകാവ്യാദ്യവേക്ഷണാൽ
കാവ്യജ്ഞശിക്ഷയാഭ്യാസ ഇതി ഹേതുസ്തദുത്ഭവേ!!" (

എന്നു സാഹിത്യശാസ്ത്രകാരന്മാർ സിദ്ധാന്തിച്ചിരിക്കുന്നത്. 'ലോകശാസ്ത്രകാവ്യാദ്യവേക്ഷണം' കൊണ്ടുണ്ടാകേണ്ടതായ 'നിപുണത' സിദ്ധിച്ചിട്ടുണ്ടെങ്കിലും, അദൃഷ്ടപദപദാൎത്ഥസ്ഫുരണഹേതുവായി കവിത്വബീജരൂപമായ 'ശക്തി' (വാസന) എന്ന ബുദ്ധിവിശേഷം നമ്മുടെ കവിക്കു കുറവാണെന്നു ഈ പാന വായിച്ചാൽ തോന്നാതിരിക്കയില്ല. സന്ദൎഭോചിതങ്ങളായ പദങ്ങൾക്കു് എ

വിടെ നോക്കിയാലും അത്രമാത്രം ക്ലിഷ്ടതയും ദാരിദ്ര്യവും കാണാവുന്നതാണ്. ചുരുക്കം പറയുന്നതായാൽ, ഇദ്ദേഹത്തിനു പഠിപ്പിനും പരിചയത്തിനും തക്കവണ്ണമുള്ള കവിതാവാസന പോരാ എന്നു സിദ്ധാന്തം.

അതിനാൽ മേലെഴുതിയ സംഗതികളെല്ലാം കൂടി ആലോചിച്ചുനോക്കുമ്പോൾ മഹാകവി കുഞ്ചൻനമ്പ്യാരുടെ വംശജന്മാരിൽ കവിയശഃപ്രാർത്ഥിയായ ആരോ ഒരാൾ ഉണ്ടാക്കിയതായിരിക്കാം ഇക്കൃതിയെന്ന് ഊഹിക്കാവുന്നതാണ്.

ഗ്രന്ഥകർത്തൃനിരൂപണത്തിൽ തന്നെ സാമാന്യമായും സമഷ്ടിയായും ഉള്ള ഒരു ഗ്രന്ഥവിമർശനവും കഴിഞ്ഞിരിക്കുന്നു.

കുഞ്ചൻനമ്പ്യാരുടെ കവിതാരീതി 'ഉജ്ജ്വലസരള'വും 'ധാരാവാഹി'യും ആണെങ്കിൽ പ്രകൃതഗ്രന്ഥമായ പാനയുടെ രീതി 'ദുർബല'വും 'ക്ലിഷ്ട'വുമാണ്. എങ്കിലും സാഹിത്യസാരനിഷ്ണാതന്മാരായ സഹൃദയന്മാർക്കു മാത്രം ലക്ഷീഭവിക്കുന്ന ഇത്തരം ദോഷങ്ങളൊന്നും തീരെ ഇല്ലാത്ത കൃതികൾ വളരെ ചുരുക്കമാകകൊണ്ടും, ഗ്രന്ഥപാരായണതല്പരന്മാരായ സാധാരണ ജനങ്ങൾക്കു രസാവഹമായിത്തീരാവുന്ന പല ഭാഗങ്ങളും ഇക്കൃതിയിൽ ധാരാളമുള്ളതുകൊണ്ടും, ഇതിങ്ങനെ ജനസമക്ഷം അവതരിപ്പിപ്പാൻ ഞങ്ങൾക്കു വളരെസ്സന്തോഷമുണ്ട്.

—∘—

തോരണയുദ്ധം.

പാന.

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

വാരണാനനൻ ദേവൻ ഗണേശ്വരൻ
വാരണം ചെയ്തുതള്ളണം വിഘ്നങ്ങൾ. 1
വാണീദേവിയുമെന്നുടെ നാവിന്മേൽ
വാണീടേണമതിനു വണങ്ങുന്നേൻ. 2
ഗുണമേറു മൊരെന്റെ ഗുരുജനം
പ്രണതപ്രിയദാനപരായണർ. 3
ഫണിഭൂഷണൻ ഭക്തിനാമൂർത്തിയും
തുണ ചെയ്തരുളീടേണമെപ്പോഴും. 4
ശുകനാരദദേവാദിസേവിതൻ
'ശുകമന്ദിരം' തന്നിൽ സദാകാലം. 5
സുഖമോടു വസിച്ചരുളും ശിവൻ
സുകവിതയെനിക്കു വരുത്തണം. 6
വാരണാരി പ്രണതപരൻ ജഗൽ-
കാരണൻ കമലാക്ഷൻ കലിഹരൻ. 7
ഭീഷണാസുര ഹന്താ യദുകുല-
ഭൂഷണൻ 'സുരവാഹിനീ'നാഥനും. 8

ഭൂസുരോത്തമന്മാരും ഉണ്ടാകേണം
'തോരണയുദ്ധം പാന' ചമക്കുവാൻ. 9
ഇക്കലികാലം തന്നിലുളവാകും
ദുഷ്ക്കൾക്കു ജനിക്കുന്ന പാപങ്ങൾ. 10
ഒക്കെയങ്ങു നശിക്കുവാനോർക്കുമ്പോ-
ളിക്കഥപോലെ മറ്റൊന്നു മില്ലല്ലോ. 11

എങ്കിലോ പണ്ടു മാരുതനന്ദനൻ
പങ്കജോത്ഭവസൂനുവാം ജാംബവാൻ. 12
തങ്കൽനിന്നു നിജാനന്ദനാകഥ
സങ്കോചിക്കാതെ ചെന്നു കേൾക്കയാൽ 13
ശാപമോക്ഷവും വന്നു, മനക്കാമ്പിൽ
കോപവും ബലമാഹാത്മ്യവും വർദ്ധിച്ചു. 14
ഋക്ഷവര്യനാം ജാംബവാനെക്കൂപ്പി
ദക്ഷിണാംബോധി ചാടിക്കടക്കുവാൻ. 15
ദക്ഷനാകും ഹനൂമാനൊരുമ്പെട്ടു
തൽക്ഷണമവിടന്നു പുറപ്പെട്ടു. 16
ഉന്നതമാം മഹേന്ദ്രശിഖരാഗ്രേ
ചെന്നു വേഗം കരയേറി മാരുതി. 17
മാരുതിയുടെ രൂപത്തെ വർണ്ണിപ്പാൻ
ആരും പോരാ ധരാതലംതന്നിൽ. 18
മേഘമാർഗ്ഗം കവിഞ്ഞു ഗമിക്കുന്ന
ദേഹരോമങ്ങൾ ചെന്നു തറക്കയാൽ 19
മേഘമെല്ലാം പിളർന്നിട്ടകാലത്തു
മേഘപുഷ്പം പതിക്കുന്നു ഭൂമിയിൽ. 20

മേഘനാദത്തെക്കാളും ഗംഭീരമാം
സിംഹനാദത്തെ കേട്ടു ഭയപ്പെട്ടു. 21
സിംഹമെന്നി മൃഗമിവയെല്ലാമന്നേ
മോഹിച്ചുർവ്വി പതിക്കുന്നു പാരാതെ. 22
വജ്രകർക്കശദംഷ്ട്രകൾ കാണുമ്പോൾ
വജ്രപാണിക്കു പോലും ഭയമുണ്ടാം. 23
പാരം നീണ്ടൊരു വാലും ശിരോഭാഗേ
പാരാതെ യിളക്കീടുന്നതു കണ്ടാൽ. 24
വാരിരാശിയെ ച്ചാടിക്കടക്കുവാൻ
പ്രേരിച്ചീടുകയോ യെന്നു തോന്നീടും. 25
ക്രോധംകൊണ്ടു കലങ്ങിമറിഞ്ഞീടും
ലോചനപ്രഭ രണ്ടു വഴിയായി. 26
വാരിരാശി കടന്നു ദശമുഖ-
ചാരുമന്ദിരേ ചെന്നു കാണുമ്പോൾ. 27
വാരിധിയിൽ ചിറ കെട്ടും രാഘവൻ
നേരെയെന്നു ചിന്തിച്ചുമുന്നമേ. 28
മാരുതിയതിനായൊരു സൂത്രത്തെ
ചാരെ നിർമ്മിക്കയൊ യെന്നു തോന്നിടും, 29
വീരൻ മാരുതപുത്രൻ മഹാബലൻ
ഘോരരൂപൻ മഹേന്ദ്ര ഗിരിമൂർദ്ധ്നി. 30
ധീരനാരോഹണം ചെയ്തു കിന്നര-
ചാരണാദി സകല സുരന്മാരെ. 31
ചാരുശീലൻ വണങ്ങി വഴിപോലെ
മാരുതനാകും താതനെയും കൂപ്പി. 32

മാനവംശേ മണിദീപനാകുന്ന
ജാനകീരമണൻെറ തിരുമേനി. 33
മാനസം തന്നിൽ ചേൎത്തുടനേ പവ_
മാനസൂനു കുതിച്ചങ്ങു ചാടിനാൻ. 34
വായുപുത്രനാച്ച കുതിച്ചുടൻ
വായുവേഗേന ചാടിഗ്ഗമിച്ചപ്പോൾ. 35
ക്ഷോണിയെല്ലാമിളകിയെന്നല്ലൊന്നു
താണുപോയി മഹേന്ദ്രശിഖരവും. 36
മദ്ധ്യേ തൻെറ ചടപ്പു തീൎത്തിടുവാ_
നത്രവന്നൊരു മൈനാകശൈലത്തെ 37
ജ്ജ്വലമാകും നിജോരസ്ഥലംകൊണ്ടു
മദ്ധ്യേ സിന്ധൗ പതിപ്പിച്ചു തൽക്ഷണം 38
സന്ധികളും തകൎന്നു പണിപ്പെട്ടു
സിന്ധുമദ്ധ്യത്തിൽ നിന്നെഴുന്നോരവൻ. 39
ബന്ധുരമായൊത്തീടെ രൂപമായ്
ഗന്ധവാഹസുതൻെറ മുമ്പിൽച്ചെന്നു 40
ഗന്ധവാഹതനൂജനന്നേരം
ബന്ധുവെന്നോൎത്തു ചൊന്നാനവനോട്. 41
"എങ്ങു നിന്നു വരുന്നു ഭവാനെന്നും
എങ്ങു പോകുന്നതെന്നു മുരചെയ്ക." 42
"വന്ദ്യനാകും വരുണൻെറ ഗിരകൊ_
ണ്ടിന്നു നിൻെറ ചടപ്പു തീൎത്തിടുവാൻ. 43
വന്നിടുമ്പോൾ ഭവാൻെറ മാറുകൊ_
ണ്ടൊന്നു തൊഴിതിരിഞ്ഞു മറിഞ്ഞു ഞാൻ 44

വാരിരാശിയിൽ വീണു വശംകെട്ടു
മാരുതാത്മജ! ചൊന്നതു സത്യമേ." 45
"അല്ലേ മൈനാക! നിന്നുടെ മാറുകൊ-
ണ്ടല്ലലങ്ങു കിമപി ഭവിച്ചിതോ?. 46
ജാനകീപതി രൂപം നിനച്ചങ്ങൊ-
ന്നാനന്ദിപ്പിട്ടിതൊന്നു മറിന്നില്ല. 47
നീരസം പുനരെന്നോടുണ്ടാകൊല്ലാ
നീരധീശനുമങ്ങുമൊരുനാളും 48
നീരധീശന്റെ സൽക്കാരമൊക്കെയും
ഭൂരിമോദം പരിഗ്രഹിച്ചീടണം 49
അധ്വശ്രാന്തി നമുക്കില്ല തെല്ലിപ്പോൾ
അത്ര സീതയെ കാണ്മാൻ പോകുന്നു. 50
എന്നാലങ്ങു സുഖേന ഗമിച്ചാലും"
എന്നു മൈനാകനോടു പറഞ്ഞുടൻ. 51
നന്ദിപൂണ്ടു നടന്നു ഹനൂമാനും
അന്നേരത്തു സുരവചനം കൊണ്ടു. 52
മായംകൂടാതെ കായം ഗ്രഹിപ്പാനായ്
മായയാലുള്ള നാഗജനനിയെ. 53
മായകൊണ്ടു ജയിച്ചു മഹാബലൻ
വായുവേഗമവിടുന്നു പോകുമ്പോൾ 54
മായാശാലിനി കായമാംസാശിനി
ഛായാഗ്രാഹിണി തോയാന്തചാരിണി 55
സിംഹികാഭിധരാക്ഷസി തന്നുടെ
ദേഹഛായ പിടിച്ചു വലിച്ചുടൻ 56
ക്ഷുത്തുഡാദി ശമിപ്പതിനായിട്ടു-

ഋക്ഷവീരനെ ബന്ധിച്ചു തൽക്ഷണം. 75
ക്രുദ്ധനായൊരു മാരുതി ദേഹത്തെ
വർദ്ധിപ്പിച്ചു കരഞ്ഞൊന്നു നേരം 58
ഗർഭമെന്നു നിനച്ചു നിശാചരി
അർഭകാലോകനോത്സുകയായപ്പോൾ 59
ഉഗ്രകോപനാം മാരുത നന്ദനൻ
ഉഗ്രമാകുന്ന തന്റെ നഖംകൊണ്ടു 60
ഗർഭമാശു പിളർന്നിട്ടവിടന്നു
വ്യഗ്രഹീനം കുതിച്ചുടൻ ചാടിനാൻ 61
രാമചന്ദ്രന്റെ ചാപ വിനിർമ്മുക്ത-
ബാണംപോലെ തടവതു കൂടാതെ 62
ലംഘിതാംബുധിയായൊരു മാരുതി
ലങ്കാവീഥികൾ ചെന്നു പതിച്ചിതു. 63
ഉള്ളവസ്തുന്റെ നാശത്തെ സൂചിക്കും
കൊള്ളിമീൻ വന്നു ചാടിയതുപോലെ. 64
ലങ്കാവാസികൾക്കന്നു തുടങ്ങീട്ടു
സങ്കടം വന്നു കൂടിയെന്നേ വേണ്ടു. 56
വിക്രമിയാം ഹനുമാനീ മന്ദിരേ
പുഷ്കരാക്ഷിയാം സീതയെ മാർഗ്ഗിപ്പാൻ 66
ശുദ്ധസഞ്ചാരം വേണ്ടിവരുമെന്നാൽ
ക്രുദ്ധശാലികലൻ താനിങ്ങനെ. 67
മൂഢനെപ്പോലെ നിന്നീടിൽ തന്നോടു
ഗാഢകോപം ഭവിക്കുമെന്നോർത്തിട്ടു 68
അർക്കനന്നേരമസ്തമിച്ചീടിനാ-

നൽക്കടാനന്ദം വന്നു ഹനൂമാനും, 69
ബ്രഹ്മശക്രാദി ദേവകളെല്ലാരും
നിർമ്മായമോരോ കർമ്മങ്ങളെക്കൊണ്ടു. 70
കർമ്മസാക്ഷികുലദീപരാമനെ
നന്മയോടു പ്രസാദിപ്പിച്ചിടുന്നു. 71
സൂര്യസൂനുവാം സുഗ്രീവനെ മുന്നം
സൂര്യവംശതിലകനാം രാമൻെറ 72
കാര്യസാദ്ധ്യെ നിയോഗിച്ചു രാമനു
ള്ളാനന്ദമുണ്ടാക്കി മാനസേ. 73
ശൗര്യനാകുന്ന താനൊന്നും ചെയ്യാഞ്ഞാൽ
ആര്യന്മാർതന്നെ നിന്ദിക്കുമെന്നോർത്തു്. 74
സീതാന്വേഷണം ചെയ്യാൻ പുറപ്പെട്ടു
മാതരിശ്വതനൂജന രാത്രിയിൽ. 75
നന്നായിട്ടൊരു ദീപികയായെന്നു
തോന്നുംവണ്ണം പ്രകാശിച്ചു ചന്ദ്രനും. 76
ചന്ദ്രബിംബെ മുദിച്ചതു കാൺകയാൽ
സാന്ദ്രമോദമുയർന്നൊരു മാരുതി 77
ശങ്കാഹീനമവിടുന്നു വേഗേന
ലങ്കാഗോപുരെ ചെന്നു കടന്നപ്പോൾ. 78
ലങ്കാലക്ഷ്മി നിശാചരി പോലെ ഭ-
യങ്കരമായ രൂപത്തെ കൈക്കൊണ്ടു 79
ലങ്കാഗോപുര വാതിലടച്ചുവാ-
നമ്പോടട്ടിശി ചെന്നു യദൃച്ഛയാ. 80
ഘോരരൂപനാം മാരുതിയെക്കണ്ടു

കേരള സാഹിത്യ അക്കാദമി

പാരം കോപേന ചൊന്നാളവളേവം. 81
“കാടകങ്ങളിലങ്ങുമിങ്ങുമെല്ലാം
ചാടിയോടി ത്തിമർത്തു നടക്കുന്ന 82
മൂഢ! മർക്കടകീടാ! പുറത്തോട്ടു
പോടാ, കൂടാ കടപ്പതിനിപ്പുരേ, 83
പേടി കൂടാതെ വന്നുകടന്നീടിൽ
താഡനം കൂട്ടു”മെന്നുരചെയ്തുടൻ 84
ഓടിച്ചെന്നവൾ ചൂരക്കോലുകൊണ്ടു
താഡിപ്പാൻ പുനരോങ്ങിയ നേരത്തു. 85
ദാരുണമായ കർമ്മത്തെക്കണ്ടിട്ടു
മാരുതിയുമുരചെയ്തു കോപേന. 86
“കാടകംതന്നിൽ വാഴുന്നോരെന്നുടെ
പാടവമെല്ലാമിന്നു നിനക്കു ഞാൻ 87
മൂഢേ! വേഗേന കാട്ടിത്തരുന്നുണ്ടു
വാടി നീചേ! നിശാചരി! പോരിന് 88
നിഷ്ഠുരമായ മുഷ്ടി മടക്കിനാൻ
പുഷ്ടകോപേന കുത്തിത്തകർത്തുടൻ. 89
ദുഷ്ടയാകുന്ന നിന്നുടെ ദേഹത്തെ
നഷ്ടമാക്കുവനിക്ഷണത്തിൽത്തന്നെ.” 90
എന്നുരചെയ്തു മാരുതി വേഗേന
ചെന്നവളെപ്പിടിച്ചു ഞെരുഞെരെ. 91
കൈപരത്തി കവിളത്തടിച്ചപ്പോൾ
കൈതവമായ രൂപമകന്നുപോയ് 92
ചേതോമോഹന മായയാം സ്ത്രീയുടെ

രൂപമായി പ്രകാശിച്ചു കണ്ടപ്പോൾ. 93
മാരുതാത്മജൻ ഭക്തിവിവശനായ്
മുന്നിന്നു വണങ്ങി സ്തുതിചെയ്തു. 94
“കല്യാണാലയേ! ദേവി! ദയാനിധേ!
ഭല്ലൂകാധമനായോരു ഞാനിപ്പോൾ 95
വല്ലാതെയോരോ വാക്കുകൾ ചൊന്നതും
ഫുല്ലലോചനേ! താഡനം ചെയ്തതും 96
എല്ലാമങ്ങു സഹിച്ചരുളീടണം
നല്ലമാർഗ്ഗം വരുത്തിത്തരണമേ! 97
എല്ലാദിക്കിലും രാക്ഷസരെക്കൊണ്ടു
നല്ലകർമ്മങ്ങളെല്ലാം വിരോധിച്ച് 98
നല്ല നല്ല ജനങ്ങൾക്കുമെപ്പോഴും
അല്ലലേകുന്ന രാവണൻ തന്നുടെ. 99
ഉല്ലാസംകൊണ്ടു പാർത്താൽ സുരപുരി-
ത്തുല്യയാകുന്ന ലങ്കാപുരിതന്നിൽ 100
തോലിക്കൂടാതെ ദേവി താനിങ്ങനെ
കല്യതയോടെ വാഴുന്നതെന്നു ഞാൻ- 101
തെല്ലുപോലു മറിഞ്ഞീലതുകൊണ്ടു
വല്ലാതെയെല്ലാം വന്നുവെന്നേ വേണ്ടു.”
“അല്ലേ ഭല്ലൂകപുംഗവ! മാരുതേ!
ചൊല്ലാമെന്നുടെ വൃത്താന്തം കേട്ടാലും 103
ധർമ്മഹീനമാമിപ്പുരേ ദുഃഖിച്ചു
ബ്രഹ്മശാസനംകൊണ്ടു ഞാൻ വാഴുന്നു. 104
കർമ്മമാർക്കാനുമുണ്ടോ തടുക്കാവൂ

നിഷ്ഫലാത്മാവേ! വീര! മഹാബല! 107
എന്നൊരിക്കലൊരു കപിപുംഗവൻ
വന്നടനൊന്നു താഡനം ചെയ്യുന്നു? 109
അന്നവിടന്നു പോയാലു മെന്നേവം
ബ്രഹ്മദേവനരുൾ ചെയ്തു കാരണം. 167
ഇന്നു നീയെന്നെ താഡിച്ചതു കൊണ്ടു്
എന്നുമപ്രിയമില്ലാ സുഖമായി. 108
ശക്രതുല്യപരാക്രമനാകിലും
ശത്രുമന്ദിരം തന്നിൽ കടക്കുമ്പോൾ 109
ഗോപുരത്തിങ്കൽ കൂടെയെന്നാകിലോ
ഒരു പത്തുണ്ടൊരുത്തമെന്നറിഞ്ഞാലും. 110
എന്നാലിന്നു മതിലു കടന്നു നീ
മന്ദമെന്നിയേ മന്ദിരേ ചെന്നാലും. 111
സുന്ദരാംഗിയാം ജാനകീദേവിയെ
ഇന്നുതന്നെ നീ കാണും ഗമിച്ചാലും.” 112
എന്നരുൾചെയ്തു ദേവി പുറത്താട്ടു
പോന്നനേരം ഹനുമാനും ദേവിയെ. 113
വന്ദനംചെയ്തു വൃന്ദാരകജനാ-
വൃന്ദത്താലുമലംഘ്യമായിടുന്ന 114
ലങ്കാമന്ദിരത്തിന്നുള്ളിലൊട്ടുമേ
ശങ്കിയാതെ കടന്നു ചെന്നുടൻ 115
ഊർജ്ജിതമായ തന്നുടെ രൂപത്തെ
മാർജ്ജാരാകാരം പോലെ ചെറുതാക്കി. 116
ഊർജ്ജിതാശയനപ്പുരി സത്വരം
മാർഗ്ഗണം ചെയ്തു മൈഥിലിദേവിയെ. 117

ശില്പിശാലകളൂറാം വിശാലയാം
വാജിശാലയും പാനീയശാലയും. 118
നാടകശാല, ഭോജനശാലകൾ,
യന്ത്രശാലകൾ, ചന്ദ്രശാലകളും. 119
എന്നിവയോരോ ദിക്കിലതൊക്കെയും
ചെന്നവനീസുതയെ തിരഞ്ഞുടൻ. 120
ലീലാശൈലങ്ങളെന്നല്ല കനകമു-
ഞ്ഞാലസ്ഥലമെന്യേ, ചെന്നാലവിടെയും. 121
താപംകൂടാതെ വാഴ്‌വൊരുമംഗജ-
താപമാർന്നു രസിച്ചു രമിക്കുന്നു. 122
വാപി നല്ല തടാകമിവകളിൽ
ലോപം കൂടാതെ ചെന്നു തിരഞ്ഞവൻ. 123
ഭൂപപത്നിയെ കാണാഞ്ഞു പിന്നെയും
താപമാർന്നു തിരഞ്ഞു പലേടവും. 124
കുംഭൻ, പിന്നെ നികുംഭൻ, മഹാകുംഭൻ
കുംഭകർണ്ണനും, ഡംഭമുള്ള ഡിംഭനും. 125
വമ്പനാകുമകമ്പൻ, ബലികളിൽ
മുമ്പനാകുമതികായൻ, വജ്രനും, 126
സേനാനാഥൻ പ്രഹസ്തൻ മഹാബലൻ
മാനശാലിയാമിന്ദ്രജി, ത്തക്ഷനും, 127
എന്നിവചില രാത്രിഞ്ചരരുടെ
മന്ദിരേ ചെന്നു നോക്കിയെന്നല്ലവൻ. 128
മന്ദമെന്നിയേ മാരുതനന്ദനൻ.
അന്നുതന്നെ യെഴുനൂറു യോജന 129
വിസ്താരമുള്ള ലങ്കയിലൊക്കെയും

സ്വസ്ഥനെപ്പോലെ സഞ്ചരിച്ചീടിനാൻ. 130
എന്തിനേറെ പറയുന്ന തിങ്ങനെ?
ചന്തമേറിനോരന്തഃപുരത്തിലും. 131
അന്തരായം വരാതെ തിരഞ്ഞിട്ടും
ഇന്ദിരാമിനി ദേവിയെ കാണാഞ്ഞു് 132
അന്തസ്സ്വരൂപം കലർന്നിടമെത്രയും
കാന്തമാകും ദശാസ്യഗൃഹത്തിന്റെ 133
അന്തർഭാഗത്തു ചെന്നു കടന്നപ്പോ-
ളന്തികേ കണ്ടാനകതരുണിയെ. 134
പന്തൊക്കും മുലയാളാമവളുടെ
കാന്തികണ്ടാലനംഗന്റെ പത്നിയും. 135
ഹന്ത! റാണിക്ക മായവളെക്കണ്ടു
ചിന്തചെയ്തു പവമാനനന്ദനൻ. 136
പ്പന്തേൻ വാണിയാം ജാനകി തന്നെയോ
സന്തോഷിച്ചിഹ സൌധ വസിക്കുന്നു? 137
എന്തുസംഗതി സീതാ ദശാസ്യന്റെ
അന്തികത്തിങ്കലെന്നോർത്തു സൂക്ഷിച്ചു. 138
കിന്തു വൈധവ്യലക്ഷണം കാൺകയാൽ
സ്വാന്തേ ജാനകിയല്ലെന്നോർച്ചുടൻ. 139
അന്തർമ്മോദമവിടന്നു പോന്നുടൻ
ഗന്ധവാഹതനുജനനാകുലം. 140
നല്ലനല്ലോരു വൃക്ഷങ്ങളെക്കൊണ്ടു്
ഉല്ലസിച്ചോരശോകവനികയിൽ. 141
ചെന്നുവേഗം കടന്നപ്പോളന്തികേ
വന്നു വീണിതു നല്ല കുസുമങ്ങൾ. 142

ഉദ്യാനമിതു ഞെങ്ങിക്കുമ്പോളെന്നെ
ഉദ്ദേജിപ്പിക്കുമെന്നു നിനക്കയാൽ 143
ഉദ്യൽക്ലേശമിയന്നോരു വൃക്ഷങ്ങൾ
ഹൃദ്യദിതമാം തങ്ങടെ ദുഃഖത്തെ 144
സത്യമൂവ ധരിപ്പിപ്പതിന്നായി
ഹൃദ്യപുഷ്പമാം ഭൂതനികരത്തെ 145
പ്രേരണം ചെയ്തു കൊണ്ടു കുസുമങ്ങൾ
മാരുതാത്മജൻതന്റെ പദാന്തികേ 146
വന്നു വീണു വണങ്ങുകയോ എന്നു
തോന്നുമാറുണ്ടു കാണുന്നവർക്കെല്ലാം. 147
വൃക്ഷകോടരം തന്നിലിരിക്കുന്ന
പക്ഷിവൃന്ദങ്ങൾ മാരുതിയെക്കണ്ടു. 148
പാരമൈകുതൂഹലം പൂണ്ടവർ പുന-
രാരവഘോഷമെന്നോരു കൈതവാൽ. 149
വീര! മാരുതേ! കിംസുഖമോയെന്നു
ചാരു ചോദിക്കയോ എന്നു തോന്നിടും. 150
ഇങ്ങനെയുള്ളോരുദ്യാനത്തിങ്കലെ
ഭംഗിചൊൽവാനനന്തനും വൈഷമ്യം. 151
തുംഗമായോരു വൃക്ഷങ്ങളിലെല്ലാം
അംഗാരപ്രഭ പോലെ തുടുതുടെ. 152
ഭംഗിചേർന്നു വിളങ്ങുന്ന പുഷ്പങ്ങൾ
അങ്ങുകണ്ടു മദിച്ചു നദിച്ചോരു. 153
ഭൃംഗഭൃംഗികളൊന്നിച്ചിടകൂടി
ഭംഗമെങ്ങും പറന്നു നടക്കുന്നു. 154
ഭംഗംകൂടാതെ മാധ്വീപാനം ചെയ്വാൻ

ഭൃംഗമോരേന കേചന ഭൃംഗങ്ങൾ. 155
അംഗാരപ്രഭ ചേർന്നൊരു പുഷ്പങ്ങളിൽ
തിങ്ങിയങ്ങു വിളങ്ങുന്നതു കണ്ടാൽ. 156
കത്താൻ ഭാവിച്ചോരഗ്നിയുടെ മുമ്പിൽ
പ്രത്യുദിതമാം ധൂമമെന്നു തോന്നും. 157
കോകിലങ്ങളതിന്റെ ദലങ്ങളെ
ശോകമെന്നിയേ ദംശിച്ചു മോദിച്ചു. 158
ശുകന്മാരങ്ങതിമോദമായോരു-
രാഗത്തെത്രയും ചിത്രമുപവനം. 159
രാജഹംസങ്ങളുണ്ടൊരു ദിശി.
രാജമാനമായ് കാണുന്നൊരു ദിശി. 160
ഇക്കാണുന്നൊരു വൃക്ഷകിസലയം
രക്തമങ്ങു മുകുളനിറംപിന്നെ 161
മുത്തുരത്നങ്ങൾ, പുഷ്പങ്ങൾ കൊമ്പുകൾ
പത്രമാറാതുള്ളൊരു കാനനം 162
വിദ്രുമങ്ങളീ വൃക്ഷഫലമെന്നാൽ
സപദ്മങ്ങളിവയെന്നു നിർണ്ണയം. 163
എത്രകാഴ്ചമെനിക്കിത്തരങ്ങൾ ക-
ണ്ടന്ധനായിട്ടുഴന്നുനിന്നാലിഹ? 164
ആശരേന്ദ്രപുരോപവനം തന്നിൽ
ശിംശപാമൂലേ വാഴുന്നു ജാനകി. 165
എന്നല്ലോ മുന്നം സമ്പാതിചൊന്നതു്
എന്നാലേതൊരു ദിക്കിലാശ്ശിംശപാ. 166
എന്നുനോക്കി നടക്കുമ്പോൾ തന്നുടെ
മുന്നിലാമ്മാറു കാണായി ശിംശപാ. 167

ആയതു കണ്ടു വായു സുതൻ തന്റെ
വായുംപൊത്തി പിന്നയത്തൊടു കൂടി. 168
ആയതാക്ഷിയാം സീതയെ കാണുവാൻ
ആയതിന്റെ സമീപദിശി ചെന്നു. 169
പുഷ്കരാക്ഷിയാം സീതയുമന്നേരം
പുഷ്കരിണിയിൽ പോയതുകാരണം. 170
തൽക്ഷണം രഘുരാജപ്രിയയുടെ
വീക്ഷണത്തിനവകാശം വന്നില്ല. 171
സീതാദേവിയെ കാണാഞ്ഞു മാരുതി
ചേതോബോധം വെടിഞ്ഞു മഹീതലേ 172
വീണുകേണു പണിപ്പെട്ടെഴുന്നേറ്റു
ക്ഷോണിതന്നിലിവനു വിചാരിച്ചു. 173
എന്തു സംഗതി സമ്പ്രതി ദേവിയെ
ഹന്ത! കാണാത്തതിപ്രദേശത്തിങ്കൽ 174
ദുഷ്ടനാകുന്ന രാവണൻ തന്നുടെ
ഇഷ്ടമൊട്ടു മനുസരിക്കാത്തവൾ. 175
രുഷ്ടനായിട്ടു പെട്ടന്നു ദേവിയെ
കഷ്ടംവെട്ടിക്കൊല ചെയ്തുവോ പിന്നെ 176
രാമചന്ദ്രനെ ച്ചിന്തിച്ചു ചിന്തിച്ചു
കാമപീഡസഹിയാഞ്ഞു സാഹസാൽ 177
എന്നാലോചനാ ജാനകി താൻതന്നെ
പ്രാണത്യാഗമതു തന്നെ ചെയ്തുവോ. 178
വല്ലതെങ്കിലുമിന്നു ഞാനന്റവം
ഉല്ലംഘിച്ചതു ഹന്ത! വൃഥാതന്നെ. 179

ദേവീവിശ്വാസത്തിന്നായിക്കൊണ്ടു
ദേവൻ തന്നോരു രത്നാംഗുലീയത്തെ 180
കൊണ്ടൽവേണിയാം സീതയെ കാണാഞ്ഞു
കൊണ്ടു ചെന്നു കൊടുക്കുന്നു നേരത്തു. 181
എന്തെന്നാദ്യോട്ടുണർത്തിക്ക വേണ്ടു ഞാൻ
എന്തെന്നാകിലുമപ്പോഴേ രാഘവൻ 182
സന്താപംകൊണ്ടു തന്നുടെ ദേഹത്തെ
ഹന്ത! ഹന്ത!! നശിപ്പിക്കും നിർണ്ണയം. 183
അന്നേരംതന്നെ സുഗ്രീവനാദിയാം
വൃന്ദമൊക്കെയും ലക്ഷ്മണനാദിയാം. 184
ഭ്രാതാക്കന്മാരും മാതാക്കന്മാരു മ-
ആതങ്കാഗ്നിയിൽ വീണു നശിച്ചുപോം. 185
എന്നതിനെല്ലാമിന്നു ഞാൻ ഹേതുവായ്
വന്നുവല്ലോ ശിവ! ശിവ!! ദൈവമേ. 186
എന്നെപ്പോലെ മഹാപാപിയായിട്ടി-
മന്നിടത്തിലൊരുവനു മില്ലഹോ! 187
എന്നാലെന്നുടെ ജീവിതമായതു-
മിന്നുതന്നെ നശിപ്പിക്കുന്നുണ്ടു ഞാൻ 188
എന്നു ചിന്തിച്ചു മാരുതി മേവുമ്പോൾ
ഒന്നിളകി വലഭാഗമൊക്കയും. 189
ദക്ഷിണഭാഗമെല്ലാ മിളകുവാ-
നിക്ഷണത്തിങ്കലെന്തൊരവകാശം. 190
പക്ഷ്മളാക്ഷിയാം സീതാദേവിയുടെ
വീക്ഷണമിന്നു സാധിക്കുമെന്നാലേ. 191
രാക്ഷസാധമനാകുന്ന രാവണൻ

ത്ര്യക്ഷനാകിലും വൈദേഹിതന്നുടെ. 192
പാതിവ്രത്യപ്രഭാവംകൊണ്ടെന്നുമേ
ചെയ്യക്കൂടാ മഹാവീരനാകിലും. 193
മാനശാലിയാം രാമനെച്ചിന്തിച്ചു
താനേപ്രാണൻ കളകയുമില്ല. 194
വാരിരാശികടന്നു ഞാനിപ്പുരേ
ഭൂരിയത്നത്തെച്ചെയ്തതും വേഗേന. 195

ചാരുഗാത്രിയാം സീതയെക്കണ്ടുടൻ
പാരമിന്നു സഫലമാകുന്നുണ്ടു്. 196

അത്രയല്ല; ഞാൻ ചിത്രദിനം കൊണ്ടു
മിത്രവംശതിലകനാം രാമന്റെ. 197
നേത്രഗോചരം പ്രാപിച്ചു വൈദേഹി-
വാർത്തയെല്ലാമുണർത്തിക്കും നേരത്തു്. 198
ചീർത്ത സന്തോഷത്തോടെന്നെ മാറത്തു
ചേർത്തു ഗാഢമായാലിംഗനം ചെയ്യും. 199
പാർത്താലിപ്പോളിതിൽ പരമെന്തൊന്നു
മൂർത്തിമാന്മാർക്കു സാധിപ്പാനുള്ളതു്? 200
പാർത്തലം തന്നിലെല്ലാടവും തന്റെ
കീർത്തിചെന്നു പരന്നിടുമപ്പോഴേ. 201
‘വാരിരാശി കടന്നു മിടുക്കനാം
മാരുതേ! തവ വിക്രമമോർക്കുമ്പോൾ. 202
ആരുമില്ലാ ഭവാനോടെതിരെ’ന്നു
കാരണോത്തമാവു രാമനരുൾ ചെയ്യും. 203
എന്നാലിന്നിയൊരിക്കൽക്കൂടെച്ചെന്നു

കഞ്ജനേർമിഴിയാളെ ത്തിരയണം. 204
എന്നുറച്ചിട്ടവിടെന്നെഴുന്നോരു
നിന്ന നേരത്തു കണ്ടിതു സീതതയെ. 205
കൃഷ്ണപക്ഷത്തിലെച്ചന്ദ്രനെപ്പോലെ
കൃഷ്ണസാരനയനയാം ദേവീടെ. 206
ദേഹമിപ്പോളുണങ്ങിനമെത്രയും
ഹാഹാ പാരം കൃശമായിക്കാണുന്നു 207
വല്ലഭനോടു വേർപെട്ടാൽ സ്ത്രീകൾക്ക-
ല്ലൽ തീപ്പ്തിന്നാരാനുമുണ്ടാമോ? 208
വിദ്രുമാധരിയാകുന്ന സീതയെ
നിദ്രപോലും വെടിഞ്ഞുപോയ കാലം. 209
കുഞ്ജരേന്ദ്രഗമനയാം സീതടെ
കഞ്ജപത്രവിലാസം കലർന്നോരു 210
മഞ്ജുനേത്രയുഗളമതിൽനിന്നു്
അഞ്ജസാ പതിച്ചീടുന്ന തോയമാം 211
മഞ്ഞുകൊണ്ടു മുഖാംബുജമെത്രയും
മന്ദശോഭമാക്കുന്നു വിധിവശാൽ. 212
അററമില്ലാതെയുള്ള പുലിക്കൂട്ടം
ചുററും വന്നു നിറഞ്ഞാലതിന്മദ്ധ്യേ. 213
ഉററവരെയും കാണാഞ്ഞു പേടിച്ചു
ചൊററുഴലുന്ന മാൻപേടയെപ്പോലെ. 214
രാക്ഷസീമദ്ധ്യേ വാഴുന്ന സീതയെ
വീക്ഷണംചെയ്തു മാരുതി തൽക്ഷണം. 215
പേർത്തുദുഃഖിച്ചു രാക്ഷസനാശമെ-

ങ്ങോൎത്തുപിന്നെ പ്രമോദിക്കയും ചെയ്തു. 216
ദേവീസന്നിധൌ ചെല്ലാനവസരം
കേവലമവലോകനവും ചെയ്തു. 217
ശിംശപാവൃക്ഷത്തിന്മേൽ കരേറി
കീശവീരൻ വസിച്ചു സുഖാസ്യം. 218
അപ്പോളുള്ള ദശമുഖനാകട്ടെ
ചിൽപുരുഷനാം രാഘവൻ തന്നുടെ 219
ഉൽപലാക്ഷിയാം പത്നീടെ രൂപത്തെ
ഉൾപ്പൂവിങ്കൽ നിനച്ചതു കാരണം. 220
ഉല്ലലാസ്യനാം മന്മഥൻ താനപ്പോ-
ളിപ്പൊഴുണ്ടാമവസരമെന്നോൎത്തു 221
ഉൾക്കമലം പിളരാനൊരു വജ്ര-
കല്പമായുള്ള ബാണം പ്രയോഗിച്ചു. 222
മന്ദമാരുതൻ സൂചിമുനപോലെ
ചെന്നു മാറിടം തന്നിൽ താങ്ങുന്നു. 223
ചന്ദനം പനിനീരിവയോരോന്ന-
ങ്ങന്നു തീക്കനലെന്നതുപോലെയായ്. 224
ചന്ദ്രൻതന്നുടെ ചൂടതു ചിന്തിച്ചാൽ
ചണ്ഡഭാനുവിനേറും തണുപ്പന്നു, 225
ചന്ദ്രഹാസമെടുത്തു പുറപ്പെട്ടാൽ
ചന്ദ്രനോടെന്തു കൂടന്നിതക്കാലം? 226
ദന്തിഗാമിനിയാകുന്ന സീതയെ
ചിന്തചെയ്തിട്ടുറക്കവുമില്ലൊട്ടും 227
കത്തിക്കാളുന്ന തീയിലങ്ങാജ്യത്തെ
വീഴ്ത്തിയാലതുപോലെ ക്ഷണംപ്രതി. 228

ചിത്തജാർത്തി മുഴുത്തൊരു രാവണൻ
സ്വസ്ഥനല്ലാതെ തീർന്നു ക്ഷണംകൊണ്ട് 229
കാമപീഡ സഹിയാഞ്ഞു രാത്രിയിൽ
കോമളമാം ശയനമുപേക്ഷിച്ച്. 230
കാമിനീകുലമൌലിയാം സീതയെ
കാണ്മാനായിപ്പുറപ്പെട്ടു രാവണൻ. 231
അത്യുദാരമാം രത്നങ്ങളെക്കൊണ്ടു
ചിത്തകൌതുകമേറ്റം വളർത്തുന്ന 232
പുത്തനായ കിരീടങ്ങളെക്കൊണ്ട്
ഉത്തമാംഗമലംകരിച്ചീടിനാൻ. 233
കുണ്ഡലഭൂഷണംകൊണ്ടു വഴിപോലെ
പൂർണ്ണശോഭമതാക്കി കവിൾത്തടം. 234
നല്ലനല്ല തരിവളകൾ കൊണ്ടു-
ല്ലസിപ്പിച്ചു ബാഹുക്കളൊക്കയും. 235
മോതിരങ്ങളെക്കൊണ്ടു വിരലുകൾ
ജാതശോഭകളാക്കി ദശാനനൻ. 236
ഏട്ടുപത്തു മുഴമുള്ള നല്ലൊരു
പട്ടടിയോളം ഞൊറിയുടുത്തുടൻ 237
പുഷ്പശോഭമാം കാഞ്ചിയതിൻ മീതെ
കെട്ടിനന്നായുറപ്പിച്ചു രാവണൻ. 238
കൂട്ടു കൂട്ടിയ ചന്ദനം വക്ഷസി
വാട്ടംകൂടാതെ തേച്ചു മുഴക്കവേ. 239
വട്ടമിട്ടു കുറഞ്ഞുപോയെന്നൊരു
കോട്ടമെങ്ങും ഭവിക്കരുതെന്നോർത്തു. 240
പെട്ടകങ്ങൾ തുറക്കുമ്പോൾ കാന്തികൊ-

ണ്ടെട്ടരിക്കും ജ്വലിപ്പിക്കും മാലകൾ 241
ഇഷ്ടമോടു മെടഞ്ഞു മാറില–
ങ്ങിട്ട ഹാരം തെളിഞ്ഞു ദശാനനൻ. 242
ഫാലദേശത്തു നല്ല തിലകവും
ലീലയോടു വിചിത്രമായ് നിർമ്മിച്ചു. 243
കാലംവൈകാതെ താംബൂലവും തിന്നു
ചാലവേ നല്ല കണ്ണാടിയും നോക്കി. 244
കന്ദർപ്പനോടു തുല്യൻ ഞാനിന്നിപ്പോ–
ളൊന്നുകൊണ്ടും കുറവില്ല പാർക്കുമ്പോൾ. 245
ഇന്നു നമ്മുടെ രൂപത്തെക്കാണുമ്പോ–
ളൊന്നിളകിച്ചമയും ജനകജാ. 246
എന്നാലെന്റെ മനോരഥമൊക്കെയും
ഇന്നുതന്നെ വിരവോടു സാധിക്കും. 247
എന്നാലൊന്നു വിശേഷിച്ചു വേണമി–
ന്നങ്ങു ചെല്ലുമ്പോൾ സീതക്കു നൽകുവാൻ. 248
'നന്നായിട്ടുള്ള പട്ടുകൾ രത്നങ്ങൾ
എന്നിവയെല്ലാം കൊണ്ടുനടന്നാലും'. 249
എന്നുരചെയ്തു ദാസന്മാരോടുടൻ
കന്ദർപ്പാർത്തി മുഴുത്തൊരു രാവണൻ. 250
മന്ദമങ്ങു പുറപ്പെട്ടപ്പോൾ സുര–
സുന്ദരിമാരവരെല്ലാം പിന്നാലേ. 251
ആലവട്ടം പിടിച്ചിട്ടൊരു സുര–
നാരി, മറ്റൊരു ദേവനിതംബിനി. 252
കാമപീഡിതനായ ദശാസ്യനെ
ചാമരംകൊണ്ടു വീശുന്നു സാദരം. 253

ഏകപിന്നെപ്പനിനീരിട്ടുകൊണ്ടു
സേകംചെയ്യുന്നു രാവണവക്ഷസി. 254
മാൎഗ്ഗമമ്പോടടിക്കുന്നിതു ചിലർ
മാൎജ്ജിച്ചീടും തളിക്കുന്നിതു ചിലർ. 255
പാപിതന്നുടെ മുമ്പിൽ നടന്നിട്ടു
ദീപമങ്ങു പിടിക്കുന്നിതു ചിലർ. 256
മറ്റൊരുത്തി കുടപിടിച്ചുടനെ
കുറ്റമെന്നിയേ മുമ്പിൽ നടക്കുന്നു. 257
അറ്റമില്ലാതമറ്റുള്ളോരെല്ലാരും
ചുറ്റുമങ്ങു നടന്നു പുകഴ്ത്തുന്നു. 258
മാനശാലിയാം രാവണനിങ്ങനെ
യാനംചെയ്തിതു രാത്രിനേരത്തു. 259
മീനകേതന ബാണാതുരൻ ദേവ-
മാനിനികളെ നിൎത്തി ബഹിൎഭാഗേ. 260
ജാനകീദേവി മേവുന്നൊരസ്ഥാനേ
താനേ തന്നെ നടന്നങ്ങു ചെന്നപ്പോൾ. 261
ജാനകിയുമതുകണ്ടു പേടിച്ചു
മാനസാൎത്തി മുഴുക്കയാലപ്പോൾ. 262
ആനനമതു താഴ്ത്തി വിവശയായ്
മൌനമാലംബിച്ചങ്ങു മരുവിനാൾ. 263
മാരമാലു സഹിയാഞ്ഞു ദേവിയോ-
ടോരോന്നങ്ങു ചെയ്യുമിവൻ നൂനം. 264
ആയതൊക്കയും ചെന്നങ്ങുണൎത്തിച്ചാൽ
ആയതാക്കുന്നാം സ്വാമികളുടനേ. 265
വായുപുത്രനാമെങ്കൽ തിരുവുള്ളം

ആയതുകൊണ്ടുതന്നെ ഭവിച്ചീടും 266
എന്നു ചിന്തിച്ചു രാവണവാക്കുകൾ
ഒന്നൊഴിയാതെ കേൾക്കുവാനായിട്ട്. 267
സാരൻമാരുതപുത്രൻ മഹീരുഹ-
കോടരേ മറഞ്ഞങ്ങു വസിച്ചിതു. 268
ദേവപ്രീതി കരമായൊരു യാഗ
പാവനയാകും ത്രേതാഗ്നികളുടെ. 269
അന്തികത്തിങ്കൽ ശ്വാവെന്നതുപോലെ
ദന്തിഗാമിനിയാകുന്ന സീതയുടെ. 270
അന്തികത്തിങ്കൽ ചെന്നു ദശാനനൻ
ചന്തമോടിദമേവമുരചെയ്തു:— 271
“പന്തൊക്കും മുലയാളേ! ജനകജേ!
സന്തോഷിക്കണമെങ്കൽ നീ സാമ്പ്രതം. 272
പൂന്തേൻവാണി! ഞാനെത്രനാളായ്നിന്റെ
പന്തൊക്കും മുല ചേർത്തൊന്നു പുൽകുവാൻ. 273
ചിന്തചെയ്തുവസിക്കുന്നേനിതി-
നെന്തുവൈഷമ്യമെന്നു പറഞ്ഞാലും. 274
എന്തെന്നാകിലുമെന്നോടുരചെയ്താ-
ലന്തരമതിനില്ലെന്നറിഞ്ഞാലും. 275
ഹന്ത! നിന്നുടെ വൈമുഖ്യം കാൺകയാൽ
സന്താപാഗ്നിയിൽ വീണുഴലുന്നു ഞാൻ. 276
വെന്തുവെന്തു ഹൃദയമുരുകുന്നു.
ബന്ധൂകാധരി! ചൊന്നതു സത്യമേ. 277
കാന്തനാകുന്ന രാമനെച്ചിന്തിച്ചി-
ട്ടെന്തിനിങ്ങനേ ദുഃഖിച്ചു ദുഃഖിച്ചു. 278

യൌവനകാലം പാഴിൽ കളയുന്നു?
ഭവ്യശീലേ! ജനകതനൂജേ! നീ. 279
ദിവ്യസുന്ദരിമാർ മൌലരത്നമാം
ക്രവ്യാദേശനാമെന്നോടു ചേൎന്നു നീ. 280
ദിവ്യഭോഗങ്ങളെല്ലാമനുഭവി-
ച്ചവ്യയാനന്ദമിങ്ങു വസിച്ചാലും. 281
നാടുമെല്ലാം വെടിഞ്ഞുടനേ കൊടും-
കാടകംപുക്കു കാട്ടാളനെപ്പോലെ. 282
ചാടിയോടി നടക്കുന്ന രാമനു
കൂടമായിവിടെക്കു വന്നീടുവാൻ? 283
ദേവദാനവഭൂപാലന്മാരെല്ലാം
കേവലമൊരുമിച്ചിങ്ങു വന്നാലും 284
രാവണാലയം തന്നിൽ കടക്കുവാ-
നേവനെങ്കിലുമിന്നു പരാധീനം. 285
പേടമാൻമിഴി! ജാനകി! മാനുഷ-
കീടനാകുന്ന രാമനെന്തു പിന്നെ. 286
എന്നതുകൊണ്ടു രാമാനുരാഗമൊന്നു
ഇന്നു തന്നെ വെടിഞ്ഞാലും വൈദേഹി! 287
കല്പകവല്ലി കാഞ്ഞിരംചേൎന്നിടിൽ
സ്വല്പം ശോഭിക്കയില്ലെന്നതുകൊണ്ടു 288
ലോകസുന്ദരി! ജാനകി! നീയിപ്പോൾ
ലോകനാഥനാമെന്നോടൊരുമിച്ചു 289
ശോകംതീൎന്നു വസിച്ചാലുമന്നേരം
ശോഭയുണ്ടാകുമേറ്റം നിനക്കെടോ! 290

ലക്ഷ്മീനായകൻമാനിച്ചുവേൾക്കയാൽ
ലക്ഷ്മീദേവിയെന്നെല്ലാജ്ജനങ്ങളും 291
വാഴ്ത്തുന്നില്ലയോ നിത്യം കമലയേ?
പാർത്ഥിവാത്മജേ! നീയുമതുപോലെ 292
വീരനാകുന്നൊരെന്നുടെ വക്ഷസി
സ്വൈരമായി വിഹരിച്ചുനല്ലൊരു 293
ഭൂരികീർത്തിക്കിരിപ്പതിന്നായൊരു
ചാരുപാത്രമതായിട്ടിരിക്കെടോ! 294
എത്ര സൗമ്യമിതെന്നോടുകൂടിയാൽ
വൃത്രവൈരിയും വന്നു വണങ്ങിടും. 295
അത്രയല്ലാ, ശചീദേവിയാദിയാം
വൃത്രവൈരിപുരസ്ത്രീകളെല്ലാരും 296
ഒത്തു വന്നു നിൻ പാദശുശ്രൂഷണം
നിത്യമാദരവോടവർ ചെയ്തിടും. 297
മത്തകാശിനിമാരിലങ്ങേറവും
ഉത്തമയായ മണ്ഡോദരിതാനും 298
ഉത്തമാംഗവും താഴ്ത്തി നിന്റെ ദാസീ-
കൃത്യമെല്ലാമനുഷ്ഠിച്ചു പാർത്തിടും 299
കുന്ദമന്ദാരവൃന്ദകരവിന്ദ-
സുന്ദരമായ നന്ദനമാം വനേ 300
ചെന്നിരുന്നു തണുത്തെന്നെയുള്ളൊരു
മന്ദവായുവുമേറ്റു സുഖമായി 301
ഒന്നിച്ചങ്ങനെ തത്ര വിഹരിപ്പാൻ
ഇന്നു കിഞ്ചന മോഹമുണ്ടാകിലോ 302

4 •

വിത്താധീശനമിങ്ങു വശനല്ലോ
മത്തകാശിനി! മുന്നം ഞാൻ ക്രുദ്ധിച്ചു 803
വിത്താധീശന്റെ പത്തനേ ചെന്നപ്പോൾ
ബദ്ധരോഷനായായവനുമായി 804
യുദ്ധം ചെയ്തപ്പോളോടീ ധനാധിപൻ
ശുദ്ധസൈനികത്തോടു ഞാനപ്പുരി- 805
മദ്ധ്യേ ചെന്നു കടന്നൊരുനേരത്തു്
ഉമ്പരുണ്ടു നിധികളവിടത്തിൽ 806
കമ്പഹീനമായ് സൂക്ഷിച്ചിരിക്കുന്നു.
ഉമ്പതിനേയും കത്തിയെടുത്തുകൊ- 807
ണ്ടമ്പിനോടിങ്ങു കൊണ്ടുപോരുന്നനാഥം
വമ്പനാകുന്ന ശംഖനിധിതമ്പതും 808
നിൻപ്രേമോത്ഭമതൊന്നിനായിക്കൊണ്ടു
ഇമ്പമോടു തരാമെന്നുരചെയ്തു 809
തമ്പരാംബുജേ വച്ചിതുരാവണൻ.
ഇന്ദ്രൻ പണ്ടു കൊടുത്തയച്ചിട്ടുള്ള 810
ഇന്ദ്രനീലമണികളിതൊക്കയും
ഇന്നുതന്നെ നിനക്കു തരുന്നതൊ- 811
ന്നെന്നുരചെയ്തു നൽകീ ദശാനനൻ.
ഇന്നു നമ്മെക്കുറിച്ചു പ്രസാദിക്കിൽ 812
ഇന്നിയൊന്നു നൽകുവൻ ജാനകി!
എന്നുരചെയ്തു സുന്ദരമായൊരു 813
മന്ദാരമാല നൽകീ ദശാനനൻ
ഭീതനായ വചനനാലുത്തമാം 814

ചേതോരമ്യമാംരത്നമിവയെല്ലാം
സീതേ! കണ്ടാലുമിവകനിന്നുടെ 815
ചേതോഹാരിയാം രാഘവൻ നൽകുമോ?
ഉന്നതസ്തനി! ജാനകി! ഞാൻ മുന്നം 816
പന്നഗലോകേ ചെന്നു കടന്നപ്പോൾ
പന്നഗവരന്മാരെല്ലാമൊന്നിച്ചു 817
തങ്ങടെശിരോഭൂഷണമായോരു
മാണിക്യം കൂടെത്തന്നാരതും ശുക- 818
വാണി! ഞാൻ നിനക്കായിട്ടു നൽകുന്നു.
വിദ്രുമാധരി! വിദ്രുമരത്നവും 819
മത്തകാശിനി! മുത്തുമണികളും
പത്മലോചനേ! പത്മരാഗങ്ങളും 820
മരതകം കൂടാതെ മറ്റും പലവിധം
പട്ടുനല്ല വളകളും കാതില- 821
ക്കൂട്ടംനല്ലോരു കൈകമോതിരങ്ങളും
കട്ടമിഞ്ചുമടിക്കാതെ നിന്നുടെ 822
ഇഷ്ടമാകുന്നതൊക്കയും നൽകുവൻ.
വീണവാണി! ജനകജേ! മന്മഥ- 823
ബാണമേറ്റു വലഞ്ഞൊരെനിക്കിപ്പോൾ
കാണിനേരം ക്ഷമിപ്പാനെളുതല്ലാ 824
പ്രാണൻ പോകാൻ ഇടങ്ങുന്നു വൈദേഹി!
ഏണലോചനേ! മാനിയാം ഞാനിതാ 825
നാണം കൂടാതെ നിൻപദപങ്കജേ
വീണു താണു വണങ്ങുന്നു നിയ്യെന്നെ 826

ത്രാണം ചെയ്യേണമൊന്നിങ്ങുനോക്കീട്ട്
പണ്ടു കണ്ണുമടച്ചു ചിരം ശിതി- 327
കണ്ഠനെത്തപം ചെയ്തു ഭഗവാനെ
കണ്ടനേരം ഭഗവതിയെക്കൂടെ 328
കണ്ടുദേവനോടൊന്നിച്ചുള്ളനേരം
നാരിമാരുടെ കാക്കൽ വണങ്ങിയാൽ 329
വീരതയ്ക്കു കുറവുണ്ടെന്നോർത്തു ഞാൻ
സർവ്വലോക ജനനിയെന്നാകിലും 330
ശർവ്വാര്യയെക്കൂടെ വണങ്ങീലാ.
"എന്തു രാവണ! നിന്നുടെ ചിന്തിതം 331
എന്തെന്നാകിലുമിന്നു പറഞ്ഞാലും"
അന്തകാരി പുരാന്തകനിങ്ങനെ 332
സന്തോഷിച്ചുരചെയ്തോരു നേരത്തു
യാചിച്ചില്ലല്ലോ ഘോരാസ്ത്രമെന്നോർത്തു 333
യാചിച്ചീലാവരങ്ങളെ ഞാനൊന്നും
ദേവൻതന്നെ വിചാരിച്ചു നമ്മുടെ 334
ഭാവമെല്ലാമറിഞ്ഞു വരം നൽകി
അത്ര വീരനാം ഞാനിന്നു നിന്നുടെ 335
എത്രയും ബദ്ധമോദമായോരു
നേത്രംകൊണ്ടെന്നെ നോക്കണമെന്നു 336
മാത്രമൊന്നിങ്ങിരക്കുന്നു ജാനകി!"
ഏവമോരോന്നുരചെയ്തു രാവണൻ 337
ദേവീപാദേ നമസ്കരിച്ചീടിനാൻ.
ഭംഗി ചേർന്ന ദശാനനതമാം 338

ഇംഗശോകലന്നൊരു വസ്തുവിൽ
അംഗനാമണിക്കാശയില്ലെന്നല്ല. 839
ഭംഗം ചെമ്പകവൃക്ഷമെന്നപോലെ,
കാണും നേരത്തു പേടിയും നിന്ദയും 840
നാണവുമുണ്ടു നേത്രമടയ്ക്കുന്നു.
അത്ര്യമല്ല രാവണൻ കാക്കൽവ- 841
ന്നത്തലോടെ നമിച്ചൊരു നേരത്തു
അല്പം കോപിച്ചൊരു പുല്ലെടുത്തുതൻ 842
മുൻഭാഗേവച്ചുരചെയ്തു മൈഥിലി:-
"അല്ലേ പുല്ലേ! ധരിക്ക നീ നമ്മുടെ 843
വല്ലഭന്റെ പരാക്രമമിപ്പൊഴേ.
വില്ലുമിവിടെന്നെന്റെ വരൻ നിന്നെ 844
കൊല്ലുമെന്നല്ലാ നിന്റെ കുലമെല്ലാം
കൊന്നൊടുക്കുമതിന്നൊരു സംശയം 845
വന്നുപോകയുമില്ലെന്നറിഞ്ഞാലും.
സുന്ദരാംഗനാമെന്നുടെ കാന്തനോ- 846
ടെന്നു കോപിച്ചു പല്ലുകടിച്ചു നീ
ചെന്നാലൊന്നും ഫലിക്കയുമില്ലയെ- 847
ന്നിന്നു തന്നേ ധരിച്ചു ഖലപ്രഭോ!
ജീവിതത്തിൽ കൊതിയുണ്ടെന്നാകിലെൻ 848
ജീവിതേശന്റെ പാദസരോരുഹേ
നാണം കൂടാതെ ചെന്നു ശരണമായ് 849
വീണുകൊൾക ശമിക്ക ഖലാശയ!"
ഏവമുള്ളാധിക്ഷേപവാക്കുകൾ 850

കേവലം കേട്ടു കോപിച്ചെഴുന്നോരു
രാവണൻസതിമാരിൽപ്രധാനിയാം 851
ദേവിയെക്കൊല ചെയ്യുവാനായിട്ടു
ചന്ദ്രഹാസമെടുത്തോങ്ങിക്കൊ- 852
ണ്ടൊന്നു വെട്ടുവാൻ ഭാവിച്ചു ദേവിയെ.
അയ്യോ! പാപം! ശിവ! ശിവ! യെന്തൊന്നു 852
ചെയ്യുവാൻ ഭാവം കാമാതുരന്മാർക്ക്?
തൽക്ഷണം തത്ര മണ്ഡോദരി ചെന്നു 854
രൂക്ഷകർമ്മത്തെ ചെയ്യാൻ തുടർന്നപ്പോൾ
പാണിപത്മം പിടിച്ചു വിരോധിച്ചു 855
നാണിച്ചുപോയി രാവണനന്നേരം.
രോഷധീശവശനായെന്നാകിലും 856
ദോഷഹീനയാം മണ്ഡോദരിതന്നെ
ഭാഷണംചെയ്തു രാവണൻ തന്നുടെ 857
രോഷമൊക്കെയും തീർത്തു ശമിപ്പിച്ചു.
യോഷാരത്നമാം മണ്ഡോദരി പോയ 858
ശേഷമാശ് ബോധനാകുന്ന രാവണൻ
ദോഷചാരിണിമാരെ വിളിച്ചുടൻ 859
ഘോഷിപ്പിച്ചങ്ങനെ കല്പിക്കയും ചെയ്തു.
“എന്തുചെയ്തിട്ടും നിങ്ങളിസ്സീതയെ- 860
സ്സന്തോഷിപ്പിച്ചുവേണമതിനായി
നാലുപായങ്ങൾകൊണ്ടും പരീക്ഷിപ്പിൻ 861
നാലുകൊണ്ടും വശത്താകയില്ലെങ്കിൽ
നാളീകാക്ഷിയെ വെട്ടിക്കറിവെച്ചു 862

നാളെക്കാലത്തടുക്കളതന്നിലെ
പ്രാതൽക്കായിട്ടു കൊണ്ടുവരേണ''മെ- 863
ന്നേവം കല്പിച്ചു രാവണനും പോയി.
ശയ്യാമന്ദിരം തന്നിലകംപുക്കു 864
ശയ്യാരോഹണം ചെയ്തു ശയിച്ചിതു.
അന്നേരത്തിങ്കൽ സീതതൻസന്നിധൌ 865
ചെന്നിതൊന്നിച്ചു പത്തുനൂറായിരം
രാക്ഷസീജനം വെവ്വേറെ വെവ്വേറെ 866
രൂക്ഷവാക്കുകളോരോന്നുരചെയ്തു:—.
"സൌമ്യവരാനനേ! നമ്മുടെ 267
സ്വാമിയോടൊരുമിച്ചു സദാകാലം
കാമമെല്ലാമനുഭവിച്ചെത്രയും 868
ആമോദിച്ചാലു''മെന്നൊരു രാക്ഷസി.
"കോമളാംഗി! ദശാനനൻതന്നുടെ 869
പ്രേമമുണ്ടായാലെന്തൊന്നുദുർല്ലഭം?
സ്വാമിയോടൊരുമിച്ചു രമിക്കനിൻ 870
കാമിതങ്ങളെ നൽകീടു''മെന്നേകാ.
"നാകനാഥനെക്കൂടെ ജയിച്ചൊരു 871
ലോകവീരനാം രാവണൻതന്നുടെ
വാക്കുകേൾക്കാതെ ധിക്കാരമായോരോ 872
വാക്കു ചൊൽകിലധുനൈവനിന്നുടെ
നാക്കറുക്കുവതിന്നു തരിമ്പൊരു 873
നീക്കമില്ലെ''ന്നൊരു നിശാചാരിണി.
മറ്റൊരു രജനീചാരിയന്നേരം 874

ചെറ്റു കോപിച്ചുരചെയ്തു രൂക്ഷമായ്
"അഷ്ടദിക്പാലന്മാരും വണങ്ങുന്ന 875
വിഷ്ടപാധീശനാകും ദശാസ്യന്റെ
ഇഷ്ടമായതു ചെയ്യാഞ്ഞാലിപ്പൊഴേ 876
വെട്ടുകൊള്ളുമതിനില്ല സംശയം".
ഇത്ഥമോരോന്നു ചൊല്ലുന്ന രാക്ഷസീ- 877
സാർത്ഥത്തോടുരചെയ്തു ത്രിജടയും.
"ഇപ്രകാരമിവളോടു നിങ്ങളി- 878
ന്നപ്രിയവചനങ്ങൾ കഥിക്കൊലാ.
ശോകസാഗരമഗ്നമനസ്സോടും 879
ആകുലപ്പെട്ടുറങ്ങിഞാനന്നേരം
സ്വപ്നമാഹന്ത! കണ്ടേൻമഹാത്ഭുതം 880
അപ്രമേയനാം രാമനും തമ്പിയും
ദേവരാജഗജോപരി വന്നിഹ 881
പാവകനായ് സമർപ്പിച്ചു ലങ്കയെ
രാവണനെ കൊലചെയ്തവൻതന്റെ 882
പാവനമായ ലങ്കാനഗരവും
ഭക്തനായ വിഭീഷണനാക്കൊണ്ടു 883
മുക്തശങ്കം കൊടുത്തു ജിതശ്രമം
പത്നിയേയും മടിയിൽ വെച്ചാദരാൽ 884
യത്നംകൂടാതയോദ്ധ്യാപുരം പുക്കാൻ
ഭഗ്നശീർഷനാം രാവണനഞ്ജസാ 885
നഗ്നനായിട്ടു തൈലാഭിഷിക്തനായ്
ഉത്തമാംഗേ നളമാല്യം ധരി- 886

ച്ചുത്തലോടേ സപുത്രസചിവനായ്
ഗോമയമാം മഹാഹ്രദം തന്നില- 387
ത്താമയപ്പെട്ടുഴലുന്ന മഗ്നനായ്
രാജ്യരക്ഷണം ചെയ്തു വിഭീഷണൻ 388
പൂജ്യനായിഹ വാഴുന്നതും കണ്ടു
എന്നതുകൊണ്ടു നിങ്ങളെല്ലാവരും 389
മന്നവൻറെ മഹിഷിയാം സീതയെ
ഉൾപ്രേമമോടേന സൂക്ഷിച്ചുകൊള്ളുവിൻ 390
ക്ഷിപ്രമെല്ലാം കുശലമിനി മേലിൽ"
ഇപ്രകാരം ത്രിജടാവചസ്സു കേ- 391
ട്ടപ്രിയാഹതയിതി കലങ്ങാർ
ശോകചിന്താവിവശമാരാശ- 392
സ്ത്രീകരാം തത്ര കിടന്നുറങ്ങും വിടയര
രാക്ഷസികളുണർന്നാലവർ പിന്നെ 393
കാൽക്ഷണം പോലും താമസിച്ചീടാതെ
എന്നെയപ്പോൾ കൊല ചെയ്യുമെന്നോർത്തു 394
കുന്നൽനേർമിഴി ജാനകി ളുഗിയാം
ശോകസാഗരേ വീണു മുഴുകയാൽ 395
ആകുലപ്പെട്ടുഴന്നോരു ദേവിക്കു
ജീവിതേശവിരഹം സഹിയാഞ്ഞു 396
ജീവിതാഗ്രഹമില്ലെന്നതാകിലും
ജീവിതേശപുരത്തിങ്കലേക്കായി 397
ദേവി താൻതന്നെ യാത്ര പുറപ്പെട്ടു.
വൃക്ഷകോടരേ മേവുന്ന മാരുതി 398

തൽക്ഷണമതു കണ്ടു വിവശനായ്
ശിക്ഷ ചെയ്തോരു രാമായണം കഥാ 399
ദക്ഷവീരനരുൾചെയ്തു സാദരം
“സൂര്യവംശതിലകനാം രാഘവൻ 400
കാര്യമാനുഷൻ തന്നുടെ താതന്റെ
ആര്യമായൊരു ശാസനം കൈക്കൊണ്ടു 401
ഭാര്യയോടു മനുജനോടും കൂടി
പുഷ്ടകൌതുകം ഗോദാവരീതീരേ 402
ദുഷ്ടന്മാരെയും കൊന്നുകൊന്നങ്ങനെ
എട്ടുദിക്കിനുമീശൻ രഘുവരൻ 403
ഇഷ്ടനായി വസിക്കുന്ന കാലത്തു
ദുഷ്ടനാകുന്ന രാവണൻ സീതയെ 404
കട്ടു കൊണ്ടുപോയദ്ദിക്കിൽ ചെന്നിട്ടു
ധൃഷ്ടനാകിലും രാമനന്നേരം 405
കഷ്ടം! കഷ്ടം!! മൈഥിലിയെക്കാണാഞ്ഞു
നഷ്ടചേഷ്ടനായ്മോഹിച്ചു വീണുപോ- 406
യൊട്ടു ചെന്നപ്പോൾ ബോധവുമുണ്ടായി
ലക്ഷ്മണന്റെ കരകമലം പിടി- 407
ച്ചുത്ഥാനം ചെയ്തു മന്ദം പുറപ്പെട്ടു.
പക്ഷ്മളാക്ഷി മൈഥിലിയെയും തിര- 407
ഞ്ഞു തളരലോടേ നടന്നു വനംതോറും
പമ്പാതീരത്തു സഞ്ചരിക്കുന്നേരം 409
പങ്കജാക്ഷനേ! ചെന്നു വണങ്ങി ഞാൻ
സുഗ്രീവനോടു സഖ്യവും ചെയ്തുട- 410

നുഗ്രനാകുന്ന ബാലിയേയും കൊന്നു.
സുഗ്രീവനു കപികുലരാജ്യമ- 411
ങ്ങൊക്കെയും നൽകി രാമൻ ദയാനിധി.
നീലകാർവേണി! ദേവി! ഭവതിയെ 412
നിങ്ങളെയങ്ങു തിരഞ്ഞു വന്നീടുവാൻ
നീലാദികളാം വാനരന്മാരെ 413
നാലുദിക്കിലും നൂറുനൂറായിരം
വാനരേന്ദ്രനാം സുഗ്രീവൻ കല്പിച്ചു. 414
ഞാനതിലേകനെന്നു ധരിച്ചാലും
വായുപുത്രൻ ഹനുമാനെന്നെന്നുടെ 415
നാമധേയമറിക ജനകജേ!
ദീനരക്ഷാപരായണനാകുന്ന 416
ഭാനുവംശതിലകനാം രാമന്റെ
ശ്രീപാദത്താണ, ജാനകി നീ വൃഥാ 417
പ്രാണത്യാഗത്തെ ചെയ്യൊല്ല ചെയ്യൊല്ല”
എന്നു ദേവകൾ തന്നെ മറഞ്ഞെന്നെ 418
സ്സന്തോഷിപ്പിപ്പാനായും കഥിക്കയോ?
എന്നിയേ യിതു രാക്ഷസമായയോ? 419
എന്നു ശങ്കിച്ചുഴന്നു ജനകജാ
“ശങ്ക വേണ്ടാ, മനുകുലദീപനാം 420
പങ്കജാക്ഷനാം രാമന്റെ ദൂതൻ ഞാൻ”
“എങ്കിലിങ്ങു വരിക ഹനുമാനേ! 421
ശങ്കിച്ചങ്ങു മറഞ്ഞിരിക്കേണ്ട നീ”
എന്നതു കേട്ടു മാരുതി സന്നിധൌ 422

കേരള സാഹിത്യ അക്കാദമി

ചെന്നു മന്ദം പ്രദക്ഷിണവും വച്ചു
കാൽക്കൽ വീണു നമിച്ചപ്പോൾ സീതയ്ക്കു 423
ദുഃഖമൊക്കെയും നീങ്ങിസ്സുഖമായി.
“അല്ലേ മാരുതേ! നിസ്തുലചേഷ്ടോര 424
വല്ലഭന്റെ കഥയാമമൃതിനെ
പാനം ചെയ്കയാലെന്നുടെ മാനസ 425
ത്തിനാനന്ദം ബഹു സഞ്ജാതം സഞ്ജാതം”
എന്നരുൾചെയ്തു ജാനകി മേവുമ്പോൾ 426
അംഗുലീയവും നൽകി കപിവീരൻ.
അംഗുലീയകം മേടിച്ചു കണ്ടപ്പോ- 427
ളംഗനാമണിയാകുമാസ്സീതടെ
അംഗം തന്നിലുളവായി രോമാഞ്ചം 428
തുംഗമായീതനംഗന്റെ താപവും
എന്നു വാനരശ്രേഷ്ഠാ ഞാനാശ്വപുത്രനോ- 429
ടൊന്നിച്ചുണ്ടു മരുവുന്നതെന്നോർത്തു
വന്ന ശോകംകൊണ്ടൊന്നും കഥിക്കാതെ 430
മൌനമായിട്ടിരുന്നാൾ കുറഞ്ഞൊന്നു
ദീനഭാവം മറച്ചു കപിയോടു 431
ജാനകിയരുൾ ചെയ്തിതു പിന്നെയും.
“അംഗുലീയകം കണ്ടനേരം രഘു- 432
പുംഗവന്റെ പരിരംഭണം പോലെ
ഇന്നു സന്തോഷമുണ്ടായി മാരുതേ! 433
മംഗലശീല! വീര! മഹാബല!
ഇന്ദ്രിയതന്ത്രമുണ്ടോ വിശേഷിച്ചു 434

മന്നവേന്ദ്രനരുൾചെയ്തയച്ചിട്ട്
ഉണ്ടെന്നാകിൽ. കഥിച്ചാലുമൊക്കയും 435
മിണ്ടാതെ നീയിരിക്കേണ്ടാ ശങ്കിച്ച്”
എന്നു ദേവി കഥിച്ചീടിലും മാരുതി 436
നന്നായ്ശങ്കിച്ചു ശങ്കിച്ചു ശങ്കിച്ചു
“മുന്നം നാമതൊരുമിച്ചയോദ്ധ്യയിൽ 437
മന്മഥാധീനന്മാരായി മേവുമ്പോൾ
അന്നൊരുദിനം മുല്ലനെല്ലുശ്രുഷി- 438
ച്ചങ്ങനെ നിന്നു പോയി ഞാൻ രാത്രിയിൽ
എന്നതുകൊണ്ടു ജാനകിതന്നുടെ 439
മന്ദിരത്തിങ്കലന്നു വരുവാനായ്
ഒന്നു വൈകീ നമുക്കതുകൊണ്ടപ്പോൾ 440
സുന്ദരാംഗി! നീ കിഞ്ചന കോപിച്ചു
മല്ലികാമാലകൊണ്ടെന്റെ ബാഹുക്കൾ 440
നല്ലവണ്ണമുറപ്പിച്ചു ബന്ധിച്ചു
അന്നൊരത്തിങ്കൽ സാക്ഷിയതായിട്ടു 442
മന്ദശോഭമാം ദീപംതന്നെയുള്ളു.
ഏവം ദേവനടയാളവാക്കുകൾ 443
ദേവിയോടുണർത്തിപ്പാനതും ചെയ്തു.”
മാരുതാത്മജൻ തന്റെ ഗൂഢവായ 445
ഭാരതി കേട്ടതും ചെയ്തു മൈഥിലി.
“പണ്ടു നമ്മുടെ വല്ലഭൻ ശൈവമാം 446
കണ്ഠഭാവമകന്നോരു കാർമ്മുകം
രണ്ടായിട്ടു മുറിച്ചു ദിനത്തന്നാൾ 447

ഉണ്ടായോരു സുഖമതു മിന്നിപ്പോ-
ളുണ്ടായോരു സുഖമതു മൊന്നിച്ചു 447
രണ്ടും കൂടി വിചാരിക്കും നേരത്തു
പണ്ടത്തേതിൽ സഹസ്രം മടങ്ങിപ്പോൾ 448
ഉണ്ടായി സുഖമെന്നേ പറയാവൂ
ഉരികല്പപനാകൃതിമിംഗില- 449
പൂരിതമായിപ്പാരമഗാധമായ്
തുംഗമാം തിരമാലകളെക്കൊണ്ടു 450
തിങ്ങിപ്പൊങ്ങി വരുന്ന സമുദ്രത്തെ
എങ്ങനെ നീ കടന്നതുമിട്ടികിൽ 451
വന്നതും ബഹുവിസ്മയം വിസ്മയം”
“എന്നാലായതു കേൾക്കെ”ന്നർത്ഥിച്ചു 452
നന്ദിയോടെ കഥിച്ചു ഹനൂമാനും.
“ദേവശാസനം കൈക്കൊണ്ടു കീശന്മാർ 453
ദേവിയെത്തിരഞ്ഞു പുറപ്പെട്ടു
ദക്ഷിണദിക്കിലന്വേഷിച്ചങ്ങനെ 454
ദക്ഷിണാംബോധിതീരത്തു വന്നപ്പോൾ
സ്വാമി ചൊന്ന ദിവസം കഴികയാൽ 455
സ്വാമികോപാകൽനിന്നേറം ഭയപ്പെട്ടു.
കീശന്മാരുടൻ പ്രാണൻ കളയുവാ- 456
നാളു പ്രായോപവേശനം ചെയ്തിതു.
പ്രാണനാശം വരാഞ്ഞിട്ടു ഞങ്ങടെ 457
പാപനാശം വരുത്തുവാനായിട്ടു
കോമളമായ രാമായണം കഥാ 458

ധീമാനാകുന്ന ജാംബവാൻ വർണ്ണിച്ചു
പത്രിനാഥനാം സമ്പാതി തൽക്ഷണം 459
തത്ര വന്നു കേൾക്ക നിമിത്തമായ്
പത്രമുണ്ടായിട്ടത്രയും മേല്പോട്ടു 460
ബഹുദൂരോളം പറന്നു പോയപ്പോൾ
ഇപ്രദേശത്തു ദുഃഖിച്ചിരിക്കുന്ന 461
പൃഥ്വീകന്യേ! ഭവതിയെ കണ്ടവൻ
അഴൽ പൂണ്ടു വസിക്കുന്ന ഞങ്ങളോ- 462
ടൊക്കെ വന്നു പറഞ്ഞു നിൻ വൃത്താന്തം
അപ്പോൾ തന്നെ സമുദ്രത്തെ ച്ചാടിഞാൻ 463
ത്വൽപദാംബുജം വന്നു വണങ്ങിനേൻ"
ഇത്ഥമുദ്രാംഗുലീയമേകിച്ചു മാരുതി 464
ഇത്ഥം സ്വവിക്രമമൊന്നും കഥിച്ചീലാ.
"ഇനിയെത്ര നാളത്രെവ ദുഃഖിച്ചു 465
വസിക്കേണ്ടു ഞാനെന്നെടെ മാരുതേ!"
"അല്ലലേറ്റു ധരിച്ചാലും വൈദേഹി! 466
മതി വിഭ്രമമെല്ലാം ത്യജിച്ചാലും
രണ്ടു നാലു ദിനത്തിനകം ദശ- 467
കണ്ഠനെ കൊലചെയ്തു ഭവതിയെ
* - - - - - - - - - - - വന്ദിച്ചു. 468
സന്ദേഹം വെടിഞ്ഞിന്നിവം ചാടി ഞാൻ
അക്കരെ ച്ചെന്നു മർക്കടവീരന്മാ- 469
രൊക്കെയൊന്നിച്ചു കൂടി പ്പുറപ്പെട്ടു
അർക്കവംശമണിയാകും രാമന്റെ 470

കാക്കൽ വീണു വണങ്ങീട്ടിവിടത്തെ
ഇക്കഥകളുണർത്തിക്കുന്നോരത്തു 471
ഉൾക്കമലം തണുത്തു രഘുവരൻ
സംഖ്യ കൂടാതെ വന്നു നിറഞ്ഞൊരു 472
സുഗ്രീവാദി കപികളോടൊന്നിച്ചു
വല്ല യത്നത്തെ ചെയ്തിട്ടും സാഗരം 473
ഉല്ലംഘിച്ചിഹ വന്നു കടന്നുടൻ
സ്വർല്ലോകത്തോടു തുല്യമായിട്ടിപ്പോ- 474
ളുല്ലസിക്കുന്ന നല്ല പുരമിതു
എല്ലാം തച്ചു തകർത്തു കളഞ്ഞുടൻ 475
മല്ലുകവരന്മാരെല്ലാമൊന്നിച്ചു
തെല്ലും സന്ദേഹം കൂടാതെ കോപിച്ചു 476
ചെല്ലും രാക്ഷസരോടു പൊരുതുവാൻ.
എന്തിനേറെ പ്പറയുന്നു രാക്ഷസ- 477
സംഘമെല്ലാമിവിടന്നൊഴിച്ചുടൻ
അന്തകാലയം തന്നിലകംപൂക്ക 478
സന്തോഷിച്ചു വസിക്ക മനുജനാം
വില്ലാളിവീരൻ രാമൻതിരുവടി 479
വില്ലും കരതിക്കഴിയെക്കുലച്ചുടൻ
കൂർത്തു മൂർത്ത ശരങ്ങളും പ്രയോഗിച്ചു 480
ധൂർത്തനായ ദശാസ്യനേയും കൊന്നു
കീർത്തിയോടെ ഭവതിയേയും കൊണ്ടു 481
പാർത്ഥിവോത്തമൻ പോകുമിവിടുന്നു.”
“എന്നാലാശു ഗമിക്കു പവമാന- 482

നന്ദന! നീ യിച്ചൂഡാമണി കൂടെ
കൊണ്ടുപോയി കൊടുത്തീടണമിതു 483
കണ്ടാലെൻപ്രിയനാനന്ദമുണ്ടാകും."
എന്നതു കേട്ട നേരം സമീരണ- 484
നന്ദനൻ തൊഴുതാദരവും മേടിച്ചു
യാത്രയുമായിട്ടൊരുമ്പെട്ട ദേവിടെ 485
കാക്കൽ വീണു നമിച്ചൊരു നേരത്തു
നിന്നനേരം ജനകജ ചൊല്ലിനാൾ 486
"നന്ദന! ശൃണു വാക്യമിദം മമ
നിങ്കൽ വിശ്വാസവും ബഹുമാനവും 487
പങ്കജാക്ഷനാമെൻപതിയ്ക്കുണ്ടാവാൻ
ഇന്നു ചൊല്ലാമടയാളവാക്യവും 488
ചെന്നു കണ്ടു പറഞ്ഞറിയിക്ക നീ
പണ്ടു ചിത്രകൂടാചലം തന്നില- 489
ങ്ങിണ്ടലെന്യെ വസിക്കുമ്പോളേകദാ
ആമിഷഖണ്ഡമാതപേ വച്ചു ഞാൻ 490
പ്രേമമുൾക്കൊണ്ടു കാത്തിരിയ്ക്കും വിധൗ
ഉത്തമാംഗം മമ മടിയിൽ വച്ചു- 491
ങ്ങുത്തരകോസലേശനുറങ്ങുമ്പോൾ
നാകനായകപുത്രൻ ജയന്തനും 492
കാകരൂപം ധരിച്ചു വന്നങ്ങു സാ
ചണ്ഡമായുള്ള മാംസജാലങ്ങളെ 493
ഇച്ഛകൊണ്ടവൻ കൊത്തി മുഹുർമ്മുഹു:
ഭക്ഷിപ്പാനെന്നു ചിന്തിച്ചു പാഷാണ- 494

പ്രക്ഷേപം ചെയ്തു ഞാനതു കൊണ്ടവൻ
ഉഗ്രമായ നഖാഗ്രങ്ങളെക്കൊണ്ടു 495
വിഗ്രഹം തന്നിൽ കീറി കപിതനായ്
പ്രാണനാഥനന്നെന്റെ നോക്കുമ്പോൾ 496
ശോണിതം മമ മേനിയിൽ കാൺകയാൽ
ഹസ്തപത്മത്തിലകം തൃണമെടു- 497
ത്തസ്ത്രമന്ത്രം ജപിച്ചയച്ചീടിനാൻ
തണ്ടുതപ്പിയാമൈന്ദ്രിയും തൽക്ഷണേ 498
മണ്ടിയങ്ങു വലഞ്ഞു വശംകെട്ടു
ദേവരാജഗിരീശവിധികളു- 499
ലേവരാലുമേ രക്ഷിയാഞ്ഞക്ഷണം
'പാഹി മാം രഘുനാഥ! കൃപാനിധേ! 500
ദേഹി മഹ്യമഭയ'മെന്നിതി
പാദപത്മം ശരണമായ് പ്രാപിച്ചു 501
രോദനം ചെയ്തുകാരണം രാഘവൻ
'സായകം മമ നിഷ്ഫലമാകയി- 502
ല്ലായതുകൊണ്ടു ലോചന മൊന്നുപോം'
എന്നതാൽചെയ്തയച്ചു ജയന്തനെ 503
മന്നവന്റെ കൃപാബലമീദൃശം."
ഇത്ഥം കേട്ടു നമിച്ചു പവമാന- 504
പുത്രൻ പോവാനായ്ക്കൊണ്ടു തുനിഞ്ഞപ്പോൾ
"അല്ലേ മാരുതേ! വേഗേന പോയാലും 505
നല്ലവണ്ണം വരട്ടേ നിനക്കെല്ലാം."
സീതാനുഗ്രഹമേവം ലഭിച്ചാശു 506

മാതരിശ്വതനൂജൻ മഹാബലൻ.
ജാതാനന്ദം പുറപ്പെട്ടു നേരത്തു 507
ചേതസ്സിങ്കലിവണ്ണം വിചാരിച്ചു.
ഗൂഢമായിട്ടു ഞാനിഹ വന്നതും 508
രൂഢമായി വരും നാളെ കാലത്തു
പ്രൌഢദർപ്പം കലർന്നോരു രാക്ഷസർ 509
ഗാഢമെന്നെ പ്രതിരോധിക്കുമെന്നാൽ
നമ്മുടെ ബലമിന്നു കുറഞ്ഞൊന്നു 510
ചെമ്മെ കാട്ടീട്ടു വേണം ഗമിക്കുവാൻ
എന്നുറച്ചു ഹനൂമാനുപവനം 511
നന്നായ്ത്തച്ചു തകർത്തു നശിപ്പിച്ചു
ചെന്നടിച്ചുമൊടിച്ചും പറിച്ചുട- 512
നൊന്നുറച്ചു കടിച്ചു വലിച്ചിട്ടും
പാദപങ്ങളെപ്പറിച്ചൊക്കെയും 513
ഭേദംകൂടാതെ നഷ്ടമതാക്കിനാൻ.
ലീലാശൈലങ്ങളെ കുത്തി തകർക്കയും 514
ബാലസാലങ്ങളെ വാൽകൊണ്ടടിക്കയും
ഇപ്രകാരം കലശലുകൂട്ടീട്ടും 515
അപ്രമദത്തുണന്നിലൊത്തതാരം
ഉദ്യാനാവനം ചെയ്യുമവരെല്ലാം 516
ഉദ്യാനത്തിൽ കിടന്നുറങ്ങുമ്പോൾ
ഉദ്യോഗത്തോടു ചെന്നിട്ടവരുടെ 517
മദ്ധ്യേ നിന്നിട്ടുറച്ചൊന്നലറിനാൻ.
സിംഹനാദത്തെക്കേട്ടു നിശാചര- 518

വ്യൂഹമെല്ലാമുണർന്നെഴുന്നേറ്റുടൻ
തൽക്ഷണം തന്നെ കൊന്നാനവരെയും 519
ശേഷമുള്ളവർ യുദ്ധം ചെയ്യാനൊട്ടും
ശേഷിയില്ലാതെ മണ്ടിത്തിരിച്ചിതു 520
ഓട്ടംനേരം ഉടകൾ കിടുകിടെ
പേടികൊണ്ടു വിറച്ചു പണിപ്പെട്ടു 521
രാക്ഷസേശപുരോളവി ചെന്നപ്പോൾ
രൂക്ഷമായിട്ടുരചെയ്തു രാവണൻ. 522
"എന്തെടോ രാക്ഷസന്മാരേ! വിറയ്ക്കുന്നു
എന്തു ഭീതി ഭവിച്ചിതു നിങ്ങൾക്ക്?" 523
"എന്തിനായതു ഞങ്ങൾ കഥിക്കുന്നു?
ഹന്ത! ഹന്ത!! നശിച്ചുപോയുദ്യാനം." 524
"ആരു വന്നു നശിപ്പിച്ചു നമ്മുടെ
സാരമായോരുപവനമിന്നിപ്പോൾ?" 525
"ആരെന്നൊന്നുമറിഞ്ഞീല ഞങ്ങളും
പാരം ശക്തനവനെന്നു നിർണ്ണയം." 526
"ധീരവീരനാം ഞാനിഹ വാഴുമ്പോൾ
ആരിവിടെ വന്നു കടന്നതു? 527
ധീരന്മാരായ ഭൂപന്മാരോ മറ്റു
വീരന്മാരായ ദേവകൾ തന്നെയോ? 528
ഭൂതന്മാരാമസുരകുലോൽപന്ന-
രാരെന്നുള്ളതു ചൊൽവിൻ ഭടന്മാരേ!" 529
"ദേവകളുമസുരകളുമല്ലാ
കേവലമൊരു ഭൂപാലനുമല്ലം. 530

ഇത്രഘോരമതായോരുവിഗ്രഹം
ഇത്രിലോകത്തിലെങ്ങുമേ കണ്ടീലാ." 581
"എത്ര ഘോരനെന്നാകിലും നിങ്ങളെ
തത്ര ഭക്ഷിപ്പാൻ കല്പിച്ചിരിക്കുമ്പോൾ 582
വൃത്രവൈരിയവൻതന്നെ കോപിച്ചു
തത്ര വന്നു കടന്നു കലമ്പിയാൽ 583
വെക്കം ചെന്നു പൊരുതിടാതെ നിങ്ങൾ
ഒക്ക മണ്ടിത്തിരിക്കയോ വേണ്ടത്?. 584
വെക്കം നിങ്ങൾ മറയത്തു പോയാലും
നില്ക്കരുതെൻറെ മുമ്പിലൊരുത്തരും 585
നീക്കമില്ലതിനിപ്പോഴേ പോയാലും
ഇക്കണ്ടുണ്ടു ഞാനല്ലെങ്കിൽനിങ്ങളെ." 586
"രാക്ഷസേശ്വര! വീരശിഖാമണേ!
രൂക്ഷവാക്കുകളേവം കഥിക്കൊല്ലാ. 587
ഞങ്ങളുടെ കരവല്ലിതാനുമേ
സംഗരശൂര! പാഹി ദയാനിധേ! 588
ഇംഗിതജ്ഞനാമായവൻ തന്നോടു
സംഗരം ചെയ്വാൻ ഞങ്ങളൊരുമിച്ചു 589
ചെന്നനേരമവനൊരു വൃക്ഷത്തെ
മന്ദമെന്ന്യേ പറിച്ചിട്ടുകൊണ്ടു 540
ദുഷ്ടനായിട്ടവൻ തച്ചുകൊന്നിതു
ശിഷ്ടമുള്ളോരു ഞങ്ങടെ കൂട്ടത്തെ 541
കഷ്ടം കഷ്ടമതുകണ്ടു പേടിച്ചു
ഞെട്ടി മണ്ടിത്തിരിച്ചിതു ഞങ്ങളും 542

പ്രാണൻ മാത്രം നശിച്ചീല ഞങ്ങളെ
ത്രാണനം ചെയ്യണമെന്നു ദയാനിധേ!. 543
ഘോടകം പോലെ ശീഘ്രഗതിയായി
ചാടി നേരെ വരുമവനെന്നോൎത്തു 544
പേടികൊണ്ടു തുടകളിതിപ്പോഴും
കൂടെ ഏറെ വിറയ്ക്കുന്നു കണ്ടാലും. 545
പൊട്ടന്മാരെന്നാകിലും ഞങ്ങളെ
പുഷ്ടതയോടു രക്ഷിക്കണം ഭവാൻ." 546
ഇത്തരമുള്ള ഭടജനവാക്കുകൾ
ഒക്കെ കേട്ടു കുപിതനാം രാവണൻ 547
ശങ്കാഹീനഹൃദയനായ്ത്തന്നുടെ
കിങ്കരന്മാരോടിവണ്ണം കല്പിച്ചു. 548
"ഘോരമായോരുപവനമിന്നിപ്പോൾ
ധീരതയോടു തച്ചു തകൎത്തതു 549
ആരെന്നാകിലും നിങ്ങൾ വിരവോടു
പാരാതെ ചെന്നു കൊണ്ടിങ്ങു വന്നാലും." 550
രാവണന്റെ നിയോഗത്തെക്കേട്ടപ്പോൾ
ഭീഷണാകൃതി പൂണ്ടോരു രാക്ഷസർ 551
ആയിരമൊരുമിച്ചു പുറപ്പെട്ടു
വായുപുത്രന്റെ നേരിട്ടു ചെന്നപ്പോൾ 552
ആയതു കണ്ടു കോപിച്ചു മാരുതി
കായമൊന്നു വലുതാക്കിപ്പിന്നെയും 553
വാലുയൎത്തിപ്പിടിച്ചു വിപുലമാം
സാലമൊന്നു പറിച്ചു മഹാബലൻ 554

ആയാസമേതും കൂടാതെ തച്ചു ത-
ച്ചായവരെയും കൊന്നിതു വേഗേന. 554
ആയതിൽ ചിലർ ഭീതികൊണ്ടോടിച്ചെ-
ന്നായവസ്ഥ ധരിപ്പിച്ചു നേരത്തു 556
പഞ്ചസേനാപതികളെ കല്പിച്ചു
ചഞ്ചലമിന്നി ധീരൻ ദശാനനൻ. 557
പഞ്ചസേനാ പതികൾ ദശാസ്യനോ-
ടഞ്ചിതാനന്ദമേവമുരചെയ്തു. 558
"കിഞ്ചനാപി ദശാനനഭൂപതേ!
നെഞ്ചകത്തു വിഷാദം ഭവിക്കേണ്ടാ. 559
സഞ്ചിതക്രോധന്മാരായി ഞങ്ങളി-
ന്നഞ്ചുപേരുമൊരുമിച്ചു ചിടന്നു 560
ചഞ്ചലം വിട്ടു പോരിന്നു ചെല്ലുമ്പോൾ
അഞ്ചാതെ മണ്ടുമേവനൊന്നാകിലും. 561
എന്നുര ചെയ്തു ഭക്ത്യാ ദശാസ്യനെ
വന്ദിച്ചായവരഞ്ചുപേരും കൂടി 562
മദ്യപാനവും ചെയ്തു മദിച്ചുട-
നുദ്യോഗിച്ചു പുറപ്പെട്ടു നേരത്തു 563
ഒന്നരവെള്ളമാകും ഭടന്മാരും
വന്നുകൂടീട്ടവരുടെ പിന്നാലെ. 564
എല്ലാരും കൂടിയാർത്തു വിളിച്ചങ്ങു
ചെല്ലുന്നേരം ഹനുമാനതുകണ്ടു 565
നല്ലവൃക്ഷമിവയിന്നീക്കൂട്ടത്തെ
കൊല്ലുവാനുപകാരമതാകുന്നു 566

എന്നു ചിന്തിച്ചു കോപിച്ചു ഘോരമാ-
യൊന്നലറി മഹാവീരൻ മാരുതി. 567
അന്നേരത്തിങ്കൽ പോരിന്നു കോപ്പിട്ടു
വന്നു രാക്ഷസവൃന്ദമൊരുമിച്ചു. 568
മാരുതിക്കന്നേരം മനതാരിൽ
ഭൂരികൗതുകമെന്തോ പറയേണ്ടു. 569
സാമോദം മാച്ചുതു ഹസിക്കയും,
രാമഭൃതൻ ഞാനെന്നു കഥിക്കയും, 570
വൃക്ഷമൊക്കെ പ്പിടിച്ചു പറിക്കയും,
തൽക്ഷണമവകൊണ്ടു പ്രഹരിച്ചു 571
രാക്ഷസരെ വധിക്കയും, കോപിച്ചു
രൂക്ഷമായിട്ടലറി നടക്കയും, 572
കഷ്ടവാക്കു ഞാൻ ചൊൽകയല്ലിങ്ങനെ
ചോട്ടിലുള്ള ഭടജനമൊക്കയും 573
കടുകോപനാം മാരുതി തന്നുടെ
അടി കൊണ്ടു മുടിഞ്ഞുപോയന്നേരം. 574
നിജമായോരപജയം കാൺകയാൽ
ഉജ്ജവീര്യമതേറെ വളർന്നോരു 575
യജമാനന്മാരെവരു മൊന്നിച്ചു
വിജയേച്ഛകളായിപ്പുറപ്പെട്ടു. 576
അന്നേരത്തു മാരുതനന്ദന-
നതികൗതുകത്തോടു ചാടിച്ചെന്നു് 577
ഒരു തല്ലുകൊണ്ടവരേയുംകൂടി
ഒരുമിച്ചു വധിച്ചതു കണ്ടപ്പോൾ 578

രണ്ടു മൂന്നു നിശാചരന്മാർ വേഗം
മണ്ടിച്ചെന്നു ധരിപ്പിച്ചു വൃത്താന്തം 579
സ്വാമിൻ! വീര! ദശാനന! ഞങ്ങളി-
ന്നീഭൂമിതന്നിലിവണ്ണമൊരു വാനരം 580
യുദ്ധകൌശലം കണ്ടീലതോർക്കുമ്പോൾ
എത്ര ചിത്രമവന്റെ പൊരുതുവാൻ. 581
വില്ലു വേണ്ടാ വിശിഖങ്ങളും വേണ്ടാ-
നല്ല വാളും പരിചകളും വേണ്ടാ 582
ശൂലം വേണ്ടാ ഗദകളതും വേണ്ടാ
തോലിയുമില്ലവനങ്ങൊരിക്കലും 583
തോക്കു വേണ്ടാ മഹാബലനാമവ-
ന്നൂക്കു തന്നെ വലുതായൊരായുധം. 584
യുദ്ധം ചെയ്വാൻ തുനിഞ്ഞു ചെന്നീടുന്ന
മുഷ്കരന്മാരാം രാത്രിഞ്ചരന്മാരെ 585
കർക്കശമായ കൈത്തലം കൊണ്ടവൻ
ഒക്കത്തല്ലി പൊടിപൊടിച്ചീടിനാൻ. 586
തീക്കനലതുപോലെ ചുവന്നോരു
ദൃഷ്ടിപാതങ്ങൾ കണ്ടു ഭയപ്പെട്ടു 587
നഷ്ടജീവന്മാരായി ചിലർ ചില-
രട്ടഹാസങ്ങൾ കേട്ടു ചത്തുപോയ്. 588
എന്തിനേറെ പറയുന്നു ഞങ്ങളീ-
രണ്ടുമൂന്നാളു ശേഷിച്ചു യുദ്ധത്തിൽ. 589
പഞ്ചസേനാപതികളിലൈവർക്കും
പഞ്ചത്വം വന്നിതെന്നുമറിഞ്ഞാലും." 590

"ഏതു ദിക്കീന്നു വന്നാനവനെന്നും,
എന്തുകാരിയ മിളിക്കിലെന്നതും, 591
ആരവനെന്നും ചൊൽവിൻ ഭടന്മാരേ!
പോരും പോരുമവനെസ്തുതിച്ചതു്." 592
"ആരെന്നുള്ളതു ഞങ്ങളറിഞ്ഞീലാ
വീരനായവനെന്നതു നിർണ്ണയം. 593
'രാമദൂതൻ ഞാനെ'ന്നവൻ തന്നെ
സാമമോടുമുറച്ചു കഥിക്കുന്നു. 594
കാലദണ്ഡത്തെപ്പോലെ കഠോരമാം
വാലും പൃഷ്ഠേ പ്രകാശിച്ചു കാണുന്നു. 595
ഒക്കെക്കൊണ്ടും വിചാരിച്ചപ്പോളൊരു
മർക്കടമവനെന്നൊന്നു തോന്നുന്നു." 596
"ഹാ ഹാ ഹാ ഞാനറിഞ്ഞു പരമാർത്ഥം
ബാഹുവീര്യമിയന്ന ഖരാദിടെ 597
പ്രാണഹാരി വരുത്തിയ രാമന്റെ
ദൂതൻ തന്നെയിവനെന്നു നിർണ്ണയം." 598
എന്നാലാരെ നിയോഗിക്കവേണ്ടു ഞാ-
നിന്നവനെ പിടിച്ചു ബന്ധിക്കുവാൻ. 599
എന്നിവണ്ണം വിചാരിച്ചു രാക്ഷസ-
വൃന്ദനായകനങ്ങിനെ മേവുമ്പോൾ 600
മുന്നിൽവന്ദിച്ചു നില്ക്കും ഭടജനം
പിന്നെയുമുരചെയ്തു "ദശാനന! 601
വീരാകാരനാകുമവനിന്നു
കേവലമൊരു വാനരന്താനല്ല 602

കാലൻ തന്റെ കഠോരമാം ദണ്ഡിനെ
ചാലവേ മറ്റുള്ളിലീരാക്ഷസർ 603
കാണുന്നേരം ഭയപ്പെട്ടു മോഹിച്ചു
ക്ഷോണിയിൽ പതിച്ചീടുമെന്നോർത്തിട്ടു 604
വാലെന്നുള്ളൊരു വ്യാജേന ജീവിത-
ജാലഭീതികരമായ ദണ്ഡിനെ 605

പൃഷ്ഠഭാഗേ മറച്ചു കാലൻതന്നെ
ധൃഷ്ടതയോടു വന്നെന്നു തോന്നുന്നു. 606
എന്നതുകൊണ്ടവനോടു നേരിട്ടു
നിന്നു സംഗരം ചെയ്യുവാനിന്നിഹ 607

ആരും പോരെന്നു തോന്നുന്നു ഞങ്ങൾക്കു
വീര! ധീര! ദശാനനഭൂപതേ!. 608
പത്തുനൂറു നൂറായിരം രാക്ഷസ-
രൊത്തു ചെന്നപ്പോഴുമായവനേകനായ് 609
ആയുധമേതും കൂടാതെ തച്ചുത-
ച്ചായതൊക്കെയും കൊന്നിട്ടു മായികൻ." 610
"ഏകൻ ഞാനിന്നതന്ത്രക്കാരനെ
വേഗം ബന്ധിച്ചുകൊണ്ടിങ്ങു വന്നിടാം." 611
അത്ര ധിക്കാരംവേണ്ടാ തനിക്കെടോ!
എത്രയും ബലവാനക്കപിവരൻ." 612
"എത്രയും ബലവാനെങ്കിലുമെന്റെ
നേത്രഗോചരമായവൻ പ്രാപിക്കിൽ 613
ചീർത്തകോപേന ചെന്നു പിടിച്ചുടൻ
പാർത്തലത്തിൽ മലർത്തിയിട്ടും കൊണ്ടു 614

കേരള സാഹിത്യ അക്കാദമി

മൂർത്തി കത്തിത്തകർത്തു ഞാൻ ബന്ധിച്ചി-
ട്ടാർത്തു ഘോഷിച്ചു കൊണ്ടുപോന്നപ്പൊഴെ 615
വാച്ച കോപം ശമിപ്പാൻ ദശാസ്യനു
കാഴ്ചയായിട്ടു വക്കുന്നതുണ്ടു ഞാൻ.' 616
"മാനശാലിയാം താനിന്നു ഭൂപനു
വാനരത്തെയോ കാഴ്ചയായ്‌വക്കുണ്ടു." 617
"വാനരമെന്നു വച്ചു തനിക്കിപ്പോൾ
മാനസത്തിലൊരുനിന്ദ വേണ്ടെടോ 618
വാനരമവനേകൻ പലരെയും
താനേ കൊന്നതാനായതും കേട്ടില്ലേ? 619
എന്നതുകൊണ്ടിവനെ പിടിച്ചിങ്ങു
കൊണ്ടു ചെന്നാൽ പ്രസാദിച്ചു രാവണൻ 620
ഒന്നു സംശയം വേണ്ടാ നമുക്കെല്ലാം
വാഞ്ഛയുള്ളതു നൽകീടും നിർണ്ണയം 621
രാജ്യംതന്നിൽ കൊതിയുള്ളവർക്കെല്ലാം
രാജ്യവും നൽകുമീഷലില്ലേതുമേ 622
എന്നു തന്നെയല്ലിന്നിതു ചെയ്യാഞ്ഞാൽ
വന്നുകൂടുമപമാനവും നോക്ക്. 623
പണ്ടാരച്ചെമ്പു തന്നിലെച്ചോറതു
രണ്ടു നേരവും നല്ല സുഖമായി 624
വേണ്ടും നേരമെന്തെപ്പോളെന്നാകിലും
വേണ്ടുവോളം നിറച്ചു ഭുജിക്കുന്ന 625
നമ്മളെക്കൊണ്ടൊരു കഥയില്ലെന്നു
വന്നുകൂടുമതുവരുത്തീടൊല്ല." 626

"എന്നാലാശു ഗമിക്ക"ന്നരചെയ്തു
നന്ദി പൂണ്ടവർ മദ്യപാനം ചെയ്തു. 627
യുദ്ധസന്നാഹം കൂട്ടിക്കൊണ്ടുത്സുകം
ഉദ്ധതന്മാരായ് ചാടിപ്പുറപ്പെട്ടു 628
ഭൂമിയെല്ലാമിളകിയത്തുനേരം
ധൂമ ചേർന്ന പൊടിയും പറക്കുന്നു. 629

സാന്ദ്രമായ പൊടിപടലമെല്ലാ-
മിന്ദ്രലോകത്തെ നോക്കിപ്പുറപ്പെട്ടു 630
ഋക്ഷവിനെടിച്ചുകൊന്ന വീര-
നക്ഷനിന്റെ വരവെന്നതു മുന്നം 631
സപ്ത സ്ത്രീകളെ ബോധിപ്പിപ്പാനായി
ദിഗ്മിക്കുകയോടെയന്നു തോന്നീടും 632
അട്ടഹാസത്തെ ഘോഷങ്ങളോക്കെപ്പോൾ
അതിവിസ്മയമെന്നേ പറഞ്ഞൂട. 633
പലജാതിയായമായുധം കൈക്കൊണ്ട്
പലദിക്കിന്നും വന്നീടുമഞ്ജനാ- 634

മലകളതുപോലെ നിശാചര-
ബലമൊക്കയുമൊത്തു ഗമിക്കുമ്പോൾ 635
ഉലകിരേഴുമൊന്നിച്ചിളകമാ-
റലറുന്നു ചിലരത്തുനേരത്തു 636
ചിലർ വാളും പരിചയുമായിട്ട
ചിലരിക്കിൽ പിടിച്ചു കളിക്കുന്നു 637
ചിലർ പിന്നെ "ജയിക്കുംഞാ"നെന്നേവം
പലരോട് മുറച്ചു പറയുന്നു 638

കലയാന ത്തേരവന്മാരങ്ങതിൽ
ചിലരാശത്തു നിന്നു ശബ്ദിക്കുന്നു. 639
വലിയൊരു പെരുമ്പറയും മറ്റും
പല വാദ്യവും കൊട്ടിത്തകർക്കുന്നു. 640
തേരുരുളിന്റെ ശബ്ദമതെത്രയും
ഘോരഘോരമൊരു ദിക്കിലങ്ങനെ 641
വീരവാദം പറഞ്ഞുകൊണ്ടു ചില
വീരന്മാരവരോടിയടുക്കുന്നു. 642
വെള്ളത്തിൽ തിരമാലകളെപ്പോലെ
തള്ളിത്തള്ളി വരുന്നു കുതിരകൾ. 643
ഇടിപോലെ നടുങ്ങുമാറങ്ങനെ
ചെറുഞാണൊലി ശബ്ദവും കേൾക്കുന്നു. 644
ഇങ്ങനെയുള്ള സേനയുടെ പിന്നിൽ
തുംഗമായൊരു തേരിൽ കരയേറി 645
തുംഗവീര്യനാമക്ഷകുമാരനും
ഏറ്റവും താമസം കൂടാതെ വേഗേന 646
മാരുതി മേവുമുദ്യാനേ ചെന്നുടൻ
പോരതി ഘോരമായിത്തുടങ്ങിതു. 647
പോരിനാരെയും കാണാഞ്ഞു ഖിന്നനാം
മാരുതിയന്നേരം തെരുതെരെ 648
പാരിലേഴും നടുങ്ങുമാറങ്ങനെ
വീരനഞ്ചട്ടു സിംഹനാദം ചെയ്തു 649
പാരം കോപിച്ചടുത്തു ചെന്നെത്രയും
ഘോരമായൊരു പോരു തുടങ്ങിനാൻ. 650

തങ്ങളിലവർ ചെയ്യാത്ത സംഗരം
ഇങ്ങനെയെന്നു ചൊൽവാൻ പണി പണി. 651
പണ്ടിതുപോലെയെങ്ങുമൊരേടത്തും
കണ്ടിട്ടില്ലെന്നു മാത്രം കഥിച്ചിടാം. 652
തേർത്തടമതിൽച്ചാടിവീണോരവും
കൂർത്തുകൂർത്തു വളുത്ത നഖങ്ങളാൽ 653
കീർത്തിമാനാകുമക്ഷകുമാരന്റെ
മൂർത്തിയെല്ലാം പിളർന്നിതു മാരുതി. 654
വീരനാകുന്നൊരക്ഷകുമാരന്റെ
തേരു തച്ചു തകർത്തപ്പോൾ കോപിച്ചു 655
നേരെ ചെന്നോരു സൂതനെ മേല്പോട്ടു-
ങ്ങാരാധിച്ചിതു ദേവപ്രിയാത്മമായ്. 656
ഉൽക്കടമായിട്ടൊന്നലറിപ്പിന്നെ
മർക്കടവരനക്ഷകുമാരന്റെ 657
കൈക്കലുള്ളോരു ചാപത്തെ തന്നുടെ
കൈക്കലാക്കി മുറിച്ചെറിഞ്ഞുടൻ 658
കൈത്തലങ്ങളുകൊണ്ടവനുടെ
കണ്ഠത്തടത്തിൽ കടന്നടികൂട്ടി 659
യുദ്ധം ചെയ്തു മിഴിച്ചങ്ങു നിന്നീടും
മദ്ധ്യേ സൂതനും തേരും നശിച്ചിതു. 660
ഹസ്തചാപം പിടിച്ചു മുറിച്ചതും
ക്രുദ്ധനാമവനേതുമറിഞ്ഞീലാ. 661
കണ്ടു കണ്ടങ്ങു നിൽക്കുമ്പോൾ താഡനം
കൊണ്ടതു മാത്രമായവൻ ബോധിച്ചു. 662

രണ്ടുപേരുമന്നേരം തങ്ങളി-
ലിണങ്ങലെന്നിയെ യുദ്ധം തുടങ്ങിനാർ. 663
മുഷ്ടികൾകൊണ്ടു തമ്മിലിടിക്കയും
ധൃഷ്ടരാമവർ തമ്മിലടിക്കയും 664
പെട്ടന്നന്യോന്യം പൊക്കിപ്പിടിക്കയും
പുഷ്ടരോഷേണ പല്ലു കടിക്കയും 665
ശൃംഗങ്ങൾ പറിച്ചങ്ങടിക്കയും
മാതംഗജനോരാം ചൊടിക്കയും 666
ധൈര്യമക്ഷകുമാരൻ നടിക്കയും
പാരമുള്ളിൽ വിറയൽ പിടിക്കയും 667
വീരവാദങ്ങൾ തമ്മിൽ കഥിക്കയും
വീരരാമവരേറ്റം മദിക്കയും 668
ചാരണാദികളെല്ലാം ഹസിക്കയും
നാരദമുനി കണ്ടു രസിക്കയും 669
ഇങ്ങനെയവർ തമ്മിൽ പിണങ്ങുമ്പോൾ
എങ്ങനെയെന്നറിഞ്ഞില്ല മാരുതി 670
അക്ഷനെ നിജകക്ഷമതിലാക്കി
അക്ഷതബലനൊന്നമർത്തുടൻ 671
തൽക്ഷണമൊരു കുത്തുകൊടുത്തപ്പോ-
ളിക്ഷുപോലെ ചതഞ്ഞു ശരീരവും 672
നഷ്ടജീവിതനാക്കി ധരണിയി-
ലിട്ടുപിന്നെയും നാലഞ്ചലറിനാൻ. 673
ശിഷ്ടമായുള്ള രാക്ഷസക്കൂട്ടമ-
ങ്ങോട്ടമാണ്ടു തുടങ്ങിയ നേരത്തു 674

വൃക്ഷമൊന്നു പറിച്ചുടനോടിച്ചെ-
ന്നക്ഷവീരനടിച്ചു കൊല ചെയ്തു. 675
രണ്ടുമൂന്നിനെശ്ശേഷിപ്പിച്ചു ദശ-
കണ്ഠനോടിതു ചെന്നു ധരിപ്പിപ്പാൻ. 676
അഞ്ജനാത്മജൻ പിന്നെയുമുദ്യാന-
ഭഞ്ജനം ചെയ്തു തത്ര മരുവിനാൻ. 677
പേടികൊണ്ടു വിറച്ചു വിറച്ചുകൊ-
ണ്ടുടലോടേ കിതച്ചു വിയർത്തുടൻ 678
കാടിയോടിദ്ദശാനനൻ മേവിടും
മേടപുക്കിതു ശേഷിച്ച രാക്ഷസർ. 679
'എന്തു നിങ്ങൾ പറയുന്നു ദൂതരേ?'
'എന്തെന്നൊന്നുമറിഞ്ഞീല ഞങ്ങളും.' 680
'എന്തു സങ്കടമുണ്ടായി നിങ്ങൾക്കു?'
'എന്തിതിൽപ്പരമുണ്ടാകവേണ്ടതും?' 681
'മർക്കടാധമനെന്തു മടങ്ങാതോ?'
'മർക്കടോത്തമനുദ്യാനേ മേവുന്നു'. 682
'യുദ്ധം ചെയ്യുവാൻ നിങ്ങൾ ശ്രമിച്ചീലേ?'
'യുദ്ധം ചെയ്യുവാൻ ഞങ്ങൾ ശ്രമിച്ചിതു.' 683
'കൊല്ലുവാൻ വഴി വന്നീലേ നിങ്ങൾക്കു?'
'കൊല്ലുവാൻ കഴിയുണ്ടു പരാധീനം'. 684
'ബദ്ധനായിതോ മർക്കടകീടകൻ?'
'ബദ്ധനായീലാ മർക്കടപുംഗവൻ' 685
'കൂടെപ്പോന്നവരെങ്ങു മടങ്ങാതേ?'
'കൂടെപ്പോന്നവർ കാലാലയത്തിങ്കൽ'. 686

‘നമ്മുടെ സുതൻ വന്നു ഇടഞ്ഞിയോ?’
‘സമ്മതിച്ചീലാ പോരവാനായവൻ’. 687
‘തമ്മിൽസ്സംസാരിച്ചൊന്നിച്ചു ചേർന്നിതോ?’
‘തമ്മിൽസ്സംസാരമുണ്ടായീലേതുമേ’. 688
‘യുദ്ധമുണ്ടായിതില്ലയോ തങ്ങളിൽ?’
‘യുദ്ധവുമതിഘോരമായുണ്ടായി’. 689
‘ആർക്കുവന്നു മടക്കം കെടുതാരോ?’
‘ആർക്കുമേതും മടക്കം ഭവിച്ചീലാ’. 690
‘യുദ്ധമിപ്പോഴും തത്ര കഴിഞ്ഞീലേ?’
‘യുദ്ധം പണ്ടേ കഴിഞ്ഞതു മഹാമതേ’. 691
‘നാളെയെന്നു കുറിച്ചു പിരിഞ്ഞിതോ?’
‘ഒളിയാനൊട്ടു മറ്റാരെ കൂട്ടമോ?’ 692
‘എന്തുകാരണം പുത്രൻ വരാഞ്ഞതി’-
‘നെന്തുഞങ്ങളുണർത്തിച്ചിടേണ്ടതും?’ 693
‘ഉള്ളവണ്ണമശേഷം കഥിക്കുവിൻ’
‘ഉള്ളിലേറും മടിയുണ്ടു ഞങ്ങൾക്ക്’. 694
‘കള്ളന്മാരേ! പറയാഞ്ഞതാൽ നിങ്ങളെ-
തള്ളിയങ്ങു പുറത്തു കളയുവൻ’. 695
“എങ്കിൽ ഞങ്ങളശേഷമുണർത്തിക്കാം
സങ്കടപ്പെട്ടാലേതും ഫലമില്ല. 696
ലങ്കാനായക! നിന്റെ തനൂജനെ
ശങ്കകൂടാതെ കൊന്നു കപിവരൻ. 697
കണ്ടുപേടിച്ചു ഞങ്ങളുടൻതന്നെ
മണ്ടിയിങ്ങോട്ടു പോന്നു ധരിപ്പിപ്പാൻ. 698

രണ്ടുനാലെണ്ണം മാത്രം ശമിച്ചതി-
ലുണ്ട ശേഷിച്ചിട്ടെന്നു ധരിച്ചാലും!" 699
ഇത്തരം ഭടന്മാരും പറഞ്ഞോരു
പുത്രനാശത്തെ കേട്ട ദശാനനൻ 700
ചിത്രമായോരു സിംഹാസനത്തിൽനി-
ന്നത്തലോടേ പതിച്ചു ധരിത്രിയിൽ. 701
ധീരനെങ്കിലുമന്നേരം രാവണൻ
നാരിമാരേക്കണക്കെ ചമഞ്ഞുപോയ്. 702
പാരിടത്തിലുരുണ്ടും പിരണ്ടുമ-
ങ്ങോരോരോ ചാപലോക്തികൾ ചൊല്ലിയും 703
"ധീര! വീര! കുമാര! സുകുമാര!
മാരസുന്ദര! മാമകമായോരു 704
ഐശ്വര്യവും തവജീവനും കൊണ്ടു നീ
ദൂരത്തേതൊരു ദിക്കിൽ വസിക്കുന്നു?. 705
ഇന്ദുസുന്ദരമായോരു നിന്മുഖ-
ചന്ദ്രനിൽനിന്നു മന്ദംപൊഴിയുന്ന 706
മന്ദഹാസമാം ചന്ദ്രിക കാണാഞ്ഞി-
ട്ടെന്റെ നേത്രചകോരങ്ങൾ കേഴുന്നു. 707
എന്തിനായിട്ടിനി മമ ജീവിതം?
എന്തിനായിട്ടിനി മമ രാജ്യവും? 708
എന്തിനായിട്ടു വീര്യവും ഐശ്വര്യവും?
എന്തിനായിട്ടു ഭൂതിയും ഖ്യാതിയും? 709
പാർത്തലത്തിൽ വളർന്നോരു കീർത്തിക്കു
പാത്രമായോരു നമ്മുടെ പുത്രനെ 71

ധൃഷ്ടനാം കപി കൊന്നൊടുക്കുമ്പോ-
ളെത്ര പോരാളിയുണ്ടു ശിവശിവ!” 711
ഉത്തമമോരോന്നുരചെയ്തു ഖേദിച്ചു
പൃഥ്വിതന്നിൽ കിടക്കുന്നതാതനെ 712
സത്വരം ചെന്നു വന്ദിച്ചു ചൊല്ലിനാൻ
ഇത്തരം പുനരിന്ദ്രജിത്താമരൻ. 713
“അല്ലയോ മമ താത! മഹാമതേ!
അല്ലലെല്ലാം മകലെ കളഞ്ഞാലും 714
വല്ലതെന്നാലു മുള്ളിന്റെ മാനസ-
ശല്യമിന്നു പറിച്ചു കളയുവാൻ 715
വില്ലുമായിട്ടു ചെന്നു ഞാൻ വൈകാതെ
നല്ലനല്ല ശരങ്ങൾ പ്രയോഗിച്ചു് 716
മല്ലുകാധമൻ തന്നെ വധിക്കുവൻ
തെല്ലുനേരം ക്ഷമിച്ചിരുന്നാലും. 717
അല്ലെങ്കിൽ പുനരിപ്പോളവനെ ഞാൻ.
നല്ല പാശങ്ങൾകൊണ്ടു വലിച്ചുടൻ 718
ഉല്ലാസത്തോടു കൊണ്ടിങ്ങു പോരുവൻ
ഇല്ലതിനു നമുക്കൊരു സംശയം. 719
മല്ലലോചനമാർക്കും ശിശുക്കൾക്കും
എല്ലാവർക്കും കളിപ്പതിനായിട്ടു 720
നല്ല ചങ്ങലയിട്ടുടൻ നമ്മുടെ
മുല്ലമുറ്റിലൊരു ദിക്കിലിട്ടേക്കാം. 721
പല്ലിളിച്ചു വനങ്ങളിലോരോരോ
വല്ലികൾ തോറും നൂണു നടക്കുന്ന 722

ല്ലുകാധമനാകുമവനെ ഞാൻ
നല്ല വള്ളികൾ കൊണ്ടു വരിഞ്ഞുടൻ 723
കല്യനാകും ഭവാനുടെ കാക്കൽവ_
ച്ചുല്ലലെന്നിയേ താണു വണങ്ങുവൻ." 724
ഏവമങ്ങുരചെയ്തുടൻ വന്ദിച്ചു
രാവണനുടെ ശോകം കളഞ്ഞവൻ 725
ദേവരാജപ്രതാപൻ മഹാബലൻ
രാവണി രഥമേറിപ്പുറപ്പെട്ടു. 726
ആയുധങ്ങളനേകമെടുത്തുകൊ_
ണ്ടായിരംകോടി രാക്ഷസവീരന്മാർ 727
ആയവനുടെ പിമ്പേ പുറപ്പെട്ടു
തോയരാശികണക്കെപ്പരന്നിതു. 728
തേരിലേറിയൊരുവക രാക്ഷസ_
വീരർ വന്നു നിരന്നു ചുഴലവും. 729
വാരണത്തിൻ കഴുത്തിലൊരുവക
പാരിടത്തിൽ നടക്കുമൊരുവക. 730
വായുവേഗമാമശ്വമതിലേറി
പ്പായിച്ചുകൊണ്ടു മറ്റൊരുകൂട്ടക്കാർ 731
കായനിർജ്ജിതകൃഷ്ണാദ്രിശൃംഗന്മാർ
മായാശാലികൾ മറ്റും പലവക. 732
വാളുകൾ നല്ല വട്ടപ്പരിചകൾ
നീളമേറുന്നൊരു വകക്കുന്തങ്ങൾ 733
വില്ലുകളും ശരങ്ങളും ശൂലവും
നല്ലനല്ല ഗദകൾ കഠാരങ്ങൾ 734

മുൾത്തടികൾ മുസലം മുസൃണ്ടികൾ
ചിത്തഭേദികളാകുന്ന ശല്യങ്ങൾ 735
ഇത്ഥമുള്ള പലവിധമായുധ-
സാത്ഥമൊക്കെ കരത്തിലെടുത്തുടൻ 736
ഉദ്ധതരാം നിശാചരവീരന്മാർ
തത്ര വന്നു നിരന്നോരനന്തരം 737
വീരനായൊരു രാവണിയന്നേരം
ഭേരി കൊട്ടിയടിപ്പാൻ നിയോഗിച്ചു. 738
'തേരു നന്നായ് നടത്തുക നീ'യെന്നു
സാരഥിയോടു പാരാതെ കല്പിച്ചു. 739
സാരമായുള്ളൊരായുധസഞ്ചയം
തേരിലൊക്കെക്കയറ്റിയുറപ്പിച്ചു 740
മാരുതാത്മജൻ വാണീടും ദിക്കിനു
നേരെനോക്കിഗ്ഗമിച്ചു തുടങ്ങിനാൻ. 741
വാരിരാശികന്നക്കപ്പുറമൊരു
ഭൂരിസേനയിളകിച്ചമഞ്ഞിതു. 742
തേരുകളിൻെറ ഗംഭീരനാദവും
വാരണങ്ങടെ ഗർജ്ജിതഘോഷവും 743
ഘോരമാകുന്നൊരശ്വനിനാദവും
വീരന്മാരുടെ വീരവാദങ്ങളും, 744
ഘോരമാകും ചെറുഞാണൊലിയുടെ
പാരമാകുന്നൊരാരവഘോഷവും, 745
വാദിത്രരവം പോരിലെയിടങ്ങിടെ
ഭീഷണങ്ങളാമട്ടഹാസങ്ങളും, 746

പാരമുള്ളിലഹംഭാവമുള്ളോരു
പൂരുഷരുടെ സിംഹനാദങ്ങളും, 747
പാരമിഷ്ടന്മാർ ദൂരെപ്പിരികയാൽ
പേരുചൊല്ലി വിളിക്കുന്ന ഘോഷവും, 748
ഭൈരവതരഹുങ്കാരനാദവും,
സ്വൈരസല്ലാപഘോഷവിശേഷവും, 749
പൂരിതാഖിലദേശാന്തരങ്ങളാം
ഭേരികൾ മുഴക്കീടുന്ന ഘോഷവും, 750
അന്നേരത്തെ ഘോഷങ്ങൾ ചൊല്ലുവാൻ
മതിപോരാ നമുക്കെന്നതേ വേണ്ടൂ. 751
രഥവാജിഗജാദി പടയുടെ
പദമോരോന്നെടുത്തങ്ങു വയ്ക്കുമ്പോൾ 752
ക്ഷിതിയെല്ലാമിടിഞ്ഞു പൊടിഞ്ഞുട-
നതിയായിപ്പാറുന്ന പൊടികൊണ്ടു് 753
വിധുബിംബം മറഞ്ഞുപോയന്നേരം.
ഉദധിജലമൊക്കെ കഴമ്പായി. 754
ഉലകീരേഴും കീഴ്മേൽ മറിച്ചതി-
ബലശാലികൾ രാക്ഷസവീരന്മാർ. 755
ജ്വലനനുടെ നേരെ പടസ്സായി
ജ്ജ്വലങ്ങളിടുക്കം കണക്കെയും, 756
കലയാന്തകലചനെ കൊല്ലുവാൻ
കഴിയുന്നകൾ ചെല്ലും കണക്കെയും, 757
വലുതായ പുലിയോടു പോരിനായ്
ചില മാനുകൾ ചെല്ലും കണക്കെയും, 758

ഗജഘടന്നടെ നേരേ രണത്തിനാ-
യുരഗങ്ങളൂടക്കം കണ്ടകയും, 759
രവിതന്നടെ നേരെ തിമിരങ്ങൾ
അവിവേകേന ചെല്ലും കണക്കെയും, 790
പവമാനസുതനെജ്ജയിക്കവാൻ
ജവമോടെ പുറപ്പെട്ടു രാക്ഷസർ. 791
കപിവീരൻ മരുവിടുമുദ്യാനെ
സപദി ബത! ചെന്നു നിറഞ്ഞുതേ. 762
അവർതന്നുടെ മദ്ധ്യേ വിളങ്ങിനാൻ
യുവരാജനാമിന്ദ്രജിത്തും തദാ. 768
മരുതാത്മജൻ താനുമന്നേരം
പോരിനാരെയും കാണാഞ്ഞു ഖേദിച്ച് 664
ദ്രുമഖണ്ഡങ്ങൾ പറിച്ചു കളകയും,
ഘോരമായിട്ടലറി നടക്കയും, 765
ഇങ്ങനെ തത്ര മേവുന്ന നേരത്തു്
അങ്ങു ദൂരത്തായ ഘോഷം കേൾക്കായി. 766
എന്തിതെന്നു നിരൂപിച്ചു നോക്കുമ്പോൾ
അന്തമില്ലാതരക്കരെ കാണായി. 767
ഹന്ത! ഹന്ത! സഫലം ദിനമെന്നു
സന്തോഷിച്ചു സപദി ഹനുമാനും. 768
അന്തകന്നുടെ തൃപ്തി വരുത്തുവൻ
അന്തരമില്ലതിനെന്നുറച്ചവൻ 769
ഉന്നതതരമായ മഹാമര-
മൊന്നു കയ്യിൽ പറിച്ചു പിടിച്ചുടൻ 770

പിന്നെ നാലഞ്ചെലറി നിശാചര-
വൃന്ദമദ്ധ്യത്തിൽ പാഞ്ഞു കടന്നുടൻ 771
തച്ചുതല്ലൊക്കെക്കൊന്നു തുടങ്ങിനാ-
നിച്ഛല്ലൊത്തു കാട്ടിത്തുടങ്ങിനാൻ. 772
വാലുകൊണ്ടങ്ങടിക്കയും തന്നുടെ
കാലുകൊണ്ടു ചവിട്ടിയും കുത്തിയും, 773
കാലനെന്നകണക്കെ നിശാചര-
മൂലവിച്ഛേദം ചെയ്തുതുടങ്ങിനാൻ. 774
ഒന്നടിക്കുന്നേരത്തു രാക്ഷസ-
രൊന്നിച്ചായിരമായിരം വീഴുന്നു. 775
വാലുകൊണ്ടൊന്നു വീശുന്നനേരത്തു
നാലുകോടി നിശാചരർ ചാകുന്നു. 776
അട്ടഹാസങ്ങൾ കേട്ടു ഭയപ്പെട്ടു
ഞെട്ടിവീണു വിറച്ചു മരിക്കുന്നു. 777
കണ്ണുരുട്ടി മിഴിക്കുന്നതു കണ്ടു
മണ്ണുകപ്പി മരിക്കുന്നിതു ചിലർ. 778
വർണ്ണിച്ചോരാം കഥിക്കയുമല്ല ഞാൻ
എണ്ണമില്ലാതെ ചത്തിതു രാക്ഷസർ. 779
ആയുധങ്ങളനേകം പ്രയോഗിച്ചാൽ
വായുപുത്രനു ക്ലേശമില്ലൊട്ടുമേ. 780
ആയതുകൊണ്ടു ദേഹം മുറികയി-
ല്ലായതാക്ഷനാം രാമന്റെ വൈഭവാൽ. 781
ഒന്നുകൊണ്ടുമെളുതല്ല മാരുത-
നന്ദനനോടു നിന്നു പൊരുതുവാൻ. 782

അന്നേരത്തൊട്ടു രജനീചരന്മാർക്ക്
ചെന്നുകൂടി വലുതായൊരാപത്തു. 783
ഉന്നതമായ കാട്ടിലൊരു മഹാ-
വഹ്നിചെന്നു പിടിച്ചതുപോലെയും, 784
മാനശാലിയായുള്ളൊരു സിംഹമൊ-
ന്നാനക്കൂട്ടത്തിൽ പുക്കതുപോലെയും 785
മാനുകളുടെ കൂട്ടത്തിലൊററവും
പീനനാം പുലി പുക്ക കണക്കെയും, 786
മാനവേന്ദ്രന്റെ ദൂതൻ നിശാചര-
സേനയൊക്കെ മുടിച്ചു തുടങ്ങിനാൻ. 787
ക്രുദ്ധനായിട്ടമിന്ദ്രജിത്തന്നേരം
ഇത്തരം ഹനൂമാനോടുരചെയ്തു:— 788
“സിദ്ധനല്ലാത്ത മർക്കടാ! നിന്നുടെ
ഉദ്ധതത്വമിതെല്ലാമിരിക്കട്ടെ. 889
കാടുകൾതോറുമങ്ങോട്ടുമിങ്ങോട്ടും
ചാടിയോടിത്തകർത്തു നടക്കുന്ന 790
മൂഢനാം കപികീടക നിന്നുടെ
പാടവമിഹ കൂടുമോ ദുർമ്മതേ! 791
രൂഢകീർത്തികളാകുന്ന രാക്ഷസ-
പ്രൌഢർ തിങ്ങി നിറഞ്ഞൊരു ലങ്കയിൽ 792
ആടലെന്ന്യേ കടക്കുകകാരണം
മൂഢ! നിന്നുടെ നാശമടുത്തിപ്പോൾ 793
വിക്രമികളാം ഞങ്ങളെ പേടിച്ചു
ശക്രനാദികൾ ദേവകളൊക്കവെ 794

വാരെക്കപ്പൊത്തി വെളിയിലൊരുദിക്കിൽ
നിൽക്കേയുള്ളു നടക്കമാറില്ലെടാ. 795
പണ്ടു നമ്മുടെ താതൻ ദശാനന_
നണ്ടർക്കേനൊഞ്ഞയിച്ചു നടേയവൻ 796
കണ്ടുകൊണ്ടു മിഴിച്ചുങ്ങു നിൽക്കവേ.
കൊണ്ടുപോന്നിത്തു കല്പകത്തൈകളെ 797
നട്ടനന്നായ് വളർത്തി വഴിപോലെ
പുഷ്ടി വേണ്ടുന്നതെല്ലാം വരുത്തിട്ടു 798
ചുറ്റുമായതിലുണ്ടാകും പൂക്കളെ
കട്ടുപോകാതിരിപ്പതിനായിട്ടു 799
നിഷ്ഠുരതരന്മാരായ രാക്ഷസ_
ക്കൂട്ടത്തെയും സരസം നിവൃത്തിച്ചു 800
തൊട്ടിടുന്ന പുരുഷന്റെ കൈവിരൽ
വെട്ടണമെന്നു ചട്ടവും കെട്ടിനാൻ. 801
ചാരുവാം വീടമുദ്യാനമിന്നതിൽ
സ്യൂഞ്ഞം നിജരശ്ശി ചുരുക്കിയോൻ 802
ഒന്നു ഭീതി കലർന്നു നടക്കുന്നു.
ഇങ്ങനെയൊക്കെ രക്ഷിച്ചുപോരുന്ന 803
മംഗി ചേർന്നോരുപവനവൃക്ഷങ്ങൾ
ഞങ്ങളാരെയും ശങ്കിച്ചിടാതെ നി 804
ഗ്രഹം ചെയ്യുന്നതെന്തൊരു കാരണം?
പേടി ഞങ്ങളെ ഇല്ലായ്കകൊണ്ടിട്ടോ? 805
പാടവമിഹ കാട്ടുവാനായിട്ടോ?
കാട്ടു കണ്ടാൽ സഹിച്ചുകൂടാഞ്ഞിട്ടോ? 806

മൂഢതകൊണ്ടു ചെയ്തുപോയെന്നതോ?
കഷ്ടകർമ്മങ്ങളിങ്ങനെയോരോന്നു 807
ധൃഷ്ടതയോടു കാട്ടിയ നിന്നെ ഞാൻ
പിഷ്ടപേഷണം ചെയ്യുവനല്ലെങ്കിൽ 808
ഇഷ്ടപേരല്ലെനിക്കെന്നറിക നീ.
കട്ടകള്ളനെപ്പോലെ പിടിച്ചു ഞാൻ 809
കെട്ടിനന്നായ്മുറുക്കി വലിച്ചുടൻ
നിഷ്ഠുരമായ ഭൂമിതലത്തിങ്കൽ 810
ഇട്ടു നിന്നെ വലിച്ചങ്ങിഴച്ചുടൻ
കൊട്ടിഘോഷിച്ചു കൊണ്ടുപോയ് നമ്മുടെ 811
പുഷ്ടശോഭ കലർന്നോരു മന്ദിരേ
ഒട്ടും താമസിയാതങ്ങു കൊണ്ടുപോ- 812
യിട്ടു ചങ്ങല കൊണ്ടു തളച്ചുടൻ
കട്ടികടം കഴിപ്പതിനായിട്ടു 813
വട്ടംകൂട്ടിക്കൊടുക്കുമവൻ വൈകാതെ.
പൊട്ടനാകുന്ന നീയുമന്നേരം 814
പട്ടിണിയിട്ടു പല്ലുമിളിച്ചുടൻ
പട്ടിപോലെ പരവശനായിട്ടു 815
കാട്ടും ഗോഷ്ടികളൊക്കവേ കണ്ടിടാം.
കാട്ടത്താതെയുള്ളോരു കർമ്മങ്ങൾ 816
കാട്ടുവാൻ മടിയില്ലാത്ത നിന്നുടെ
ധാർഷ്ട്യമെല്ലാമടക്കാതെ രാക്ഷസ- 817
ശ്രേഷ്ഠനന്ദനൻ ഞാനടങ്ങീടുമോ?
കാട്ടിൽച്ചാടിത്തകർത്തു നടക്കം നീ 818

നാട്ടിൽ വന്നു കടന്നുടനാരാനു
കാട്ടിയാലതു ചോദിപ്പാൻ നിന്നുടെ 819
കൂട്ടത്തിലൊരുത്തരുമില്ലയോ?
ചാട്ടമൊന്നു പിഴയ്ക്കുകകൊണ്ടു നിൻ 820
ജ്യേഷ്ഠനാമഗ്രജന്മാരുമൊന്നിച്ച്
ഒട്ടിപ്പാർപ്പുകളുകനിമിത്തമായ് 821
കാടുതോറും തിരിഞ്ഞു നടക്കയോ?
ബാലനായിട്ടുമക്ഷകുമാരനെ 822
കാലമന്ദിരം തന്നിലയച്ചതും,
ബാലസാലങ്ങളൊക്കെപ്പറിച്ചു നി 823
ർമ്മൂലവിച്ഛേദമേന്മോടു ചെയ്തതും,
പാലനം ചെയ്തുമേവുന്ന കിങ്കരാ 824
ജാലത്തെക്കൊലചെയ്തു മുടിച്ചതും,
ലീലാശൈലങ്ങൾ തച്ചുതകർത്തതും 825
കാലദോഷം നിനക്കു വരികയാൽ
നാലുനാഴികയ്ക്കുള്ളിലിതിൻ ഫലം 826
സ്ഥൂലബുദ്ധേ! നിനക്കറിയായ്‌വരും."
മന്ദഹാസവും ചെയ്തു ഗംഭീരമാ— 827
യൊന്നുരചെയ്തു മാരുതനന്ദനൻ:—
"മന്ദബുദ്ധേ! ജളാശയ! ദുർമ്മതേ! 828
നന്നുനന്നിതു നിന്നുടെ ദുർമ്മോഹം
നിന്നെപ്പോലെയൊരായിരം വീരന്മാ— 829
രൊന്നിച്ചെന്നുടെ നേരേ വരികിലും
നിന്നു നേരേ പൊരുതുവതിനാളു ഞാ— 820

നെഞ്ഞുകൊണ്ടു നിന്നെബ്ഭയമില്ല.
രാമചന്ദ്രകടാക്ഷാമൃതത്തിന്റെ 831
ധാമമാകും നമുക്കൊരു ദിക്കിലും
ആമയങ്ങൾ ഭവിക്കമാറില്ലെടാ 832
കാമിതങ്ങൾ ലഭിക്കായ്കയുമില്ല
കണ്ടതില്ലയോ നമ്മുടെ വീര്യത്തെ 833
കണ്ടാലുമറിഞ്ഞീടാത്തതെന്തെടാ!
രണ്ടടി തവ കൊള്ളുന്നനേരത്തു് 834
ഉണ്ടായീടും പരമാത്മൈക്യം.
വീരവാദങ്ങളോരോന്നു ചൊല്ലീട്ടു 835
കാര്യമെന്തുള്ളു കാണാമശേഷവും.
വീരനെങ്കിലോ പോരിനു പോരാതെ 836
നേരെ വന്നാലും നേരം കളകൊല്ല."
മാരുതിയുടെ ഗീതകൾ കേട്ടതി 837
ധീരനാകുന്നൊരിന്ദ്രജിത്തും തദാ
മാരിപോലെ ശരങ്ങളതിർത്തതി- 838
ഘോരമായ സമരം തുടങ്ങിനാൻ.
നേരെവന്നിട്ടമസ്ത്രങ്ങളൊക്കവേ 839
പാരാതങ്ങു പിടിച്ചു തെരുതെരെ
വീരനോരോരോ ദിക്കിലെറിഞ്ഞുടൻ 840
ദൂരവേ തന്നെ നിന്നു കുറെനേരം
അമ്പുകളൊന്നും കാണാഞ്ഞു കോപിച്ചു- 841
ഞ്ഞമ്പതു ശരമൊപ്പം പ്രയോഗിച്ചു
വമ്പനാകുമവന്റെ മര- 842

കൈക്കാരമെടുത്തു തടുത്തു ശരങ്ങളെ
കീറിടേണ കൂടലെന്നു കല്പിച്ചു 843
നൂറു ബാണങ്ങളൊന്നിച്ചയച്ചപ്പോൾ
പാറയൊന്നങ്ങെടുത്തു പിടിച്ചുടൻ 844
മാറിലേല്ക്കാതെ നിന്നു ഹനൂമാനും.
ആയതു കണ്ടു കോപിച്ചു രാവണി 845
ആയിരം ശരമൊപ്പം പ്രയോഗിച്ചു
ആയതൊക്കയുമൊന്നിച്ചു തന്നുടെ 846
വായിലാക്കിക്കടിച്ചങ്ങു തുപ്പിനാൻ.
പത്തുനൂറു സഹസ്രം വിശിഖങ്ങൾ 847
ഒത്തു നേരെ പ്രയോഗിച്ചു രാവണി
വിസ്തൃതമായ മാറിടം കാട്ടിക്കൊ- 848
ണ്ടത്ര ലേശമേയെന്നിയേ മാരുതി
“എത്രയെങ്കിലും കൊള്ളാം പ്രയോഗിച്ചാൽ 849
ചിത്തഖേദമെനിക്കില്ലൊരു തെല്ലും
ഇത്തിരിനേരം ചെല്ലുമ്പോൾ നിന്നുടെ 850
ഹസ്തത്തിന്നു തളൎച്ച ഭവിച്ചീടും
അത്രനേരവുമത്ര ഞാൻ നിന്നോളും 851
സ്വൈരം ശരജാലമൂതിത്താലും
മിത്രവംശപ്രദീപപ്രസാദത്താൽ 852
ശസ്ത്രഭീതി നമുക്കില്ല സംഗരേ.”
ഇത്തരമുരചെയ്തു പവമാന- 853
പുത്രനേതുമിളകാതെ നിന്നപ്പോൾ
പത്രികൾകൊണ്ടു വർഷം തുടങ്ങിനാൻ. 854

ശക്തനാകുന്ന രാവണി രാക്ഷസൻ
ദ്രാഘീയസ്സമമായൊരു പർവ്വതേ 855
മേഘസഞ്ചയം വർഷിച്ചിടുംപോലെ
മേഘനാദന്റെ ബാണഗണമെല്ലാം 856
മോഘമായിതു മാരുതപുത്രനിൽ.
ക്രുദ്ധനേറ്റമഞ്ജനാനന്ദനൻ 857
അതിവേഗേന ചാടിയടുത്തുടൻ
രഥവാജി കൊടിയും കൊടിമരം 858
രഥമെന്നിവ തച്ചു തകർത്തുടൻ
അരികത്തു മരുവുന്ന സൂതനെ 859
കരംകൊണ്ടു കഴുത്തിൽ പിടിച്ചുടൻ
ഒരു കുത്തു കുത്തിയതിൽപ്പിന്നെ 860
ഉരയാടിലവനൊന്നുമേ വേണ്ടു
ഇരുപേരുമൊരുമിച്ചുതന്നേരം 861
പരിചോടു സമരം തുടങ്ങിനാർ.
വിരുതേറും മരുത്തിന്റെ നന്ദനൻ 862
കരതാഡനം കൂട്ടിത്തുടങ്ങിനാൻ
ഘോരമാകും നഖരനിചയത്താൽ 863
സുരവൈരിയെ മാന്തിപ്പിളർന്നവൻ
അരുണദ്രവധാതുസമേതനാം 864
ഗിരിരാജനോടൗപമ്യമുണ്ടാക്കി.
അരനാഴിക നേരംകൊണ്ടേറവും 865
പരവശതരനാക്കി മാരുതി
സുരസിദ്ധമുനിജനമൊക്കെയും 866

സുരവർത്മനി വന്നു നിറഞ്ഞുടൻ
സുരമാനവയുദ്ധത്തിനൊക്കട്ടിൽ 867
പരമതരദാരുണമാംരണം
പരിചോടങ്ങു കണ്ടുകണ്ടൊരവും 868
കരളിങ്കലതിവ വളർന്നൊരു
പരമാനന്ദവാരിധിതന്നുടെ 869
തിരകളിൽ മുഴുകി മരുവിനാർ.
അധികബലവീര്യനാമഞ്ജനാ- 870
സുതൻതന്നുടെ മുഷ്ടിപ്രഹരത്താൽ
അതിദാരുണമൂർത്തിയാം രാവണി 871
വിധുരതരനായിക്ഷണംകൊണ്ടു്
ഇനിയെന്തൊരുപായമെന്നിങ്ങനെ 872
മനസി ബത! ചിന്ത തുടങ്ങിനാൻ.
വനചാരിയാം വാനരമെങ്കിലും 873
അനഘഭുജവീര്യനിവനെന്നെ
ഹനനമിഹ ചെയ്യുമൊരിത്തിരി 874
കനിവില്ലാതെയുള്ളൊരു കശ്മലൻ
അനുജനെ തുണയായിട്ടെന്നെയും 875
അന്ത്യയാത്രയയയ്ക്കുമിവനിപ്പോൾ
വിധിദൈവതമസ്ത്രമയച്ചുടൻ 876
അതിദുർമ്മതിയാകുമിവനെ ഞാൻ
പ്രതിബന്ധിച്ചുകൊണ്ടിങ്ങു പോരുവൻ 877
പ്രതിബന്ധിപ്പാനാരാനുമാളാമോ?
ഇതി ചിന്തിച്ചുറച്ചുടനിന്ദ്രജി- 878

ത്തതി ദുർദ്ധരമായീടും ബ്രഹ്മാസ്ത്രം
അഭിമന്ത്രിച്ചയച്ചപ്പോൾ മാരുത- 879
സുതനായതനുസരിച്ചീടിനാൻ.
വിധിതന്നുടെ വൈഭവം ലംഘിപ്പാൻ 880
മധുശാസനൻപോലുമെളുതാമോ?
മതിമാനായ മാരുതപുത്രനി- 881
ന്നിതു കൊണ്ടെന്തു ഹാനി വരാനുള്ളൂ.
ശാഠിതപ്രതിമുക്തമതായുള്ള 882
ദ്രുഹിണാസ്ത്രമതിന്നുടെ വൈഭവാൽ
അർഥമെന്നുമന്യമെന്നുള്ളതും 883
ഗ്രഹിയാതെയവശ്ശനായി കുറേനേരം.
"ക്ഷിതിമണ്ഡലേ വീണു കിടക്കുന്നോ- 884
രതിനിസ്സാരനാകും കപിയിനെ
പ്രതിബന്ധിച്ചുകൊള്ളുവിൻ നിങ്ങ"ളെ- 885
ന്നതിവീരൻ നിയോഗിച്ചു രാവണി.
ഭടരൊക്കെയുമിങ്ങിനെ രാവണി- 886
യുടെ കല്പന കേട്ടോരനന്തരം
ഝടിതി ബത! പാശവുമായിട്ട- 887
ങ്ങടിയന്റെ സമീപത്തു ചെന്നപ്പോൾ
കടുകോപിയാമഞ്ജനാപുത്രന്റെ 888
ഇടുങ്ങുടെ മിഴിച്ച നയനവും,
വടിവേറീടും കൈലാസപർവ്വത- 889
ത്തൊടു തുല്യമായീടും ശരീരവും,
കടിലതരബാലശശധര- 890

സ്സടഭീഷണദംഷ്ട്രായുഗളവും,
നിടിലോജ്ജ്വലൽകടീരംഗവും, 891
തടിച്ചേറ്റമുയരെ ഭുജങ്ങളും,
കഠിനതരഭാവവും കണ്ടുടൻ 892
കടിക്കുട്ടമിവനെന്നു കല്പിച്ചു
ഉടൽ രണ്ടും വിറപ്പിച്ചു പേടിച്ച് 893
തൊടുവാൻ ശക്തനായില്ലൊരുത്തനും.
രോഷഭീഷണൻ രാവണി ചൊല്ലിനാൻ:— 894
“ഭീഷണി കണ്ടു പേടിച്ചുനില്ക്കാതെ
ദോഷന്മാരേ! കപികുലകീടനെ 895
ഈഷലെന്യേ പിടിച്ചുടൻ കെട്ടുവിൻ
മോഷണംചെയ്യാൻ വന്നൊരു കള്ളനെ 896
പാഷാണത്തിൽ വലിച്ചുടനിഴക്കുവിൻ
ഏഷ രാവണി ഞാനിഹ നില്ക്കുമ്പോൾ 897
വൈഷമ്യമിതിനെന്തു ഭടന്മാരേ!
ഘോഷിച്ചാർത്തു വിളിച്ചുടൻ ചെന്നുടൻ 898
തോഷമോടെന്റെ താതനെ കൂപ്പുവിൻ.
ഭീഷിതാരിയാമപ്പൻ തരുന്നൊരു 899
ഭൂഷണങ്ങളെ മേടിച്ചുകൊള്ളുവിൻ!”
ധൃഷ്ടനാകുമവന്റെ വാക്കുകൾ 900
കേട്ടനേരത്തു രാക്ഷസന്മാർ ചിലർ
മട്ടു പേടിയകന്നന്നു രാവിച്ചു 901
തൊട്ടുനോക്കിനാർ ചെന്നു പതുക്കവേ.
മാരുതാത്മജനന്നേരം ഭ്രൂഷാന്ത്യ- 902

മോചനം ബത! വന്നുവെന്നാകിലും
രാക്ഷസേന്ദ്രനെക്കാണ്മനെന്നിട്ടു 903
തൽക്ഷണമവനൊന്നുമിളകീലാ.
ഭാവഭേദമതൊന്നുമേ കാണാതെ 904
സാവധാനം കലർന്നു ഭടന്മാരും
നീളമേറും കയറുകൾ കൊണ്ടന്നു 905
മേളമോടേ മുറുക്കിവരിഞ്ഞുടൻ
തണ്ടുകെട്ടി ഞെരുക്കിയെടുത്തിതു 906
രണ്ടുഭാഗത്തുമായിരം വീരന്മാർ
തണ്ടുതപ്പികൾ ഗർവ്വവും ഭാവിച്ചു- 907
കൊണ്ടു യാത്ര തുടങ്ങി പതുക്കവേ.
"കണ്ടുകൊണ്ടാലുമെന്റെ മിടുക്കെ"ന്നും 908
ശൂരന്മാരവർ തമ്മിൽ പറകയും
"മിണ്ടാതെ നടക്കടാ"യെന്നും 909
"മിണ്ടിയാലെന്തു ചേതം തനിക്കെ"ന്നും
"കണ്ടമാനികൾ ചൊല്ലുന്നവരുടെ 910
ചുണ്ടു ചെത്തുവാൻ കല്പനയുണ്ടെ"ന്നും
"വേണ്ടാതിങ്ങനെയോരോന്നു ചൊല്ലാതെ 911
വേണ്ടുംഭീതികിന്നു പൊരുത്തുക നീ"യെന്നും
ആർത്തുഘോഷിച്ചു കൊട്ടിത്തകർത്തുകൊ- 912
ണ്ടാസ്ഥയോടവരാസ്ഥാനമേവീടും
കീർത്തിമാനായ രാവണൻതന്നുടെ 913
കാൽത്തളിരിൽ വച്ചു വണങ്ങിനാർ.
നന്ദനാകമിന്ദ്രജിത്തും തദാ 914

ചെന്നു താതനെ നന്നായ് വണങ്ങിനാൻ.
“നന്ദന! തവ നന്നായ് വരികെ”ന്നു 915
നന്ദിയോടേയനുഗ്രഹമേകിനാൻ.
രാക്ഷസന്മാർ നിറഞ്ഞ സഭാമധ്യേ 916
രാക്ഷസേശ്വരനാകും ദശാസ്യനെ
ഉന്നതമായ സിംഹാസനം തന്നിൽ 917
ധന്യതയോടു മേവുന്നതു കണ്ടു
ചിന്തചെയ്തു പവമാനനന്ദനൻ 918
ഹന്ത! കഷ്ടമിവനുടെ മുമ്പിൽ ഞാൻ
നിന്നു കാര്യം പറയുന്നനേരത്തു 919
നിന്ദിച്ചീടുമീ രാക്ഷസരൊക്കവേ
വന്ദ്യനാകുന്ന നമ്മുടെ സ്വാമിക്കും 920
വന്നീടുമല്ലോ കിഞ്ചന പോരായ്മ
താഴത്തിരുന്നു ഭിക്കിലിരിക്കിലോ 921
താഴ്ചയുണ്ടു വരുവാനതുകൊണ്ട്,
ചിത്താംഗത്തിലിത്തരം ചിന്തചെ- 922
യ്തുത്തമോത്തമനായ കപിവരൻ
അത്യന്തായതമായൊരു വാലുകൊ- 923
ണ്ടുത്തുംഗമാമൊരു സിംഹാസനം തീർത്തു
കൈലാസാദ്രിശിഖരമതിന്മീതേ 924
കാലകാലനിരുന്നതും പോലെ
വാലുകൊണ്ടു ചമച്ചൊരു പീഠത്തിൻ- 925
മേലെ മേവിനാൻ മാനിയാം മാരുതി.
“ഉമ്പർകോൻതാനുമമ്പോടു കമ്പിടും 926

വമ്പനാമെന്റെ മുമ്പിൽ വന്നിങ്ങനെ
ഡംഭു കാട്ടുന്നതാരെന്നുമത്ര തേ 927
കിംപ്രയോജനമെന്നതും ചോദിപ്പിൻ!”
കിങ്കരന്മാരോടിങ്ങനെ കല്പിച്ച 928
ലങ്കാനായകനായുള്ള കേട്ടവർ
എങ്കിൽ ഞാൻ വേണം ഞാൻ വേണം ചോദിപ്പാൻ
എന്നു നിശ്ചയിച്ചെല്ലാരുമൊന്നിച്ചു
മാരുതിയുടെ നേരേ കടന്നു നി- 930
“ന്നാരു നീയെ”ന്നു ചോദിപ്പാനായിട്ട്
ആരംഭിച്ചോരു നേരം കപികുല- 931
വീരനാമവനിങ്ങനെ ചൊല്ലിനാൻ:—
“ഭൂരത്നങ്ങളൊട്ടു മാറുവിൻ, നിങ്ങളോ- 932
ടാരൊട്ടുമർത്ഥം ചൊല്ലുകയില്ലെടോ
ധീമാനാകുന്ന രാക്ഷസരാജനോ- 933
ടാരും കേൾക്കാതെ ചോദിപ്പാനൊന്നുണ്ട്.”
എന്നിവണ്ണമുരചെയ്തു മാരുത- 934
നന്ദനൻ ദശകന്ധരൻ തന്നോട്
മന്ദഹാസവും ചെയ്തുടനാദരാൽ 935
മന്ദമങ്ങുരചെയ്തു തുടങ്ങിനാൻ:—
“അല്ലേ രാക്ഷസരാജ! മഹാമതേ! 936
നല്ല സൌഖ്യമതല്ലേ ഭവാനിപ്പോൾ?
അല്ലലെന്തെന്നുമുണ്ടോ വിശേഷിച്ച് 937
തെല്ലു സങ്കടമുണ്ടെന്നു തോന്നുന്നു.
ഫലമില്ലാതെ യുദ്ധേ മരിച്ചോരു 938

ബലശാലിയാം നിന്നുടെ പുത്രൻെറ
തിലകന്മാങ്ങളെല്ലാം കഴിഞ്ഞിതോ? 939
കുലമെല്ലാം മുടിക്കുന്ന കശ്മല!
ഇനിയാപത്തിതിൽപ്പരമോരോന്ന- 940
ങ്ങനവധി വരുവാനിരിക്കുന്നു.
മനതാരിങ്കൽ നന്നായൂന്നികൊ- 941
ണ്ടേറവലവും സൂക്ഷിച്ചു പാർത്താലും!
വലുതാകുമനർത്ഥങ്ങളോരോന്നു 942
തലയിൽ വന്നു കേറുന്നതിൻമുമ്പേ
പല യത്നങ്ങൾ ചെയ്യിട്ടു നിക്കണം 943
ഫലമില്ലെടോ പിന്നെ വിചാരിച്ചാൽ.
ഫണിഭേച്ചനാം പൂരുഷൻെറ വിഷം 944
പണിപെട്ടിട്ടും വേഗമിറക്കാതെ
ക്ഷണമാത്രമതൊന്നു മടിക്കുകിൽ 945
ക്ഷണമാത്രേണ ജീവൻ നശിച്ചിടും.
കുലധർമ്മം വെടിഞ്ഞു നടക്കുന്ന 946
ബലലോകത്തിനെല്ലാമൊടുക്കത്തു്
കുലനാശം വരിക്കുമെന്നോർത്താലും 947
നലമോടു നിശാചരപുംഗവ!
മനുവംശപ്രദീപൻെറ ഭാര്യയാം 948
ജനകാത്മജയാകുന്ന ദേവിയെ
വനസീമനി വന്നു നീ കട്ടതും 949
മനസി തവ നന്നെന്നു തോന്നുന്നോ?
ഭുവനത്തിനു മൂന്നിനും സാക്ഷിയാം 950

രവിവംശപ്രദീപനാം രാമനും
പ്ലവംഗപുംഗവൻ സുഗ്രീവനും കൂടി 951
തവ വംശമശേഷം മുടിച്ചീടും.
അവർ ചൊല്ലിയയച്ചോരു ദൂതനെ- 952
ന്നറിക ഭവാനെന്നെ ദ്ദശാനന!
അറിവോരാം കാരണോന്മാരു നിന്നോടു 953
പറഞ്ഞാൽ ഫലമില്ലെന്നതാകിലും
കുറഞ്ഞൊന്നു ഗുണദോഷമായിട്ടു 954
പറയാമതു കേട്ടാലും രാവണ!
അറിവോരാം പെരുത്ത ജനത്തിനു- 955
മറിയാതെയൊരു ബോധം പിന്നത്തുപോം
ഇനിയെങ്കിലും വൈകാതെ ചെന്നുടൻ 956
ജനകാത്മജയാകുന്ന സീതയെ
മനുവംശപ്രദീപനു നൽകി നീ 957
വിനയമോടു വന്ദിച്ചുകൊള്ളുക
വിരവോടിതു ചെയ്യുവെന്നാകിലോ 957
വരം നൽകും നിനക്കു രഘൂത്തമൻ
കുറഞ്ഞൊന്നു മടിച്ചുവെന്നാകിലോ 958
കുലമെല്ലാം മുടിക്കുമസംശയം!
ഖരദൂഷണന്മാരുടെ ചോരയെ 959
പരിചോടു കുടിച്ചു മദിച്ചോരു
ശരമിന്നു രഘൂത്തമൻ തന്നുടെ 960
കരം തന്നിലിരിക്കുന്നു രാവണ!
വാലിന്മേൽ നിന്നെ കെട്ടി വലിച്ചുടൻ 961

നാലുദിക്കിലും ചാടി നടന്നൊരു
ബാലിയെപ്പോലെ നിഗ്രഹം ചെയ്യാതെ 962
ബാണനുമുണ്ടു സ്വാമി കരത്തിങ്കൽ,
അന്യായങ്ങളോ പലതും പ്രവർത്തിച്ചു 963
ദുർന്നയനിധിയാകുന്ന നിന്നെയും
കൊന്നു ചോര കുടിക്കുന്നതെന്നതു 964
നന്നായാഘോഷിച്ചു മേവുന്നിതുള്ളത്തിൽ.
ബാണമേറ്റു മരിക്കാതെ രാമന്റെ 965
പ്രാണവല്ലഭ തന്നെക്കൊടുത്തു നീ
കാണിനേരം കളയാതെ തൽപദേ 966
വീണു നന്നായി വന്ദിച്ചുകൊള്ളുക."
ശത്രുപക്ഷം പ്രശംസിച്ചുതന്നെക്കൊ- 967
ണ്ടെത്രയും ബാഹ്യ ദൂഷണമായിട്ടും
ഇത്ഥമാശരാനാധിക്ഷേപം കേട്ടവൻ 968
ക്രുദ്ധനായിച്ചമഞ്ഞു ദശാനനൻ.
"ഉള്ളിലേറ്റവും ക്രുദ്ധാടിച്ചുടൻ 969
കൊള്ളിവാക്കുകളിങ്ങനെ ചൊല്ലുന്ന
കള്ളനാകും കുരങ്ങിനെ വെട്ടിയ- 970
ങ്ങെള്ളിനൊപ്പം നുറുക്കുവിൻ വൈകാതെ."
കല്പനകളിതിങ്ങനെ കേട്ടപ്പോൾ 971
അല്പമെങ്കിലും സംശയിച്ചീടാതെ
ക്ഷിപ്രം ചെന്നടുത്തു ഭടജനം 972
അപ്പോൾ ചെന്നു തടുത്തു വിഭീഷണൻ,
രാവണനെത്തൊഴുതുര ചെയ്തു:— 973

“കേവലമൊരു കാൎയ്യത്തെച്ചെയ്യുവാൻ
സാവധാനമായ് ചിന്തിച്ചുറയ്ക്കുന്നേരൽ 974
ഏവനെങ്കിലുമാപത്തു വന്നീടും
ദൂതനിഗ്രഹം ചെയ്കയെന്നുള്ളത് 975
ഏതുജാതിക്കുമില്ലാ വിധിച്ചിട്ട്
വേദശാസ്ത്രനിഷിദ്ധമാം കൎമ്മത്തെ 976
ചെയ്തീടുന്നോൻ നരകെ പതിച്ചീടും
ദൂതനെക്കൊല ചെയ്യുന്ന പൂരുഷൻ 977
പാതകിമാരിൽ മുമ്പനെന്നോൎക്കണം
നീതിശാലികൾക്കീവിധം കൎമ്മങ്ങൾ 978
ചെയ്തുകൂടാ നിനച്ചാലൊരുനാളും
അത്രയുമില്ലവനെയൊരുത്തനെ 979
മാത്രമിന്നു വധിച്ചാലതുകൊണ്ടു
അത്രകാൎയ്യം നമുക്കെന്തുള്ളു പിന്നെ 980
ചിത്തതാരിൽ വഴിപോലെ ചിന്തിക്ക.
ദുൎയ്യശസ്സു ഭവിക്കയല്ലാതെ 981
കാൎയ്യമെന്തിതുകൊണ്ടു നമുക്കുള്ളു?
ആൎയ്യ! രാവണ! വീര! ഭവാനൊട്ടും 982
കാൎയ്യബോധമതില്ലാത്തോനല്ലല്ലോ!.”
ഭക്തനാകും വിഭീഷണൻ തന്നുടെ 983
യുക്തിയുക്തവചനങ്ങൾ കേട്ടപ്പോൾ
ചിത്തതാരിങ്കൽ ബോധിച്ചു രാവണൻ 984
ഇത്ഥമങ്ങുരചെയ്താനനന്തരം:—
“എങ്കിലസ്തു; വധിക്കേണ്ടാ; രാമന്റെ— 985

കിങ്കരനാമിവനുടെ വാലിന്മേൽ
ശങ്കകൂടാതെ വഹ്നി കൊളുത്തുവിൻ 986
ശിഖിയാടിപ്പിൻ ലങ്കാപുരം തന്നിൽ.
വാനരശ്രേഷ്ഠ വാലിന്നു കിഞ്ചന 987
ഹാനി വന്നാലതിൽപ്പരം മറ്റൊരു
ദൈന്യമില്ലെന്നു കേട്ടിരിപ്പു ഞാനും 988
ന്നൂനമിന്നിതു നല്ലൊരു കൌശലം."
കണ്ഠരവമൊഴിഞ്ഞു തദാ ദശ- 989
കണ്ഠനിങ്ങനെ കല്പിച്ച നേരത്തു
മുണ്ടു, പട്ടു, പുടവകളെന്നിവ 990
കൊണ്ടുവന്നുതുടങ്ങി പലവിധം
രണ്ടുമംശത്തും നിന്നു വസനങ്ങൾ 991
കൊണ്ടു രാക്ഷസർ ചുറ്റിത്തുടങ്ങിനാർ.
നീണ്ടുകണ്ടു തടിച്ചൊരു പുച്ഛത്തെ 992
വേണ്ടുവോളവും നീട്ടിനാൻ മാരുതി.
കൊണ്ടുവന്നതശേഷവും ചുറ്റിട്ടും 993
രണ്ടുകാലിട വാലുണ്ടവശിഷ്ടം,
മണ്ടിച്ചെന്നിതു പിന്നെയും രാക്ഷസർ 994
കൊണ്ടുവന്നു വളരെ വസനങ്ങൾ
ഉറ്റമേറവുമുള്ളോരവനുടെ 995
എറ്റം നീണ്ടു കിടക്കുന്ന വാലിന്മേൽ
ചുറ്റിച്ചുറ്റിക്കരങ്ങൾ തളർന്നവർ 996
ചുറ്റും നിന്നു മിഴിച്ചു തുടങ്ങിനാർ.
വാലിനേതുമവസാനം കാണാഞ്ഞു 997

തൈലം കൊണ്ടന്നൊഴിച്ചു നനച്ചുടൻ
പാവകനെ കൊളുത്തി പതുക്കവേ 998
സാവധാനമിരുന്നു ഹനുമാനും.
സീതതൻറെ സമാധിബലംകൊണ്ടും 999
പാതിവ്രത്യപ്രഭാവമതുകൊണ്ടും
വീതിഹോത്രനതുനേരമേറ്റവും 1000
ശീതനെന്നു തോന്നി ഹനുമാനും.
ജ്വാലാമാലാസമേതനായ് നിന്നിതു 1001
വാലിന്മേലതു നേരമനലനും.
കൈലാസാദ്രി സമാനമാം ദേഹത്തെ 1002
നാലിലൊന്നു ചുരുക്കി മഹാബലൻ
പാശബന്ധനമോചനം വന്നപ്പോൾ 1003
കീശവര്യൻ കുതിച്ചങ്ങു ചാടിനാൻ.
ആശരാധിപൻ തന്നുടെ ഹർമ്മ്യത്തെ 1004
ആശു വഹ്നിക്കധീനമതാക്കിനാൻ.
രാജഗേഹങ്ങൾ തന്റെ ഗൃഹങ്ങളും, 1005
രാജമന്ദിരങ്ങളുമന്യഗൃഹങ്ങളും
രാജിലോചനമാരുടെ മന്ദിര- 1006
രാജിയും പല പൂജാഗൃഹങ്ങളും
മന്ത്രശാലാ മധുപാനശാലകൾ 1007
മന്ത്രികളുടെ മന്ദിരവൃന്ദവും,
ചന്ദ്രശാലകൾ ചത്വരങ്ങളും 1008
ചന്ദനദ്രുമവാടി വിശേഷങ്ങൾ,
ഭോജനഗൃഹപംക്തികളും പല- 1009

ഭോജനങ്ങളിരിക്കും ഭവനങ്ങൾ
ആനപ്പന്തികളശ്വത്തൊഴുകൾ 1010
മാനിനികടെ നൃത്തഗൃഹങ്ങളും,
ആയുധങ്ങൾ നിറച്ചു വെച്ചോരു 1011
ആയതങ്ങളാമായതനങ്ങളും,
പാകശാലകൾ പാനഗൃഹങ്ങളും, 1012
ലോകരമ്യങ്ങളന്തഃപുരങ്ങളും,
നാടശാല നടപ്പന്തലും മണി- 1013
മേടകളും മഹാസൌധരാജിയും,
ഹാടകഗൃഹപംക്തികളും ബഹു- 1014
മോടിതേടും മണിഗൃഹങ്ങളും,
മാടണിമുലമാരും വിടന്മാരും 1015
കൂടിത്തമ്മിലൊരുമിച്ചു മേളിച്ചു
ക്രീഡചെയ്തു രസിച്ചു വസിച്ചിടും 1016
കേടകന്നോരു നല്ല ഗൃഹങ്ങളും
പാടി, തോടി, വരാടികളെന്നിവ 1017
പാടി മോടികലർന്നു നടന്നിടും
ചേടിമാരുടെ വീടുകളും സമ- 1018
വാടികൾ വിവിധാട്ടാലജാലവും,
എന്നുവേണ്ട സകല നിശാചര- 1019
മന്ദിരങ്ങളിലൊക്കെപ്പിടിപെട്ടു.
വഹ്നി നന്നാജ്ജ്വലൻ ചമഞ്ഞിതു 1020
വന്നിതന്നേരം നല്ല കൊടുങ്കാറ്റും
നന്ദനനാകുമഞ്ജനാപുത്രനും 1021

തന്നുടെ സഖിയാകുമനലനും
തന്നാലാകും സഹായങ്ങൾ ചെയ്യണം 1022
എന്നുറച്ചു മനസി പവമാനൻ.
ഊ ഊ ശബ്ദം മുഴക്കി നിശാചര- 1023
ഗേഹംതോറും വിലസിത്തുടങ്ങിനാൻ.
കാററുകൂടെ സ്സഹായമായ്വന്നപ്പോൾ 1024
ഏററം കത്തി ജ്വലിച്ചാനനലനും,
ശത്രുമന്ദിരമാംഗൃഹകളെ 1025
ശക്രനോടങ്ങു ചെന്നു ധരിപ്പിപ്പാൻ
ധൂമമൂമായ ധൂമം സുരവര- 1026
ധാമസീമനി ചെന്നു പരന്നിതു.
കത്തിക്കാളുന്നൊരഗ്നിശിഖകൾ ചെ- 1027
ന്നെത്തി ഗ്ഗാത്രേ പിടിപെട്ട നേരത്തു
അത്തൽപൂണ്ടു നിലവിളിച്ചോടിയും 1028
ചത്തു ഭൂമിയിൽ വീണു ചില ജനം.
മദ്യപാനവുംചെയ്തു സുഖിച്ചുടൻ 1029
മത്തകാശിനിമാരൊടുമൊന്നിച്ചു
മത്തനായിട്ടൊരുവനുറങ്ങുമ്പോൾ 1030
തത്ര ചെന്നു പിടിച്ചു മഹാനലൻ
അർദ്ധഗാത്രം ദഹിച്ചു വിവശരായ് 1031
സത്വരമെഴുന്നേററങ്ങു മണ്ടുമ്പോൾ
ഉത്തരമൊന്നു കത്തി മുറിഞ്ഞുടൻ 1032
മസ്തകേ വീണു ചത്തു വിധിവശാൽ.
തിണ്ണു കത്തിപ്പിടിച്ചു ചിലരുടെ 1033

മെയ്യുശേഷം ഭേദിച്ചെഴുന്നേല്പാൻ
വയ്യാതായി വലഞ്ഞു കരഞ്ഞവർ 1034
കയ്യും കാലും പിടച്ചു മരിക്കുന്നു
അശ്രുശുഷ്കണിജ്വാലകളേല്ക്കയാ- 1035
ലാശരകുലനാരീജനത്തിന്റെ
കേശമൊക്കെക്കരിഞ്ഞു നിലവിളി- 1036
ച്ചാശു പാഞ്ഞങ്ങുമിങ്ങും നടക്കുന്നു.
അയ്യോ കഷ്ടമെനിക്കെന്റെ ദൈവമേ 1037
തീയ്യിൽ വീണു മരിപ്പാനവകാശം
ചെയ്യരുതാത്ത കർമ്മങ്ങളൊന്നുമേ 1038
ചെയ്യുമാറില്ല, ഞാനെന്നതിൽ ചിലർ.
മേടകളുടെ മീതെ യഥാസുഖം 1039
മാടണിമുലമാരോടുമൊന്നിച്ചു
ഗാഢഗാഢം പുണർന്നങ്ങനെ വക 1040
ശുദ്ധപൂരുഷന്മാർ വസിച്ചീടുമ്പോൾ
നാലുഭാഗത്തുമൊന്നിച്ചു പാവക- 1041
ജ്വാലചെന്നു പിടിച്ചോരനന്തരം
ജാലമാർഗ്ഗേണ ചാടിയനേരത്തു 1042
കാലൊടിഞ്ഞു മരിച്ചു ശിവ! ശിവ!!.
കഷ്ടം! കഷ്ടം! മുലകുടി മാറാത്ത 1043
കുട്ടികളോരോ ദിക്കിൽ കിടന്നുടൻ
ചുട്ടു ചുട്ടു നിലവിളിച്ചഗ്നിയിൽ 1044
പെട്ടു കണ്ണും മിഴിച്ചു മരിക്കുന്നു.
മുട്ടുകുത്തി നടക്കും ശിശുക്കളെ 1045

കെട്ടിപ്പുറിയെടുത്തുടൻ നാരിമാർ
കൂട്ടമിട്ടുടനേററവും വേദന- 1046
പ്പെട്ടു പാരത്തു കരഞ്ഞു നടക്കുന്നു.
നാരിമാർ ചിലർ പുത്രനെക്കാണാഞ്ഞു 1047
പാരം ദുഃഖിച്ചു പാരത്തു നടക്കുമ്പോൾ
മാരുതിയുടെ മുമ്പിലകപ്പെട്ടു 1048
ചോര ഛർദ്ദിച്ചു വീണു മരിച്ചുപോയ്.
വ്യാധിമൂലമെഴുന്നേല്പാൻ വയ്യാതെ 1049
ആതുരരായ്ക്കിടക്കുന്ന കൂട്ടക്കാർ
ജാതവേദസ്സു വന്നു പിടിച്ചപ്പോൾ 1050
ജാതഖേദമുറക്കെ കരകയും
ഹാ ഹതോസ്മി ഞാനെന്നു കഥിക്കയും 1051
താതമാതാക്കന്മാരെ വിളിക്കയും,
ജ്ഞാതികളോടു ഖേദമുരക്കയും, 1052
വീതിഹോത്രനിൽ വീണു മരിക്കയും,
"വാതരോഗം പിടിച്ചാതുര മൂലയിൽ 1053
മാതുലനങ്ങു മൂടിക്കിടക്കുന്നു
ഏതൊരു ദിക്കിൽ കൊണ്ടുപോകുന്നിതാൻ 1054
ജാതകത്തിൻ ഫലമെന്നു ചിലർ
പാതകിയാകും നമ്മുടെ തമ്പുരാൻ 1055
സീതയെക്കൊണ്ടു പോരിക കാരണം
ഖേദമേവം നമുക്കു ഭവിക്കുവാൻ 1056
ചേതമിപ്പോളവനേതുമില്ലല്ലോ.
നീതിയും നിജ ധർമ്മവും നിഷ്ഠയും 1057

സാധുമാർഗ്ഗവും സന്ത്യജിച്ചിങ്ങനെ
കൈതവം തന്നെ കാട്ടും പുരുഷനെ 1058
എത്ര കൂട്ടത്തിൽക്കൂടെ ഗ്ഗണിക്കേണ്ടു.
ധർമ്മമാർഗ്ഗമശേഷം വെടിഞ്ഞുതാൻ 1059
നിർമ്മര്യാദങ്ങളിങ്ങനെ കാട്ടുന്ന
ദുർമ്മതികൾക്കു നന്മ വരുത്തുമോ 1060
കർമ്മസാക്ഷിയായീടും കുലദൈവം?
ധർമ്മശീലനാം രാഘവൻ തന്നുടെ 1061
ധർമ്മദാരങ്ങളെക്കണ്ടു കാമിച്ച്
മന്മഥാർത്തനാം രാവണനിങ്ങനെ 1062
നമ്മെയൊക്കെ വലപ്പുമാറാക്കിനാൻ.
എന്തിനേവം പലവക ചൊല്ലുന്നു 1063
എന്തു നാമിനിച്ചെയ്യേണ്ടു ദൈവമേ?"
ഇങ്ങനെയവർ തമ്മിൽ കഥിക്കയും 1064
ഞെങ്ങിഞെരുങ്ങിയുഴന്നു നടക്കയും,
സങ്കടം സഹിയാഞ്ഞു ചില ജനം 1065
തൻകരംകൊണ്ടു മാറത്തടിക്കയും,
കങ്കണഗണം പൊട്ടിത്തെറിക്കയും, 1066
ശങ്കര! ശിവ!യെന്നു ജപിക്കയും
ബന്ധുവൃന്ദത്തെ തേടി വിളിക്കയും 1067
ചെന്തീയെത്താത്ത ദിക്കിലൊളിക്കയും
സന്താപാംബുധൌ നീന്തിക്കുളിക്കയും 1068
അന്തമില്ലാത്ത ബാഷ്പം കുളിക്കയും
സിംഹവിക്രമനാകും ഹനുമാന്റെ 1069

സിംഹനാദങ്ങൾ കേട്ടു ഭയപ്പെട്ടു
ലങ്കാവാസികളൊക്കെയുമിങ്ങനെ 1070
സങ്കടപ്പെട്ടു തീൎന്നു ക്ഷണംകൊണ്ടു്
ശങ്കകളുമിവിടെയിരിക്കട്ടെ; 1071
ഉൽക്കടതരമാകുന്ന പാവകൻ
അത്യുദാരങ്ങളാകും ഗൃഹങ്ങളിൽ 1072
കത്തിക്കത്തിപ്പിടിച്ചു ക്രമത്താലേ
പട്ടുകൾ പല ശീലത്തരങ്ങളും 1073
കെട്ടിയിട്ടു നിറച്ച പുരകളിൽ
പെട്ടന്നഗ്നി പിടിപെട്ടു നേരത്തു 1074
മുട്ടിയാകാശേ പാവകജ്വാലകൾ.
പുഷ്പശോഭ കലൎന്നോരു രത്നങ്ങൾ 1075
ഇട്ടു പൂട്ടി നിറച്ചുവെച്ചുള്ള
പെട്ടകങ്ങളും പൊട്ടിത്തെറിക്കുന്ന 1076
നിഷ്ഠുരമാം ഝട ഝട ശബ്ദവും,
പെട്ടു പാവകജ്വാലയിലാനകൾ 1077
കൂട്ടമിട്ടങ്ങലറുന്ന ഘോഷവും,
വട്ടകൾ മണിത്തൂണുകളെന്നിവ 1078
പൊട്ടി ഭൂമിയിൽ വീഴുന്ന ശബ്ദവും,
ഇന്ദ്രനീലമണിസൌധവീഥിയിൽ 1079
വഹ്നിധൂമങ്ങൾ ചെന്നു നിറഞ്ഞപ്പോൾ
ഇന്ദ്രവൈരിപുരത്തിലൊരു ലക്ഷം 1080
ഇന്ദ്രചാപങ്ങളുണ്ടായിതന്നേരം.
സ്ഫാടികമാകും ക്രീഡാശിഖരിയിൽ 1081

പാവകജ്വാല ചെന്നു പിടിച്ചപ്പോൾ
ഹാടകാദ്രിയും കൈലാസവും തമ്മിൽ 1082
കൂടിക്കാഴ്ചയെന്നൊന്നു ഭ്രമിച്ചീടും.
സ്വർല്ലോകത്തോടു തുല്യമാമിപ്പുരം 1083
കല്ലുപോരാ മതിലിനെന്നോർത്തുടൻ
നല്ലവണ്ണമനലൻ ശിലകൾ കൊ- 1084
ണ്ടല്ലാസേന മതിലൊന്നു നിർമ്മിച്ചു.
പല്ലവങ്ങളും നല്ല സുമങ്ങളു- 1085
മെല്ലാം മാരുതി തച്ചു തകർത്തിട്ടും
ഇല്ലാ ശോഭക്കേടുദ്യാനത്തിന്നൊന്നു 1086
ചൊല്ലുമാറാക്കീ പാവകജ്വാലകൾ
അത്യുന്നതമായൊരു ഗോപുര- 1087
മൂർദ്ധ്നി പാവകൻ കത്തുന്നതു കണ്ടാൽ
വൃത്രവൈരിപുരത്തിൽ കൊളുത്തിയ 1088
ചിത്രദീപികയെന്നു തോന്നിടും.
ഓരോന്നിങ്ങനെ വിസ്തരിച്ചീടുവാൻ 1089
പോരാ സാമർത്ഥ്യമിന്നു നമുക്കേതും.
മാരുതാത്മജനാകും ഹനുമാന്റെ 1090
സാരസൽക്കഥാശേഷം ശ്രവിക്കുവിൻ
*ഏഴുനൂർ ശതയോജന. വിസ്താരം 1091
ഏഴുന്നീടുന്ന ലങ്കാപുരമെല്ലാം
ഉടനൊന്നര നാഴികകൊണ്ടവൻ 1092
പൊടിഭസ്മമതാക്കി മഹാബലൻ
മനതാരിങ്കലിത്തരം ചിന്തിച്ചു 1093

ജനകാത്മജ മേവീടുമുദ്യാന
അനലൻ ചെന്നതിക്രമിച്ചെങ്കിലോ 1094
പുനരെന്തിനിതൊക്കവേ ചെയ്തതും,
മനുവംശപ്രദീപനാം രാമനോ- 1095
ടിനിയെന്തിനുണർത്തിച്ചിടേണ്ടതും,
മനസി മദമേറുന്നവർക്കില്ലാ- 1096
മനർത്ഥങ്ങളിവണ്ണം തെളിച്ചീടും.
ജലരാശിയെച്ചാടി കടന്നതും, 1097
പലരാക്ഷസരെക്കൊല ചെയ്തതും,
ഫലപുഷ്പതതികളൊടിച്ചതും, 1098
ഫലമില്ലാതെയായിട്ടു വന്നല്ലോ.
അവനീസുതയാകുന്ന സീതക്കും 1099
ഭുവനേശ്വരനാകുന്ന രാമനും
നവമായൊരു സങ്കടമുണ്ടാകാൻ 1100
അവിവേകിതാൻ ഹേതുവായ്വന്നല്ലോ.
തവ പതിയെക്കണ്ടു ഞാനെന്നതും, 1101
അവളഗ്നിയിൽ പെട്ടുപോയെന്നതും,
ദിവസേശവംശപ്രദീപനാം 1102
അവനോടഹം ചെന്നു പറയുമ്പോൾ
പരിതാപം സഹിയാതെ തൽക്ഷണം 1103
അതുപോൽ ചെയ്യുന്നതെന്തെന്നറിഞ്ഞീലാ
തിരുമേനിക്കു തന്നെ പെരുതായി- 1104
ട്ടൊരു ഹാനി വരുമോ ഗ്രഹിച്ചീലാ
ഇതിനൊക്കവേ കാരണമായിട്ട് 1105

അതിപാപിയാം ഞാനെന്നു വന്നല്ലോ.
മതിമാനായ മാരുതനന്ദൻ 1106
ഇതി ചിന്തിച്ചു ദുഃഖിച്ചിരിക്കുമ്പോൾ
ശ്രുതി രണ്ടും കുളിക്കവേ നല്ലൊരു 1107
സുധകോരിയൊഴിക്കും കണക്കിനെ
സുഷമൂന്നാക്കുമാകാശഭാഷിതം 1108
സപദി ബത! കേട്ടുഹനുമാനും.
"മതിശാലിയാം മാരുതേ! നിന്നുടെ 1109
മതിഭേദമിതെല്ലാം മതി, മതി,
സതിമാരിൽ വച്ചുത്തമയാകുന്ന 1110
ക്ഷിതിനന്ദിനി മേവുന്ന ദിക്കിലും
അതിഭക്തൻ വിഭീഷണൻ മേവുന്ന 1111
സദനത്തിലുമഗ്നി കടന്നീലാ.
ഇതു ചിന്തിച്ചു മാനസേ സങ്കടം 1112
അതിയായിട്ടു വേണ്ട നിനക്കെടോ!"
ഗഗനേചരവാക്കുകളിങ്ങനെ 1113
ഗഹനാശയൻ മാരുതി കേട്ടപ്പോൾ
മഹീനന്ദിനിയാകുന്ന ദേവിയെ 1114
ബഹുമാനിച്ചു പിന്നെയും പിന്നെയും.
ഇനി വേഗേന പോകയെന്നിങ്ങനെ 1115
മനതാരിൽ നിശ്ചയിച്ചുജ്ജസാ
ജനകാത്മജ മേവീടുമുദ്യാനെ 1116
ജവമോടങ്ങു ചെന്നിതു പിന്നെയും
കനകോപമഗാത്രിയാം ദേവിയെ 1117

കുസുമങ്ങളുമുത്തവനാച്ചിച്ച്
അഥ മൂന്നു പ്രദക്ഷിണം വച്ചുടൻ 1118
അതിഭക്ത്യാ നമസ്കരിച്ചീടിനാൻ.
"പവമാനതനുജ! മഹാമതേ! 1119
തവ നല്ല ഗുണങ്ങളും ഭവിച്ചീടും
ഇവരോടു നീ പോയാലും; മന്നടെ 1120
ധവനോടു കഥകളും പറഞ്ഞാലും."
ജനകാത്മജ തന്നുടെ വാക്കുകൾ 1121
ജനിതാദരമിങ്ങനെ കേട്ടുടൻ
വിനയാന്വിതനായിട്ടു മാരുത- 1122
തനയൻ പുനരേവമുണർത്തിച്ചു:—"
ജനകാത്മജേ! ദേവി! ഭഗവതി! 1123
മനതാരിൽ വിഷാദമിനി വേണ്ടാ
ദിനമഞ്ചാറു ചെല്ലുന്നതിൻ മുമ്പേ 1124
മനുവംശപ്രദീപനാം രാമനും,
അനുജനാം സുമിത്രാതനയനും, 1125
ദിനനാഥതനയനും മറ്റുള്ള
വിനതാംഗദനീലമധുമുഖ- 1126
പനസാദിപ്ലവംഗപ്രവരരും,
വിനയലവമില്ലാതെയുള്ളോരു 1127
വനചാരിയാം വാനരസൈന്യവും,
ഹനുമാനായ ഞാനുമൊരുമിച്ച് 1128
അനലംഘനം ചെയ്തു സമുദ്രത്തെ
ധനപൂർണ്ണയാം ലങ്കയിൽ വന്നുടൻ 1129

ധനമാനജനാകും ദശാസ്യനെ
തനയാനുജബന്ധുജനത്തോടേ 1130
ഹനനം ചെയ്തു പിന്നെ ഭവതിയെ
രഥമേറ്റി നിജപുരിയിൽ ദശ- 1131
രഥനന്ദനൻ കൊണ്ടുപോയിടും.
ആധിവേണ്ട മനസ്സിലൊരല്പവും 1132
അഥ നാലഞ്ചു വാസരം പാർത്താലും,"
ഇതി ചൊല്ലി പവമാനനന്ദനൻ 1133
സതിയാകുമവളെ തൊഴുതുടൻ
പ്രതിയാത്ര പറഞ്ഞുടനേറവും 1134
കൃതകൃത്യനായ് തോരണമാർച്ചവൻ.
ജയമോടു നിവൃത്തിച്ചു വന്നുടൻ 1135
ജലരാശി തടത്തെ പ്രവേശിച്ചു.
ജ്വലത്തായൊരു വാലാഗ്നിയെസ്സിന്ധു- 1136
ജലത്തിൽ ബത! മുക്കിക്കെടുത്തവൻ
പരമാനന്ദമോടു ത്രികൂടമാം 1137
ഗിരിമൂർദ്ധാവിൽച്ചെന്നു കരേറിനാൻ.
പരിചോടുയോദ്രിയതിൽ ദിന- 1138
കരനും പുനരസ്ത്യകമേറിനാൻ.
മാരുതാത്മജൻ തത്ര നിന്നേറവും 1139
ഘോരമായിട്ടു നാലഞ്ചലറിനാൻ.
പാരമദ്രികളുലുമാറങ്ങനെ 1140
വിരവൊന്നു കുതിച്ചങ്ങു ചാടിനാൻ.
ദുഃഖമോടുടനക്കരെ നില്ക്കുന്ന 1141

മർക്കടവരരൊക്കെയുമന്നേരം
ഉൽക്കടതരമായ ഹനൂമാന്റെ 1142
ഹിങ്കനാദത്തെ കേട്ടോരനന്തരം
കേട്ടതെന്തെന്നറിയാഞ്ഞവരെല്ലാം 1143
കൂട്ടമോടെ കുഴങ്ങിത്തുടങ്ങിനാർ.
എന്തൊരാരവം കേട്ടിതു ഘോരമായ് 1144
എന്തെന്നുമറിഞ്ഞീല ഞാനെടോ!
മേഘഗർജ്ജിതമെന്നു മതമെങ്കിൽ 1145
മേഘങ്ങളുമേ കാണുന്നതില്ലല്ലോ
വാരിധിരവമെന്നു വരുവാനും 1146
പോരസംഗതി ചിന്തിച്ചുകാണുമ്പോൾ
വാരിധിയുടെ വൻതിരയൊന്നുമേ 1147
തീരസീമനി വന്നടിക്കുന്നില്ല;
സാരനാകുന്ന ജാംബവാൻ ചൊല്ലിനാൻ 1148
"മാരുതാത്മജനാകും ഹനുമാന്റെ
ആരവമിദമെന്നു മമ മതം 1149
വീരനാമവൻ സീതയെ ദർശിച്ചു."
അംഗദനാം യുവരാജനും പുന- 1150
രങ്ങനെ തന്നെയെന്നുരച്ചീടിനാൻ.
ഇങ്ങനെയുള്ള ശബ്ദത്തെ കേൾക്കവാൻ 1151
സംഗതിയില്ല മറ്റൊന്നു ചിന്തിച്ചാൽ,
മർക്കടക്കൂട്ടമൊക്കെയുമന്നേരം 1152
മർക്കടേന്ദ്രൻ വരുന്നതു കാണ്മാൻ
തിക്കിത്തിക്കിത്തരക്കീണ്ടരിക്കനെ 1153

തെക്കേദ്ദിക്കിനെ നോക്കീമരുവിനാർ,
ദ്ദൂരത്തങ്ങൊരു നക്ഷത്രതുല്യമായ് 1154
പാരം സൂക്ഷ്മമൊരുകാന്തി കാണായി,
നേരെ സൂക്ഷിച്ചു പിന്നെയും നോക്കുമ്പോൾ 1155
ശാരദേന്ദുസമമായിക്കാണായി,
വാരി വർഷിച്ചു പാരം വെളുത്തൊരു 1156
വാരിദം പോലെ കാണായനന്തരം,
കാലം കിഞ്ചിൽ കഴിഞ്ഞോരനന്തരം 1157
കൈലാസാദ്രികണക്കിനെക്കാണായി,
ഇങ്ങനേ ക്രമത്താലേ കപികുല- 1158
പുംഗവനാം പവമാനനന്ദനൻ
തുംഗമാകും മഹേന്ദ്രഗിരിയുടെ 1159
ശൃംഗസീമനി ചാടിവീണീടിനാൻ,
മന്ദമെന്യേ മഹേന്ദ്രശിഖരത്തിൽ 1160
നിന്നു താഴത്തിറങ്ങി ഹനൂമാനും,
ചെന്നു വന്ദിച്ചാനംഗദൻ തന്നെയും 1161
വന്ദ്യനാകുന്ന ജാംബവാൻ തന്നെയും
വൃത്താന്തങ്ങളശേഷമവരോട- 1162
ത്യന്താദരപൂർവ്വകം ചൊല്ലിനാൻ
ചിത്തമോദമിയന്നു പവമാന- 1163
പുത്രനേയവരാശ്ലേഷിച്ചീടിനാർ,
“വന്നു,വന്നു”ഹനൂമാനെന്നിങ്ങനെ 1164
നിന്ന വാനരസൈന്യമശേഷവും
ചെന്നു നിന്നു ചുഴലവും മാനസ- 1165

നന്ദമോടെ പരിഷ്വജിച്ചീടിനാർ,
സീതാദേവിയെക്കണ്ടതും, രാക്ഷസ- 1166
നാഥനെച്ചെന്നു കണ്ടു പറഞ്ഞതും,
യാതുധാനരെക്കൊന്നതും, ലങ്കയെ 1167
വീതിഹോത്രനു കാഴ്ചയായ്ച്ചതും,
സ്ഫീതമാകുന്നൊരത്ഭുതമഞ്ജസാ 1168
ചെയ്ത വിക്രമപ്രക്രമമൊക്കയും.
സാദരമവർ ചോദിച്ചനേരത്തു 1169
വാതനന്ദനൻ വെവ്വേറെ ചൊല്ലിനാൻ.
ഗന്ധവാഹസുതവചനാമൃത- 1170
സിന്ധുസ്രോതസ്സിൽ കൂടെയൊലിച്ചുടൻ
സന്തോഷാംബുധിമദ്ധ്യേ പതിച്ചതിൽ 1171
നീന്തി മുങ്ങിക്കളിച്ചു കപികുലം,
“മാരുതേ! തവ നന്നായ്‌വരികെ”ന്നും, 1172
“വീര! വീര! ജയിക്ക” മേവരെന്നും,
“ഭൂരികീർത്തി ഭവിക്കം” തനിക്കെന്നും, 1173
ഓരോരാശീർവ്വചനങ്ങൾ ചൊല്ലിയും,
കയ്യു ചെന്നു പിടിച്ചു ചിലർ തന്റെ 1174
മെയ്യണച്ചു പുണർന്നുമപരന്മാർ
“നീയൊരുത്തനൊഴികെയിതൊക്കയും 1175
ചെയ്യുവാനേതൊരു വീര”നെന്നും ചിലർ.
ചാടിയും ചിലരോടിയും തങ്ങളിൽ 1176
കൂടിയും ഹനൂമാനെ പ്രശംസിച്ചു
ആടൽ തീർന്നടനട്ടഹസിക്കയും, 1177

പാടവമവരോരോന്നു കാട്ടിയും,
ഉദ്യോഗംകൈകൊണ്ടുറച്ചു നടിക്കയും, 1178
മദ്യപാനാദി ചെയ്തു മദിക്കയും,
"സുദിനമിദ"മെന്നു കഥിക്കയും, 1179
ഔദ്ധത്യാഹങ്കാരമേറാമൂളിക്കയും,
"എങ്കിൽ നാമിനിപ്പോക"യെന്നിങ്ങനെ 1180
പങ്കജോത്ഭവപുത്രൻ പറഞ്ഞപ്പോൾ
ശങ്ക വിട്ടുടനാർത്തു വിളിച്ചവർ 1181
സംഘമിട്ടഥ യാത്ര പുറപ്പെട്ടു.
ഇടിവെട്ടി മുഴങ്ങുന്നതുപോലെ 1182
പടഹാദികൾ കൊട്ടിത്തകർത്തുടൻ
കടൽവീചികളിൽനിന്നു കപികുലം 1183
ഝടിതി നടകൊണ്ടു തുടങ്ങിനാർ,
അടവീതലമാ[illegible]നൃത- 1184
കടകങ്ങൾ നഗങ്ങളുമിവ
ഉടനങ്ങു കടന്നു നടക്കവേ 1185
ഉടലേറെത്തളർന്നിതവർക്കെല്ലാം,
അതുനേരം പുരോഭുവി കാണായി 1186
അതിമോദകരമാകുമുദ്യാനം.
മധുകാനനമെത്ര മനോഹരം 1187
അതിശീതളമത്യന്തപാവനം,
മൃദുപല്ലവപുഷ്പഫലങ്ങൾ കൊ- 1188
ണ്ടിടതൂർന്നു നിറഞ്ഞു പരന്നുള്ള
വടവില്വപനസലകുചാമ്ര- 1189

വിടപികുലസങ്കുലം സുന്ദരം,
മൃദുവാതചലാചലപല്ലവ- 1190
കളികുലകാനനശോഭിതം,
മധുമത്തമധുവ്രതകോകില- 1191
മധുരാരവഗീതമനോഹരം.
കമലോല്പലകല്ഹാരശോഭിത- 1192
വിമലാംബു വിവിധജലാശയം.
സുമപല്ലവശോഭിലതാഗൃഹ- 1193
സമധിഷ്ഠിതസാരസസഞ്ചയം,
മധുകാനനമിങ്ങനെ കണ്ടപ്പോൾ 1194
മതിമോദമിയന്നുടനപ്ലവഗം
അതിവേഗമോടാർത്തു വിളിച്ചുകൊ- 1195
ണ്ടതിനുള്ളിൽ കടന്നാരസംശയം.
ഫലപുഷ്പനിരന്തരപാദപ- 1196
കുലമൻപൊടു കണ്ടാരനന്തരം.
ബലശാലികളാമവരോരോരോ 1197
കലശലു കൂട്ടിത്തുടങ്ങിനാർ,
വലുതായ മരങ്ങളിൽപ്പാടിയ- 1198
ങ്ങലസാതെ കരേറിയതിൽച്ചിലർ
നലമോടുടൻ നല്ല ഫലങ്ങളെ 1199
കലയോടെ പറിച്ചു തുടങ്ങിനാർ.
ചില വമ്പന്മാരൻപോടു കൊമ്പുകൾ 1200
ബലമോടെ പിടിച്ചു കുലുക്കയും,
ചിലരായതു കണ്ടു വിലക്കയും, 1201

ചിലർ താഴത്തു നിന്നു പെറുക്കയും,
തലയോളത്തു ചെന്നു കരയേറി 1202
ച്ചിലർ പക്വങ്ങൾ ഞെക്കിപ്പറിക്കയും,
കലിതാദരമങ്ങു ഭുജിക്കയും, 1203
ചില കായകൾ ദൂരെത്ത്യജിക്കയും,
കുലവാഴകൾ ചാടിപ്പിടിക്കയും, 1204
ചില വാഴ ചവിട്ടിയൊടിക്കയും,
മലവാഴകൾ പാടേ മുടിക്കയും, 1205
ജലമമ്പൊടു കോരിക്കുടിക്കയും,
ദ്രുമപങ്ക്തികൾ തച്ചു തകൎക്കയും, 1206
സുമസഞ്ചയം തല്ലിയുതിൎക്കയും,
ഫലപക്വങ്ങൾ തിന്നു തിമൎക്കയും, 1207
ചിലർ തമ്മിൽ കലഹിച്ചെതിൎക്കയും,
ഇപ്രകാരം പലവിധസാഹസ- 1208
മപ്ലവംഗവരന്മാർ തുടൎന്നപ്പോൾ
അപ്രദേശത്തെ രക്ഷിപ്പതിന്നായി 1209
കല്പിതനായ വീരൻ ദധിമുഖൻ-
മൎക്കടകുലനായകനാകുന്നൊ- 1210
രൎക്കനന്ദനൻതന്നുടെ മാതുലൻ
ഉൽക്കടതരകോപമിയന്നുടൻ 1211
വക്കാണിപ്പതിനെത്തി വിരവോടേ,
"ആരിതാരിപ്പോ നമ്മെ ഭയപ്പെടാ- 1212
താരാമത്തിൽ കടന്നിങ്ങു വന്നതും,
സാരമാകും സുമഫലസഞ്ചയം 1213

ചോരണം ചെയ്തുകൊണ്ടു തിരിച്ചതും,
ആരുടെ വനമെന്നു മിണ്ടിടം 1214
ആരക്ഷിച്ചു പോരുന്നവെന്നതും.
നേരപോലെ വിചാരിച്ചറിയാതെ 1215
നേരേ വന്നു നന്നു നന്നാത്രയും
സൂര്യപുത്രനാം സുഗ്രീവൻതന്നുടെ 1216
ആരാമമിതുമെന്നു ധരിക്കണം,
നേരുകേടുകൾ കാട്ടുന്ന നിങ്ങളോ- 1217
ടാരുമൊന്നും ചോദിപ്പാനില്ലയോ?
നേരോടിക്കഥ തമ്പുരാൻ ബോധിച്ചാൽ 1218
ചേരും ദണ്ഡനമതികം ദൃഢം,
ഭാരമോരോ പത്തു തലയിൽ വലിച്ചിട്ടാൽ 1219
തീരാൻ ദുർഘടമായിട്ടു വന്നിടും.
ഞങ്ങളോടുമറിയാതെ വന്നിഹ 1220
ഭംഗി ചേരുന്നൊരുദ്യാനമാകവേ
ഭഞ്ജനം ചെയ്തു നിങ്ങടെ മസ്തക- 1221
ഭഞ്ജനമതും ചെയ്യാതടങ്ങുമോ"
ഇത്ഥമോരോന്നു ചൊല്ലി ദധിമുഖൻ 1222
യുദ്ധത്തിന്നായടുത്തോരനന്തരം.
ഉദ്ധതരാകുമംഗദാദികളും 1223
ഉത്തരമതിനൊന്നും പറയാതെ
സത്വരം ചെന്നു പൊത്തിപ്പിടിച്ചുടൻ 1224
പൃഥ്വിതന്നിൽ മറിച്ചു വലിച്ചിട്ടു
ഹസ്തമെന്നപൊരിപ്രഹരത്താൽ 1225

അന്തകാലമാം വരുത്തിപ്പമപ്പുടൻ
"ഒത്ത ദിക്കിൽ പോയാലും ഭാസ്കര- 1226
പുത്രൻതന്നുടെ മാതുലനാകയാൽ
അത്ര ദുർമ്മതിയെങ്കിലും നിന്നുടെ 1227
മൃത്യു ഞങ്ങൾ വരുത്തുകയില്ലെടോ"
കണ്ണും മൂക്കുമിടികളുമേറുടൻ 1228
അസ്ഥിയെല്ലാം തകർന്ന ദധിമുഖൻ
ചിന്തചെയ്തൊന്നു സുഗ്രീവൻ മേവിടും 1229
ദിക്കു നോക്കി ദ്രുതതരം മണ്ടിനാൻ.
പേടിയോടവനോടിയ നേരത്തു 1230
കൂടെവന്ന കപികുലമൊക്കവേ
ഒട്ടടൽ പൂണ്ടുടനോടിയരോരോരോ 1231
കാടകങ്ങളിൽച്ചെന്നൊളിച്ചിടിനാർ.
നല്ലപകപം, ഫലം, ജലം, മറ്റുമെ- 1232
ന്നെല്ലാം ഭക്ഷിച്ചുദരം നിറച്ചുടൻ
അല്ലൽ തീർന്നുടനാഞ്ജനേയാദികൾ 1233
തെല്ലും താമസിയാതെ പുറപ്പെട്ടു.
സാനുമാനായ മാല്യവാൻ തന്നുടെ 1234
സാനുതന്നിലിരുന്നരുളീടുന്ന
സാനുജനായ രാമനെക്കാണ്മവാൻ 1235
സാനന്ദമോദം നടന്നാരവരെല്ലാം.
ദൂരവേ നിന്നു കണ്ടു സുരപുര- 1236
ചാരി മുട്ടും ഗിരിവരശൃംഗത്തെ
പരമാനന്ദമുൾക്കൊണ്ടതിനുടെ 1237

നേരെ നോക്കി നടന്നിതു പിന്നെയും
ചാരുപുഷ്പഫലദലപൂർണ്ണമാം 1238
ദാരുവൃന്ദം നിബിഡമായ് കാണായി
ഓരോ വന്യവിഹംഗം തിരിച്ചുടൻ 1239
നേരേ കാണായി മുന്നാമതഞ്ജസാ
വിശ്വസൃഷ്ടിസ്ഥിതിഹേതുമൂലമാം 1240
വിശ്വനായകൻ വാണരുളീടുന്ന
വിശ്വാരമ്യമായഗ്രേ വിളങ്ങീടും 1241
ആശ്രമമതു കാണായനന്തരം
അഗ്രജനെ വണങ്ങി വിനയമോ- 1242
ടഗ്രേ നിൽക്കുന്ന ലക്ഷ്മണൻതന്നെയും,
അഗ്ര്യശീലനാം സുഗ്രീവൻതന്നെയും, 1243
ആകപികുലസേനകൾ കാണായി.
ഇന്ദ്രനീലമണിനീലസുന്ദരാ- 1244
സാന്ദ്രശോഭയെ കാണായി മദ്ധ്യത്തിൽ
നിന്നു സൂക്ഷിച്ചനേരം ദശരഥ- 1245
നന്ദനനുടെ വിഗ്രഹം കാണായി.
അരുണാംബുദതുല്യജടാധരം, 1246
ഹരിണാങ്കസമാനമുഖാംബുജം,
കരുണാർദ്രകടാക്ഷനിരീക്ഷണ- 1247
പരിതോഷിതവാനരസൈനികം,
ശരദിന്ദുവിനിന്ദിതചന്ദ്രികാ- 1248
രമണീയമനോജ്ഞമുഗ്ദ്ധസ്മിതം,
ദരശോഭിതകണ്ഠസ്ഥലം, നിജ- 1249

കരശോഭിതബാണധനുർദ്ധരം
പരിവീതപിശംഗപ്രതിനവ- 1250
തരവല്ക്കലകൃകടിതടം,
ശരണാഗതലോകപരിതാപ- 1251
ഹരണൌഷധപാദസരോരുഹം,
ഇതി രാഘവരൂപത്തെ കണ്ടുടൻ 1252
മതിമോദമിയന്നുടനെല്ലാരും
അതിഭക്ത്യാ വണങ്ങി വിനയമോ- 1253
ടതിദൂരവേ നിന്നോരനന്തരം
പവനാത്മജൻ ചെന്നു പ്രഭുവിന്റെ 1254
പദപത്മം തൊഴുതു പറഞ്ഞവേ
"തവ പത്നിയെക്കണ്ടേനടിയ"നെ- 1255
ന്നവനന്പൊടു മുമ്പിലുണർത്തിച്ചു.
ജനകാത്മജയാദരിച്ചയാൽ ഉത്തമമാം 1256
അനഘതരച്ചൂഡാമണിയതും
മനസി ബഹുമോദേന മാരുതി 1257
മനുവംശപ്രദീപനു നൽകിനാൻ.
ഘനവാഹനനായ സുരപതി- 1258
തനയൻ പണ്ടു കാകാകൃതി പൂണ്ടു
തനുദാരണം ചെയ്തോരു വൃത്താന്തം 1259
ജനകാത്മജ ചൊന്നതും ചൊല്ലിനാൻ.
പുനരുണ്ടായ വൃത്താന്തമൊക്കയും 1260
ജനകാത്മജതന്റെ ചരിത്രവും
ദിനനാഥകുലോത്തമനോടാശു 1261

മന്നവശേഖരനോടു ധരിപ്പിച്ചു.
കിരണോജ്ജ്വലമായ മഹാമണി 1262
ഭരതാഗ്രജൻ മാറത്തു ചേർത്തുടൻ
വിരഹാധി കളഞ്ഞു ജനകജാ- 1263
പരിരംഭസുഖം ലഭിച്ചീടിനാൻ.
അരികത്തു തൊഴുതു വസിക്കുന്ന 1264
ഹരിവീരനായീടും ഹനുമാനെ
വരികെന്നു വിളിച്ചുടൻ തന്നുടെ 1265
കരംകൊണ്ടു പിടിച്ചു പതുക്കവേ
പരിണാഹിയാം മാറത്തു ചേർത്തുടൻ 1266
പരിരംഭണം ചെയ്തു രഘുവരൻ
പരിതോഷമിയന്നുടനീവണ്ണം 1267
അരുൾചെയ്തു കരുണാകരൻ പരൻ.
"പെരുതായ സമുദ്രം കടന്നുചെ- 1268
ന്നരിമന്ദിരമമ്പോടു പുക്കുടൻ
തരുണീമണി സീതയെ കണ്ടതും, 1269
പരമാർത്ഥമശേഷമറിഞ്ഞതും,

പുനരേറ്റമുചിതമാം വാക്യത്താൽ
ജനകാത്മജയ്ക്കാശ്വാസം ചേർത്തതും, 1
ചിത്രമാകിയ രാവണോദ്യാനത്തെ
ത്തത്ര പിന്നെസ്സമസ്തം തകർത്തതും, 2

പോരിനായ്വന്ന രാവണസൈന്യത്തെ
ദ്രാവീഴ്ത്തും പുനരാശു കൊന്നതും, 3
അക്ഷനാദിനിശാചരവര്യരെ
ദക്ഷതയോടത്ര വധിച്ചതും, 4
രാവണൻതന്നെക്കണ്ടു ഗുണദോഷം
കേവലനീതിമാർഗ്ഗേണ ചൊന്നതും, 5
ലങ്കാപട്ടണം ചുട്ടുടൻ രാക്ഷസാ-
ഹങ്കാരമെല്ലാം തീർത്തുകളഞ്ഞതും, 6
ചിത്രമേററം വിചിത്രം വിചിത്രമെ-
ന്നത്ര സർവ്വരുമെന്നും പുകഴ്ത്തിടും 7
എന്നതു തന്നെയല്ലാ നിരൂപിച്ചാ-
ലിന്നതു ഞാൻ ചുരുക്കിപ്പറയുന്നേൻ. 8
സീതാദേവീവിരഹാർത്തനാമെന്നെ
സീതാസന്ദേശദിവ്യൌഷധത്തിനാൽ 9
കല്യനാക്കിച്ചമച്ച ഭവാനോടു
തുല്യനായിനിക്കില്ലൊരു ബന്ധുവും, 10
അത്യുദാര! ഭവാനായതിനു ഞാൻ
പ്രത്യുപകാരം ചെയ്യുവാനാളല്ല. 11
എന്നാലുമിപ്പോളുത്തമാചിനെത്തന്നെ
നന്നായിബ്ഭവാനായ്ക്കൊണ്ടു നല്കുന്നേൻ.” 12
ഇങ്ങിനെയരുൾചെയ്തു രഘൂത്തമൻ
തിങ്ങിന ഹർഷകാരുണ്യമൊടുകൊണ്ടു 13
തന്നെത്തന്നെ കൊടുക്കുന്നതുപോലെ
പിന്നെയൊട്ടുമെ താമസം കൂടാതെ 14

മംഗളമായ തന്റെ തിരുമേനി
ഭംഗമെന്നിയേ മാരുതിയിൽ ചേൎത്തു് 15

ഗാഢഗാഢമായാലിംഗനം ചെയ്തു
രൂഢശോകം വിഴുങ്ങി നാരായണൻ. 16

സമാപ്തം.

ശുഭം.

കേരള സാഹിത്യ അക്കാദമി

കേരള സാഹിത്യ
അക്കാദമി

ടിപ്പണി.

1. വാരണാനനൻ=ആനയുടെ മുഖംപോലെയുള്ള മുഖത്തോടുകൂടിയവൻ. വാരണം=തടവ്; വിഘ്നങ്ങൾ=മുടക്കങ്ങൾ.

3. പ്രണത . . . പരായണൻ=വന്ദിക്കുന്നവൎക്കു ഇഷ്ടം കൊടുക്കുന്നവൻ.

4. ഫണിഭൂഷണൻ=സൎപ്പങ്ങളെ ധരിക്കുന്നവൻ. ദക്ഷിണാമൂൎത്തി=ശിവൻ (വിദ്യാൎത്ഥികൾക്കു പ്രത്യേകം ആരാധ്യനായിട്ടുള്ള ശിവന്റെ ഒരു ധ്യാനഭേദം.)

5. ശുക . . . സേവിതൻ=ശുകൻ, നാരദൻ ദേവന്മാർ മുതലായവരാൽ സേവിക്കപ്പെടുന്നവൻ.

6. ശുകമന്ദിരം=കിളികളിരിക്കുംഗേഹം. സുകവിത്വം=നല്ല കവിയെന്നുള്ള അവസ്ഥ.

7. വാരണ . . . പദൻ=ശിവനാൽ നമിക്കപ്പെടുന്ന പാദങ്ങളോടുകൂടിയവൻ.

8. ഭീഷണാസുരഹന്താവ്=ഭയങ്കരന്മാരായ അസുരന്മാരെ കൊല്ലുന്നവൻ. യദുകുലഭൂഷണൻ=യാദവകുലത്തിനലങ്കാരമായിട്ടുള്ളവൻ (ശ്രീകൃഷ്ണൻ.) സുരവാഹിനീനാഥൻ=അമ്പലപ്പുഴെ തേവര് (അമ്പലപ്പുഴെ കൃഷ്ണൻ എന്നു പ്രസിദ്ധം)

10. ജനങ്ങൾ=മനുഷ്യർ.

13. നിജാനന്ദകഥ=തനിക്കു സന്തോഷമുണ്ടാകുന്ന കഥ (തന്റെ പൂൎവ്വചരിത്രം.) സങ്കോചിക്ക=ചുരുക്കുക.

14. ശാപമോക്ഷം=ശാപമുക്തി. (ഹനുമാൻ ബാല്യത്തിൽ മഹൎഷിമാരുടെ ആശ്രമങ്ങളിൽ കടന്ന് അവരുടെ ഹോമപാത്രങ്ങളും മറ്റും നശിപ്പിച്ചിരുന്നതിനാൽ ഭൃഗു, അംഗിരസ്സു മുതലായ മഹൎഷിമാർ ഒരു ശാപം കൊടുത്തിട്ടുണ്ട്. "നിന്റെ ബലം നിനക്കു ഓൎമ്മയില്ലാതെ പോകട്ടെ. മററു വല്ലവരും നിന്നെ ഓൎപ്പിക്കുമ്പോൾ മാത്രമേ ഓൎമ്മയുണ്ടാവൂ." എന്നാണ്

ശാപം. വാല്മീകിരാമായണം ഉത്തരകാണ്ഡം മുപ്പത്താറാം സൎഗ്ഗം നോക്കുക.

15. ഋക്ഷപാൎത്ഥൻ = വാനരശ്രേഷ്ഠൻ.

16. ക്ഷമൻ = സമൎത്ഥൻ.

20. മേഘപുഷ്പം = വെള്ളം.

21. മേഘനാദം = ഇടിമുഴക്കം.

23. വജ്ര . . . ദംഷ്ട്രകൾ = വജ്രംപോലെ കഠിനമായ പല്ലുകൾ.

24. ശിരോമാൎഗ്ഗം = തലയുടെ മുകളിൽ. (വാലുയൎത്തിപ്പിടിച്ചതിനാൽ തലയുടെ മീതെ കാണാമെന്നു സാരം).

25. പ്രേരിക്കുക = ഉത്സാഹിപ്പിക്കുക.

26. ലോചനപ്ലുതം = കണ്ണുകളെ മിഴി.

29. സൂത്രം = ചരട്. ചായം = ചെരിവായി. (ശ്രീ. വി.)

30. മാതൃ . . . മൂൎദ്ധ്നി = ആകാശപ്രദേശത്തിന്റെ മുകളിൽ.

31. ആരോഹണം = കയറുക.

34. പവമാനസുതൻ = വായുപുത്രൻ.

38. ഋജുത്വം = വിസ്തീൎണ്ണം. വിദ്യാധരാലയം = അവരുടെ വാസസ്ഥലം. മദ്ധ്യ . . സിന്ധുസം = കടലിന്റെ നടുവിൽ.

40. ബന്ധുരം = മനോഹരം.

43. ശീഘ്രം = വേഗം.

46. കിമപി = കുറച്ച്.

48. നീരാധിപൻ = വെള്ളത്തിന്റെ നാഥൻ (വരുണൻ.)

50. അദ്ധ്വശ്രാന്തി = വഴിയാത്രാക്ഷീണം.

55. കായമാംസാദിനി = ദേഹത്തിലെ മാംസം തിന്നുന്നവൾ. ഛായാഗ്രാഹിണി = നിഴൽ പിടിക്കുന്നവൾ. തോയാന്തചാരിണി = വെള്ളത്തിനുള്ളിൽ സഞ്ചരിക്കുന്നവൾ.

57. ക്ഷുത്തൃഡാദി = വിശപ്പ്, ദാഹം മുതലായതു്.

59. തൽക്ഷ...ഉത്സുക = കുട്ടിയെ കാണാൻ താല്പൎയ്യമുള്ളവൾ.

62. ചാപ...ബാണം = വില്ലിൽനിന്നു വിട്ട അമ്പു്.

63. ലംഘിതാംബുധി = സമുദ്രം കടന്നവൻ.

64. കൊള്ളിമീൻ = തീക്കൊള്ളി എറിയുന്നതുപോലെ ആകാശത്തുകൂടെ അതിവേഗത്തിൽ പായുന്ന ജ്യോതി നക്ഷ

ത്തം. (മിന്നാമിനുങ്ങ്=മീൻ എന്ന് നാമാന്തരം) ധൂകയം, കെ ള്ളികിൻ, ധൂമകേതു ഇത്യാദികൾ ഉൽപാതങ്ങളും നാശസൂചകങ്ങളുമാണെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു.

66. മാർജ്ജിക്ക=തടവിപ്പിക്ക.

67. ഘോരശോകം=വലിയശോകം.

71. കംസാപഹൻ=ശ്രീകൃഷ്ണൻ.

73. ഉല്ലാസം=വളരെ സന്തോഷം.

74. ഭർത്സിതൻ=ശകാരിക്കപ്പെട്ടവൻ.

75. മാതരിശ്വാത്മജൻ=വായുപുത്രൻ.

80. [illegible]

88. മർക്കടകീടൻ=വാനരാധമൻ.

86. മാതംഗം=ശൂലം.

92. കൈതവം=വ്യാജം.

93. [illegible]

100. സുരപുരി=സ്വർഗ്ഗം.

101. കല്പിത ഭവനം.

103. പ്ലവഗപുംഗവൻ=വാനരശ്രേഷ്ഠൻ.

104. ബ്രഹ്മശാസനം=ബ്രഹ്മാവിന്റെ കല്പന.

116. ഉന്നതം=ഉന്നതിയുള്ളത്. മാർജ്ജാരാകാരം=പൂച്ചയുടെ ആകൃതി.

117. ഉന്നതാശയൻ=മനസ്സുന്നതിയുള്ളവൻ.

118. ശില്പിശാലകൾ=തട്ടാന്മാർ മുതലായവരുടെ പണിപ്പുരകൾ. വിശാല=വളരെ വിസ്താരമുള്ളത്. വാജിശാല=കുതിരപ്പന്തി. പാനീയശാല=തണ്ണീർപ്പന്തൽ.

119. നാടകശാല=നാടകങ്ങൾ ആടുന്ന കെട്ടിടം. ഭോജനശാല=ഊട്ടുപുര. യന്ത്രശാലകൾ=യന്ത്രങ്ങൾ സൂക്ഷിക്കുന്ന ശാലകൾ. ചന്ദ്രശാലകൾ=നിലാമുറ്റങ്ങൾ.

121. ലീലാശൈലങ്ങൾ=കളിക്കാനുള്ള കുന്നുകൾ.

122. തരംഗതാപം=കാമതാപം.

128. വാപി=കുളം. തടാകം=പൊയ്ക.

131. അന്തഃപുരം=ഗൃഹങ്ങളിൽ സ്ത്രീകളിരിക്കുന്ന ഭാഗം.

132. അന്തരായം = തടവ്.
133. കാന്തം = മനോഹരം.
137. സൌധമേ = മാളികയിൽ.
139. കിന്തു = എന്നാൽ. സ്വാന്തേ = മനസ്സിൽ.
141. അശോകവനിക = അശോകവനം.
143. ഞെളിക = തകർക്ക. ഉദ്വേജിപ്പിക്ക = ഭയപ്പെടുത്തുക.
144. ഉദ്യൽക്ലേശം ദീനം = ദുഃഖമുള്ള. ഹൃദി...ഉദിതം = മനസ്സിലുണ്ടായ.
145. സദ്യഃ ഏവ = തൽക്ഷണത്തിൽ തന്നെ. ഹൃദ്യപുഷ്പം = മനോഹരങ്ങളായ പൂക്കൾ. ഭൂതനികരം = ഭൂതഗണം.
146. പ്രാണനെ ചല്ലു = അയക്ക.
148. വൃക്ഷകോടരം = മരപ്പൊത്ത്.
149. ആരവാരഘോഷം = ശബ്ദഘോഷം.
152. അംഗാരപ്രഭ = തീക്കനലിന്റെ നിറം.
153. നദിക്ക = ശബ്ദിക്ക.
155. മാധ്വീപാനം = തേൻകുടിക്കുക.
157. പ്രത്യുദിതം = ഉദിച്ചുവന്നത്.
158. കോകിലങ്ങൾ = കുയിലുകൾ. ശലഭങ്ങൾ = ഈയലുകൾ. അശിക്ക = തിന്നുക.
160. രാജമാനം = ശോഭിച്ചുള്ളത്.
161. കിസലയം = തളിര്. അംശുകം = വസ്ത്രം.
163. വിദ്രുമങ്ങൾ = പവിഴങ്ങൾ. സന്താനങ്ങൾ = കല്പവൃക്ഷങ്ങൾ.
165. ആശരേന്ദ്ര...വനം = ലങ്കയിലുള്ള ഉദ്യാനം. ശിംശപാമൂലേ = ശിംശപാവൃക്ഷത്തിന്റെ ചുവട്ടിൽ (ശിംശപാ = ഇരുവിൾ.)
170. പുഷ്കരിണി = ജലാശയം. (കുളം)
185. ആതങ്കാഗ്നി = ദുഃഖമാകുന്ന തീയ്.
191. പക്ഷ്മളാക്ഷി = സുന്ദരി.
192. രൂക്ഷൻ = ക്രൂരൻ.
196. ഭൂരിയത്നം = വലിയ അവധാനം.
197. ചൈത്രിദിനം = ഒരുകൃഷ്ണദിവസം.
200. ഭൂതികാമർ = ഐശ്വര്യമുള്ളവർ.
206. കുരംഗായതനയനാ = മാൻകണ്ണി (സുന്ദരി)

209. വിദ്രുമാധരി = പവിഴനിറത്തിലുള്ള ചുണ്ടോടുകൂടിയവൾ.

210. കഞ്ജോത്ഭവൻ = ചതുരാനനൻ. കഞ്ജപത്രവിലാസം = താമരയിതളിന്റെ ഭംഗി.

211. കണ്ഠനാളം = മനോഹരമായ കഴുത്ത്.

218. യഥാസുഖം = സുഖമായിട്ട്.

221. ഉല്പലാസ്ത്രൻ = കാമൻ.

222. വജ്രകല്പം = വജ്രംപോലെയുള്ളത്.

229. ചിത്തജാർത്തി = കാമബാധ.

232. അത്യുദാരം = വളരെ നല്ലത്.

234. കർണ്ണഭൂഷണം = കുണ്ഡലം. പൂർണ്ണശോഭം = നല്ല ഭംഗിയുള്ളത്.

238. കാഞ്ചി = അരഞ്ഞാണ്. (പൊന്നിന്റേത്.)

239. വക്ഷസി = മാറിടത്തിൽ.

243. ഫാലദേശം = നെറ്റി. തിലകം = പൊട്ട്.

244. താംബൂലം = വെറ്റില.

251. സുരസുന്ദരികൾ = ദേവസ്ത്രീകൾ.

254. ഏക = ഒരുത്തി. ദസകംചെല്ലു = വീഴുക.

255. മാർജ്ജിക്ക = തുടയ്ക്ക.

260. മീന.....ആതുരൻ = കാമബാണംകൊണ്ടു പരവശൻ. ബഹിർഭാഗം = പുറത്ത്.

268. മൗനം അവലംബിക്ക = മിണ്ടാതിരിക്ക.

269. ദേവപ്രീതികരം = ദേവകൾക്കു സന്തോഷമുണ്ടാക്കുന്നത്.

പാവനം = പരിശുദ്ധം.

ത്രേതാഗ്നിവേദി = ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി ഈ മൂന്നഗ്നികളേയും സ്ഥാപിക്കുന്നതിനായി പരിഷ്കരിച്ചുണ്ടാക്കിയ തറ.

276. വൈമുഖ്യം = വിരോധം.

280. അലബ്ധൻ = കിട്ടാത്തവൻ. ക്രവ്യാദേശൻ = രാക്ഷസരാജൻ.

281. അവ്യയാനന്ദം = നാശമില്ലാത്ത സന്തോഷം.

287. രാമാനുരാഗം = രാമനിലുള്ള പ്രേമം.

292. കമല = ശ്രീഭഗവതി.

296. വൃത്ര.....സ്ത്രീകൾ=ദേവസ്ത്രീകൾ.

300. നന്ദ.....സുന്ദരം=മുല്ല, പാരിജാതം മുതലായ പുഷ്പങ്ങളെ കൊണ്ടു മനോഹരം. നന്ദനം=സ്വർഗ്ഗത്തിലെ പൂങ്കാവു്.

302. വിഹരിക്ക=ക്രീഡിക്ക. കിങ്ങന=കാഞ്ചു്.

303 വിത്താധീശൻ=വൈശ്രവണൻ.

305 ഉഗ്രസൈനികം=ധാരാളം സൈന്യം.

306 ഒമ്പതു നിധികൾ=മഹാപത്മം, പത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ഖർവ്വം.

311 ഇന്ദ്ര...മണികൾ=ഇന്ദ്രനീലരത്നങ്ങൾ.

314 മന്ദാരമാല=കല്പകവൃക്ഷങ്ങളുടെ പൂക്കൾകൊണ്ടുള്ള മാല. (അതു് ഒരിക്കലും സൌരഭ്യം കുറകയും വാടുകയുമില്ല.)

317 പന്നഗലോകം=സർപ്പലോകം (പാതാളം)

318 ശിരോഭൂഷണം=തലയിലണിയുന്നതു്.
മാണിക്യം=മാണിക്യക്കല്ലു സർപ്പങ്ങളുടെ ഫണങ്ങളിലുണ്ടെന്നു പ്രസിദ്ധമാണല്ലോ.

321 ചന്ദനം=കളവു്.

323 വീണാവാണി=വീണയുടെ ശബ്ദംപോലെയുള്ള വാക്കോടുകൂടിയവൾ.

327 ശിതികണ്ഠൻ=ശിവൻ.

331 ശർവ്വകാന്ത=ശിവന്റെ കാന്ത.

340 ഭൃംഗം=വണ്ടു്. (വണ്ടുകൾ ചെമ്പകപ്പൂക്കളുടെ സമീപത്തു ചെല്ലുകയില്ലെന്നു പ്രസിദ്ധം).

343 പുല്ലിനോടു പറയുന്നതാവെന്നു സങ്കല്പിച്ചതു്, പതിവ്രതമാർ ഭർത്താവിന്റെ സമീപത്തിൽവച്ചല്ലാതെ പരപുരുഷന്മാരോടു സംഭാഷണം ചെയ്യുന്നതു് അധർമ്മമാണെന്നും, വിശേഷിച്ചു നീചനായ രാവണന്റെ വിശ്വശ്രേഷ്ഠപ്രതാപാദിപ്രകടനങ്ങളിൽ ഇളക്കാനില്ലെന്നും, അവനെ താനൊരു പുല്ലുപോലെ ഗണിക്കുന്നുള്ളുവെന്നും കാണിപ്പാനാകുന്നു.

355 ഉഗ്രകർമ്മം=ക്രൂരകർമ്മം.

356 കാണിപ്പാൻ കാരണം, ധർമ്മപത്നിയും ഉത്തമയുമായ മണ്ഡോ

മറി തന്റെ ഈ ചാപല്യമെല്ലാം കണ്ടുവല്ലൊ എന്നുള്ള വിചാരം. ഓഷധീശവദനാ=ചന്ദ്രമുഖി.

359 ഘോരാചാരിണികൾ=രാക്ഷസികൾ.

361 നാലുപായങ്ങൾ=സാമ,ദാന,ഭേദ,ദണ്ഡങ്ങൾ.

365 ശയ്യാരോഹണം=മെത്തമേൽ കയറുക.

367 സോമ...ആനനാ=ചന്ദ്രമുഖി. ഇതുമുതൽ സാമം.

369 കോമളാംഗി. എന്നുമുതൽ ദാനം.

371 ലോകനാഥനെ— എന്നുമുതൽ ഭേദം.

375 അംഗുലീക്ഷപാലമാത്രം. എന്നുമുതൽ ദണ്ഡം.

377 രാക്ഷസീസാർത്ഥം=രാക്ഷസികളുടെ കൂട്ടം.

381 ദേവ...ഉപരി=ഐരാവതത്തിന്റെ പുറത്തു്.

384 മുക്തശങ്കം=സംശയം കൂടാതെ.
ജിതശ്രമം=തളർച്ചകൂടാതെ.

385 ഗതശീർഷൻ=തലപോയവൻ.

386 തൈലാഭിഷിക്തൻ=എണ്ണതേച്ചവൻ.
നളദമാല്യം=രാമച്ചത്തിമാല.

387 സപുത്രസചിവൻ=പുത്രന്മാരോടും മന്ത്രിമാരോടും കൂടിയവൻ.
ഗോമയമാം കർദ്ദമം=ചാണകക്കുഴി.

388 മഗ്നൻ=താണവൻ. (ഇതെല്ലാം മരണലക്ഷണങ്ങളാകുന്നു).

392 അപ്രിയ...ഭീതി=അനിഷ്ടവും ദുഃഖവും ഭയവും.

396 ജീവിതസംശയം=ജീവിതത്തിനോടുള്ള വേർവാടു്.

397 ജീവിതസംക്ഷയം=അന്തകാലം.

399 ശിക്ഷ=പഠിപ്പു്.

406 നഷ്ടചേഷ്ടൻ=അനക്കമില്ലാത്തവൻ.

416 ദീനരക്ഷാപരായണൻ=വലഞ്ഞവരെ രക്ഷിക്കുന്നതിൽ തൽപരൻ.

426 സഞ്ജാതം=ഉണ്ടായതു്.

433 പരിരംഭണം=ആലിംഗനം.

440 മല്ലികാമാല=മുല്ലമാല.

448 മന്ദശോഭം=തെളിവു കുറഞ്ഞു്. ഈ അദ്ധ്യായവാക്ക്, വാല്മീകിരാമായണത്തിന്റെയും അദ്ധ്യാത്മരാമായണത്തിന്റെ

യും മൂലഗ്രന്ഥങ്ങളിലില്ല. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ സീതാന്വേഷണത്തിനായി വാനരന്മാരെ അയക്കുമ്പോൾ ശ്രീരാമൻ ഹനുമാനെ വേറെ വിളിച്ച് അംഗുലീയം കൊടുത്തിട്ട് 'പിന്നെയടയാളവാക്യമതുംചൊല്ലാൻ' എന്നും ഹനുമാൻ സീതയെക്കണ്ട് അംഗുലീയം കൊടുത്ത് 'സാദരം ചൊന്നാനടയാളവാക്യവും' എന്നും പറഞ്ഞുകാണുന്നു. എന്നാൽ പ്രബന്ധം പറയുന്ന ചാക്യാന്മാരും പാഠകക്കാരും ഇവിടെ പറഞ്ഞ അർത്ഥത്തിൽ ഒരു പദ്യം ചൊല്ലി അർത്ഥം വിവരിക്കാറുണ്ട്.

446 ഭാരതി=വാക്ക്.
447 കാർമ്മുകം=വില്ല്.
449 ഗ്രാഹ...പൂരിതം=വളരെ ആമ, മുതല, തിമിംഗിലം എന്നിവയാൽ നിറയപ്പെട്ടത്.
466 പ്രായോപവേശം=ചാവാനൊരുങ്ങിപ്പട്ടിണികിടക്കുക.
458 കാമദം=അഭീഷ്ടം നല്കുന്നത്.
459 പക്ഷിനാഥൻ=പക്ഷിശ്രേഷ്ഠൻ.
460 പത്രം=ചിറക്.
464 ആത്മശ്ലാഘ=തന്നെത്താൻ പുകഴ്ത്തുക.
465 ആത്മവിക്രമം=തന്റെ വിക്രമം.
483 ചൂഡാമണി=സ്ത്രീകൾ ശിരസ്സിലണിയുന്ന ഒരു ആഭരണം.
487 ശൃണു=കേൾക്ക. വാക്യം=വാക്ക്. ഇദം=ഇത്. മമ=എന്റെ.
489 കർണ്ണേ=ചെവിയിൽ.
490 ഏകദാ=ഒരിക്കൽ. ആമിഷഖണ്ഡം=മാംസഖണ്ഡം.
492 ഉത്തരകോസലേശൻ=അയോദ്ധ്യാരാജാവ്. (ശ്രീരാമൻ) നാകനായകപുത്രൻ=ഇന്ദ്രപുത്രൻ.
493 അഞ്ജസാ=വേഗത്തിൽ.
494 തുണ്ഡം=കൊക്ക്. മുഹുർമുഹുഃ=പിന്നെയും പിന്നെയും.
495 പാഷാണപ്രക്ഷേപം=കല്ലെടുത്തെറിയുക.
498 ഐന്ദ്രി=ഇന്ദ്രപുത്രൻ.
499 ദേവരാജ...വിധികൾ=ഇന്ദ്രൻ, ശിവൻ, ബ്രഹ്മാവ് ഇവർ.
500 പാഹി. മാം. രഘുനാഥ!=രഘുനാഥ! എന്നെ രക്ഷിക്കണേ!

കേരള സാഹിത്യ അക്കാദമി

501 മാല്യം. അഭയം. ദേഹി=എനിക്കു്— അഭയം— തരേണം!.

504 ഉത്തുംഗം=ഉത്തരം.

507 മാതരിശ്വാതനുജൻ=വായുപുത്രൻ.

ജാതാനന്ദം=സന്തോഷത്തോടെ.

509 ശ്രുതം=പ്രസിദ്ധം.

515 ബാലസാലങ്ങൾ=ചെറിയ മരങ്ങൾ.

516 ഉദ്യാനാവനം=ഉദ്യാനരക്ഷ.

517 ഉദ്യോഗം=ഉത്സാഹം.

522 രാക്ഷസേശപുരോഭുവി=രാവണന്റെ മുമ്പിൽ.

534 സംഗരശൂരൻ=യുദ്ധവീരൻ.

544 ദ്വാരകം=കതിര. ശീഘ്രഗതി=വേഗത്തിലോടുന്നവൻ.

548 ശങ്കാ...ഹൃദയൻ=മനസ്സിൽ സംശയമില്ലാത്തവൻ.

554 വിപുലം=വലിയതു്. സാലം=മരം.

558 അഖിലാനന്ദം=നല്ല സന്തോഷത്തോടെ.

559 കിഞ്ചന— അപി=ഒട്ടും.

560 സഞ്ചിതക്രോധന്മാർ=വർദ്ധിച്ച കോപത്തോടുകൂടിയവർ.

582 വിശിഖങ്ങൾ=അമ്പുകൾ.

587 മുഷ്ടിപാതങ്ങൾ=കുത്തുകൾ.

588 നഷ്ടജീവന്മാർ=പ്രാണൻ പോയവർ.

590 പഞ്ചതാ=മരണം.

602 പീവരാകാരൻ=വലിയ ദേഹത്തോടുകൂടിയവൻ.

605 ജീവിത...കരം=ജന്തുക്കൾക്കു ഭയമുണ്ടാക്കുന്നതു്.

610 മായികൻ=മായയുള്ളവൻ.

618 നേത്രഗോചരം=കണ്ണിനുനേരെ.

615 മൂർത്തി=ദേഹം.

628 യുദ്ധസന്നാഹം=പോരിനുള്ള ഒരുക്കം.

ഉദ്ധതന്മാർ=ഗർവ്വിഷ്ഠന്മാർ.

630 സാന്ദ്രം=ഇടതിങ്ങിയതു്.

645 തുംഗം=ഉന്നതം.

646 തുംഗവിക്രമൻ=വലിയ പരാക്രമമുള്ളവൻ.

656 ദേവപ്രിയാർത്ഥം=ദേവപ്രീതിക്കായിട്ടു്.

കേരളസാഹിത്യ അക്കാദമി

657 ഉൽക്കടം=ഭയങ്കരം.

661 ഹസ്തചാപം=കയ്യിലുള്ള വില്ലു്.

664 ധൃഷ്ടർ=അടക്കമില്ലാത്തവർ.

665 പുഷ്ടരോഷേണ=വർദ്ധിച്ച കോപത്തോടെ.

666 ഭൃതാഹതം=മരണം.

669 ചാരണാദികൾ=സ്തുതിപാഠകന്മാർ മുതലായവർ.

672 ഇക്ഷു=കരിമ്പു്.

673 നഷ്ടജീവിതൻ=പ്രാണനില്ലാത്തവൻ.

685 മർക്കടകീടകൻ=വാനരാധമൻ.

708 ചാപലോക്തികം=ചപലമൊഴികൾ.

704 മാരസുന്ദരൻ=കാമദേവനെപ്പോലെ സുന്ദരൻ.
മാമകം=എന്റേതു.

706 ഇന്ദുസുന്ദരം=ചന്ദ്രനെപ്പോലെ മനോഹരം.

707 ചന്ദ്രിക=നിലാവു്.
നേത്രചകോരങ്ങൾ=കണ്ണുകളാകുന്ന ചകോരപ്പക്ഷികൾ. (ചകോരങ്ങൾ, ചന്ദ്രിക പാനം ചെയ്യുമെന്നു പ്രസിദ്ധം).

709 ഭൂതി=ഐശ്വര്യം. ഖ്യാതി=കീർത്തി

715 മാനസശല്യം=മനസ്സിലെ വ്യസനം.

726 ദേവ...പ്രതാപൻ=ഇന്ദ്രനെപ്പോലെ പ്രതാപമുള്ളവൻ.
രാവണി=രാവണന്റെ പുത്രൻ. (ഇന്ദ്രജിത്തു്).

732 കായ...ശൃംഗന്മാർ=കറുത്ത മലകളുടെ കൊടുമുടികളെക്കാൾ വലിയ ദേഹത്തോടുകൂടിയവർ.

735 ചിത്താദികം=ഹൃദയം പിളർന്നു.

746 വാരിദാരവം=ഇടിമുഴക്കം. ദാരുണങ്ങൾ=ഭയങ്കരങ്ങൾ.

749 സ്വൈര...വിശേഷം=ഇഷ്ടംപോലെ തമ്മിൽ സംസാരിക്കുന്ന ശബ്ദം.

750 പൂരിത...അന്തരങ്ങൾ=എല്ലാദിക്കിലും നിറഞ്ഞവ.

760 അവിവേകേന=അറിവില്ലായ്മകൊണ്ടു്.

786 പീനൻ=തടിച്ചവൻ.

791 പാടവം=സാമർത്ഥ്യം.

808 പിഷ്ടപേഷണം=പൊടി പൊടിയാക്കുക.

817 ധാൎഷ്ട്യം = കുറുമ്പ്. (അധികപ്രസംഗം).
831 രാമ...ദൂതം = ശ്രീരാമന്റെ കാൎയ്യമാകുന്ന ദൂതു്.
ധാമം = ഇരിപ്പിടം. (പാളയം).
853 ശ്രുതിമതി = ആശ്ചൎയ്യകരം.
854 പാൎത്ഥികം = അന്തകം.
855 ഉദ്ദീപസ്വരം = ഉറവും വിസ്തീൎണ്ണം.
857 കോലാഹലം = നിശ്ചലം.
863 കരതാഡനം = കൈകൊണ്ടുള്ള അടി. ബലം = കഠിനം.
നക്ഷത്രനിചയം = നക്ഷത്രങ്ങളുടെ കൂട്ടം.
864 അന്തണാഗ്രായധൎമ്മസമേതൻ = ചുവപ്പുനിറത്തിൽ ഒഴുകുന്ന ച
വിട്ടും മുതലായതിനോടുകൂടിയതു്. ഗിരിരാജൻ = പൎവ്വതം.
ഔപമ്യം = സാമ്യം.
867 സ്വരവൎത്മനി = ആകാശത്തിൽ.
868 പരമ...മായതാം = അധികം ഭയങ്കരം.
870 അധിക...വീൎയ്യൻ = വളരെ ശക്തിയും ശൌൎയ്യവുമുള്ളവൻ.
871 മുഷ്ടിപ്രഹരം = ഇടി. രുധിര...മൂൎത്തി = ചോരകൊണ്ടു ചുവന്ന
ദേഹത്തോടുകൂടിയവൻ.
872 വിധുരതരൻ = അധികം ക്ഷീണിച്ചവൻ.
874 അനല്പ...വീൎയ്യൻ = വളരെ കരുത്തുള്ളവൻ. ഹനനം = കൊല.
876 വിധിദൈവതം...അസ്ത്രം = ബ്രഹ്മാസ്ത്രം.
877 പ്രതിബന്ധിക്ക = തടുക്കുക.
879 അതിദുൎവ്വാരം = ഒട്ടും തടുപ്പാൻ വയ്യാത്തതു്.
880 വിധി = ബ്രഹ്മാവു്. കമലാസനൻ = വിഷ്ണു.
882 അഹിതപ്രതികൃതം = ശത്രുവിനാൽ അയക്കപ്പെട്ടതു്.
ദ്രുഹിണാസ്ത്രം = ബ്രഹ്മാസ്ത്രം.
883 അഹം = ഞാൻ. (തന്റെമേലില്ലാതെയായി എന്നു സാരം.)
885 പ്രതിബന്ധിക്ക = കെട്ടുക.
890 കടില...യുഗളം = വളഞ്ഞും ചന്ദ്രക്കലപോലെ തെളിഞ്ഞും
ഭയങ്കരങ്ങളായും ഇരിക്കുന്ന രണ്ടു കോമ്പല്ലുകൾ.
891 നിഖില...ഭോഗം = നെറ്റിത്തടത്തിൽ ശോഭിക്കുന്ന പുരിക
ക്കൊടി വളവു്.

892 കഠിന...രാവം = ഭയങ്കരനാദം.
894 രോഷഭീഷണൻ = കോപംകൊണ്ടു ഭയങ്കരൻ.
895 ഭീഷണി = ഭയപ്പെടുത്തൽ.
897 പാഷാണം = കല്ല്. ഏഷഃ— രാവണി— ഞാൻ = രാവണപുത്രനായ ഈ ഞാൻ.
899 ഭീഷിതാരി = ശത്രുക്കളെ ഭയപ്പെടുത്തുന്നവൻ.
908 കാണേണമെന്നിട്ട് = കാണേണമെന്നു വിചാരിച്ചിട്ട്. (പഴയ പ്രയോഗം.)
918 ആസ്ഥാനേ = സഭയിൽ.
927 കിം = എന്ത്. പ്രയോജനം = കാര്യം.
989 തിലകർമ്മം = എള്ളുകൊണ്ടുള്ള ക്രിയ. (ഉദകക്രിയ—ഉദകക്രിയക്ക എള്ളു വേണമല്ലോ.)
942 അനവരതം = എപ്പോഴും.
944 ഫണിദഷ്ടൻ = പാമ്പു കടിച്ചവൻ.
949 വനസീമനി = കാട്ടിൽ.
968 അധിക്ഷേപം = ആക്ഷേപം. (നിന്ദിച്ചു പറയുക.)
976 വേദ...നിഷിദ്ധം = വേദങ്ങളിലും ശാസ്ത്രങ്ങളിലും വിരോധിക്കപ്പെട്ടിട്ടുള്ളത്.
978 പാതകി = പാപി.
985 അസ്തു = ആകട്ടെ.
994 അവശിഷ്ടം = ബാക്കി.
999 സമാധിബലം = ധ്യാനശക്തി. പാതിവ്രത്യപ്രഭാവം = പതിവ്രതാധർമ്മത്തിന്റെ മഹത്വം.
1000 വീതിഹോത്രൻ = അഗ്നി.
1004 ഹർമ്മ്യം = മാളിക.
1006 രാജമാനങ്ങൾ = ശോഭിക്കുന്നവ. രാജീവേക്ഷണമാർ = സുന്ദരിമാർ. മന്ദിരരാജി = ഗൃഹസമൂഹം.
1007 മന്ത്രശാല = ആലോചനാമണ്ഡപം. മധുപാനശാല = മദ്യപാനഗൃഹം.
1008 ചാതുരങ്ങൾ = വളരെ ഭംഗിയുള്ളവ. ചന്ദനദ്രുമവാടി = ചന്ദനമരത്തോട്ടം.

1010 ഭാജനങ്ങൾ = പാത്രങ്ങൾ.
1011 നൃത്തഗൃഹങ്ങൾ = നൃത്തത്തിനുള്ള ഗൃഹങ്ങൾ.
1012 ആയതങ്ങൾ = നീളമുള്ളവ. ആയതനങ്ങൾ = ഗൃഹങ്ങൾ. പാകശാലകൾ = വെപ്പുപുരകൾ.
1013 ലോകരമ്യങ്ങൾ = ലോകത്തിൽവെച്ചു മനോഹരങ്ങൾ.
1014 മഹാ...രാജി = വലിയ മാളികക്കൂട്ടങ്ങൾ. ഹേമക...പംക്തികൾ = സ്വർണ്ണഗൃഹങ്ങളുടെ കൂട്ടങ്ങൾ.
1015 മദിരാഗൃഹങ്ങൾ = മദ്യശാലകൾ.
1018 ചേടിമാർ = ദാസികൾ.
1019 സുഖവാടികൾ = പൂങ്കാവുകൾ. വിവിധാട്ടാലജാലം = പലവിധത്തിലുള്ള കൊത്തളങ്ങൾ.
1025 ശത്രു...കഥകൾ = ശത്രുവിന്റെ ഗൃഹം ഭേദിച്ച വർത്തമാനങ്ങൾ.
1026. ധൂമളം = കറുപ്പു ചെമ്പിച്ച നിറമായിട്ടുള്ളതു്. സുരവര...സീമനി = ആകാശത്തിൽ.
1027 അഗ്നിശിഖകൾ = തീജ്ജ്വാലകൾ.
1031 അർദ്ധഗാത്രം = ഉടൽ പകുതി.
1033 മസ്തകേ = തലയിൽ.
1035 അത്യുഗ്രഫണിജ്വാലകൾ = തീജ്ജ്വാലകൾ.
1042 ജാലമാർഗ്ഗേണ = ജനലുവഴിയായി.
1050 ജാതവേദസ്സ് = അഗ്നി.
1015 ജാതാമർഷം = ദ്വേഷത്തോടെ. ഹാ! ഹന്ത...അസ്മി = അയ്യോ! ഞാൻ ചത്തു.
1052 ജ്ഞാതികൾ = സംബന്ധികൾ.
1055 പാതകി = പാപി.
1058 സാധുമാർഗ്ഗം = നല്ലമാർഗ്ഗം.
1066 കങ്കണഗണം = വളകൾ.
1069 സിംഹവിക്രമൻ = സിംഹത്തെപ്പോലെ ശൌര്യമുള്ളവൻ.
1072 ഉൽക്കടതരം = അധികം ശക്തിയുള്ളതു്. അത്യുദാരങ്ങൾ = വളരെ വലിയവ.
1079 മല...വീഥി = മലനിരത്തങ്ങളെക്കൊണ്ടുള്ള മാളികകൾ.

1080 വഹ്നിസ്ഫുരണങ്ങൾ = തീപ്പൊരികൾ. ഇന്ദ്ര...പുരം = ഇന്ദ്രശത്രുവായ രാവണന്റെ പുരം.

1081 ഇന്ദ്രചാപങ്ങൾ = മഴവില്ലുകൾ. ഇന്ദ്രൻ തന്റെ ശത്രുവായ രാവണനോടു യുദ്ധത്തിന്നു വന്നിരിക്കുന്നുവോ എന്നു തോന്നും. എന്നും ശ്ലേഷമൂലകമായ ഗമ്യോൽപ്രേക്ഷ. സ്ഫാടികം = സ്ഫടികമയം. ക്രീഡാശിഖരി = കളിക്കുന്ന്.

1082 ഹാടകാദ്രി = മഹാമേരു. (മേരു സ്വർണ്ണമയമാണെന്നും കൈലാസം വെള്ളിമയമാണെന്നും പ്രസിദ്ധം.) അഗ്നി സ്വർണ്ണവർണ്ണവും, സ്ഫടികം വെള്ളിനിറവുമാകയാൽ ഇങ്ങിനെ ഉൽപ്രേക്ഷിച്ചതാണ്.

1083 സ്വർല്ലോകം = സ്വർഗ്ഗം.

1084 ശിഖകൾ = ജ്വാലകൾ.

1085 പല്ലവങ്ങൾ = തളിരുകൾ. സുമങ്ങൾ = പുഷ്പങ്ങൾ.

1087 ഗോപുരമൂർദ്ധ്നി = ഗോപുരത്തിന്റെ മുകളിൽ.

1088 വൃത്രവൈരിപുരം = സ്വർഗ്ഗം.

1089 ചിത്രദീപിക = ഭംഗിയുള്ള വിളക്ക്. (ഒരു ആകാശവിളക്കോ എന്നു തോന്നും. എന്നുൽപ്രേക്ഷ.)

1091 എഴുനൂർ ശതയോജന വിസ്താരം. ഇതു മാതൃകാഗ്രന്ഥത്തിൽ കണ്ടുനേരെ പകർത്തിയതാണ്. ലങ്കക്ക് എഴുനൂറുയോജന വിസ്താരമെന്നാണ രാമായണത്തിൽ കാണുന്നതു്. എഴുനൂർ ശതമാകട്ടെ എഴുപതിനായിരമാകുമല്ലൊ. ഇത്ര വലിയ ഒരു തെറ്റു വ്യുൽപന്നനായ കവിക്കു വരുവാനിടയില്ല. അതു ഗ്രന്ഥമെഴുത്തുകാർ സൂക്ഷ്മക്കുറവുകൊണ്ടു വരുത്തിക്കൂട്ടിയതായിരിക്കാം. സ്വകപോലകല്പിതമായ തിരുത്തലിന് ഇവിടെ ഒരുങ്ങിയതുമില്ല.

1097 അനർഘങ്ങൾ = [illegible].

1101 അവിവേകി = വകതിരിവില്ലാത്തവൻ.

1107 ശ്രുതി = ചെവി. കളിക്കവേ = [illegible].

1108 സുധ = അമൃത്. ആകാശഭാഷിതം = അശരീരിവാക്ക്.

1109 സപദി = അപ്പോൾ.

1118 ഗഗനേചരവാക്കുകൾ = ആകാശഭാഷിതങ്ങൾ.

1114 ഗഹനാശയൻ=അതിബുദ്ധിമാൻ.

1117 കുസുമ...ഗാത്രി=പുഷ്പംപോലെയുള്ള ദേഹത്തോടുകൂടിയവൾ.

1121 ധവൻ=ഭർത്താവു്.

1122 ജനിതാദരം=ഉണ്ടായ ബഹുമാനത്തോടെ.

1126 ദിനനാഥതനയൻ=സൂര്യപുത്രൻ. (സുഗ്രീവൻ)

1127 വിനയലവം=അല്പംപോലും അടക്കം.

1128 വനചാരി=കാട്ടിൽ സഞ്ചരിക്കുന്നതു്.

1129 ധനപൂർണ്ണം=ധനം നിറഞ്ഞതു്.

1130 ധനദാനുജൻ=വൈശ്രവണന്റെ അനുജൻ.
തനയ...ജനൗഘത്തോടെ=മക്കൾ, അനുജന്മാർ, ബന്ധുക്കൾ, ഇങ്ങനെയുള്ള ആളുകളോടുകൂടി.

1131 ഹനനം=വധം.

1134 സതി=സാധ്വി. പ്രതിയാത്ര=വീണ്ടും യാത്ര.

1135 കൃതകൃത്യൻ=ചെയ്യേണ്ടതു ചെയ്തവൻ. (കൃതാർത്ഥൻ)
നിവൃത്തിക്ക=മടങ്ങുക.

1136 ജ്വലത്തു്=കത്തിക്കൊണ്ടിരിക്കുന്നതു്.
വാലാഗ്നി=വാലിലെ തീയ്.

1137 സിന്ധുജലം=സമുദ്രത്തിലെ വെള്ളം.

1138 ഉദയാദ്രി=ഉദയപർവ്വതം.

1143 ഫീത്കാരം=ഹുങ്കാരശബ്ദം.

1144 ആരവം=ശബ്ദം.

1145 മേഘഗർജ്ജിതം=ഇടിമുഴക്കം.

1147 വാരിധിരവം=സമുദ്രത്തിന്റെ ശബ്ദം.

1148 തീരസീമനി=കരയിൽ.

1149 മതം=അഭിപ്രായം.

1155 സൂക്ഷ്മം=ചെറുതു്. കാന്തി=ശോഭ.

1156 ശാരദേന്ദു=ശരൽകാലത്തെ ചന്ദ്രൻ.

1157 വാരി=ജലം. വാരിദം=മേഘം.

1160 ശൃംഗസീമനി=കൊടുമുടിയിൽ.

1163 അത്യന്ത...പൂർവ്വകം=അത്യാദരവോടെ.

1166 പരിഷ്വജിക്ക=ആലിംഗനം ചെയ്യുക.

1168 സ്ഫീതം=വലിയത്.

1169 വിക്രമപ്രക്രമം=വിക്രമത്തിന്റെ ആരംഭം.

1171 ഗന്ധവാഹ...സ്രോതസ്സ്=ഹനുമാന്റെ വാക്കുകളാകുന്ന അമൃതനദിയുടെ ഒഴുക്ക്.
സന്തോഷ...മദ്ധ്യേ=സന്തോഷസമുദ്രത്തിന്റെ നടുവിൽ.

1173 ശുഭ്രകീർത്തി=വെളുത്ത യശസ്സ്.

1174 ആശീർവ്വചനങ്ങൾ=അനുഗ്രഹവാക്കുകൾ.

1178 പാടവം=സാമർത്ഥ്യം.
ഉദ്യോഗം=ഉത്സാഹം. നടിക്ക=ശോഭിക്കുക.

1179 സുദിനം ഇദം=ഇന്ന് നല്ല ദിവസമാകുന്നു.

1180 ഏരി=ഉള്ളിൽ. അഹങ്കാരം=അഭിമാനം.

1184 ഝടിതി=വേഗത്തിൽ.

1185 പർവ്വതകടകങ്ങൾ=മലപ്പുറങ്ങൾ.

1186 പുരോഭുവി=മുമ്പിൽ.

1187 മതിമോദകരം=മനസ്സിന് സന്തോഷമുണ്ടാക്കുന്നത്.
മധുകാനനം=മധുവനം.

1188 അതിശീതളം=വളരെ തണുപ്പുള്ളത്.
അത്യന്തപാവനം=അധികം ശുദ്ധമായിട്ടുള്ളത്.
സ്ഫുട...ഫലങ്ങൾ=തെളിഞ്ഞുനില്ക്കുന്ന തളിർ, പൂവ്, കായ് (പഴം) എന്നിവ.

1189 വട...സങ്കലം=പേരാൽ, കൂവളം, പിലാവ്, ചെറുനാരകം, തേന്മാവ് ഈ വക മരങ്ങൾ നിറഞ്ഞത്.

1191 മൃദുവാത...ശോഭിതം=ചെറുകാറ്റ് ഇളകുന്ന ഇലകളോടുകൂടിയ വാഴത്തോട്ടങ്ങളെക്കൊണ്ട് മനോഹരം.

1192 മധുമത്ത...മനോഹരം=തേൻ കുടിച്ചു മദിച്ച വണ്ടുകളുടെയും, കുയിലുകളുടെയും മധുരശബ്ദങ്ങളാകുന്ന പാട്ടുകളെക്കൊണ്ട് മനോഹരം.

1198 കമലോല്പല...ജലാശയം=താമര, കരിങ്കുവളം, സൗഗന്ധികം മുതലായ പുഷ്പങ്ങളെക്കൊണ്ട് ശോഭിച്ചവയും, തെളിഞ്ഞ വെള്ളമുള്ളവയുമായ പലതരം ജലാശയങ്ങളോടുകൂടിയത്.

1194 സുമ...സഞ്ചയം=പൂക്കളെക്കൊണ്ടും തളിരുകളെക്കൊണ്ടും ശോഭിച്ചതായ വള്ളിക്കുടിലുകളിൽ സുഖമായി ഇരിക്കുന്ന നിൎജ്ജരാംഗികളോടുകൂടിയതു്.

1196 ഫല...പാദപകുലം=കായും പൂവും നിറഞ്ഞ മരക്കൂട്ടം.

1201 വിലംഘനം=തടസ്സം ചെയ്യുക.

1206 ദ്രുമപങ്ക്തികൾ=മരക്കൂട്ടങ്ങൾ. സുമസഞ്ചയം=പൂനിര.

1207 തിരസ്കരിക്ക=പുച്ഛിക്കുക.

1208 കലിതാദരം=ആദരവോടുകൂടി.

1211 ഉൽക്കടതരകോപം=വലിയ കോപം.

1219 ദണ്ഡം=ശിക്ഷ.

1221 മസ്തകധൂനനം=തലയാട്ടുക.

1225 ഹസ്ത...പ്രഹാരം=അടി, കടി, മാന്തു് മുതലായ പ്രയോഗങ്ങൾ

1230 ദ്രുതതരം=അതിവേഗം.

1234 സാനുമാൻ=പൎവ്വതം.

1235 സാനു=നിരപ്പുപ്രദേശം. സാനുജൻ=അനുജനോടുകൂടിയവൻ

1236 സാനന്ദമോദം=സന്തോഷത്തോടുകൂടി.

1237 സുര...ദ്വാരി=സ്വൎഗ്ഗത്തിന്റെ വാതില്ക്കൽ.
ഗിരിവരശൃംഗം=പൎവ്വതത്തിന്റെ കൊടുമുടി.

കേരള സാഹിത്യ അക്കാദമി

1238 ഫല...പൂൎണ്ണം=നല്ല പൂവും, കായും, ഇലയും നിറഞ്ഞതു്.

1239 ദ്രുമവൃന്ദം=മരക്കൂട്ടം. നിബിഡം=ഇടതിങ്ങി.

1240 വിശ്വ...മൂലം=ലോകത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾക്കു കാരണം.

1243 ആൎയ്യശീലൻ=ഉത്തമമായ സ്വഭാവത്തോടുകൂടിയവൻ.

1244 ഇന്ദ്രനീല...ശോഭ=ഇന്ദ്രനീലരത്നംപോലെ നീലമായും മനോഹരമായും ഇടതിങ്ങിയതായും ഉള്ള ഒരു ശോഭ.

1246 വിഗ്രഹം=ശരീരം. അരുണ...ധരം=ചുവന്ന മേഘത്തിനു തുല്യമായ ജടയെ ധരിച്ചതു്.

1247 ഹരിണാങ്ക...അംബുജം=ചന്ദ്രനോടു സദൃശമായ മുഖത്തോടുകൂടിയതു്.
കരുണാ...സൈനികം=ദയകൊണ്ടു് അലിവുള്ളതായ കടാക്ഷത്താൽ വാനരസൈന്യത്തെ സന്തോഷിപ്പിക്കുന്നതു്.

1248 ശരദിന്ദു...സ്മിതം=ശരൽക്കാലത്തെ ചന്ദ്രനിൽനിന്നു പുറപ്പെടുന്ന നിലാവുപോലെ മനോഹരമായ പുഞ്ചിരിയുള്ളതു്.

1249 കര...സ്ഥലം=ശംഖുപോലെ ശോഭിച്ച കഴുത്തോടുകൂടിയതു്.

നിജ...ധനുശ്ശരം=തന്റെ കൈകളിൽ വില്ലും അമ്പും ധരിച്ചതു്.

1250 പരിവീത...തടം=ചെമ്പിച്ച നിറത്തിലുള്ള പുതിയ മരവുരി മനോഹരമായി ചുറ്റിയിരിക്കുന്ന ഭംഗിയുള്ള അരക്കെട്ടോടുകൂടിയതു്.

1251 ശരണാഗത...സരോജം=ശരണം പ്രാപിച്ചവരുടെ ദുഃഖം തീർക്കുന്നതിനു സിദ്ധൌഷധമായ പാദപത്മങ്ങളോടു കൂടിയതു്.

1252 ഇതി=ഇപ്രകാരം.

1257 അനഘതരം=അതിവിശേഷമായിട്ടുള്ളതു്.

1258 ഘനവാഹനൻ=മേഘമാകുന്ന വാഹനത്തോടുകൂടിയവൻ.

1259 തരസാരണം=ഉറക്കെ വിളിക്ക.

1262 കിരണോച്ചയം=പ്രഭകൊണ്ടു പ്രകാശിക്കുന്നതു്.

1263 ജനകാത്മജാ...സുഖം=സീതയെ ആലിംഗനം ചെയ്യുന്നതുപോലെയുള്ള സുഖം.

1266 പരിണാഹി=അധികം വിരിവുള്ളതു്.

---

3 ഉരുവീര്യം=വളരെ ശൌര്യത്തോടെ. (ഉ. വി.)

4 ക്ഷമത=സാമർത്ഥ്യം.

9 സീതാ...ആർത്തൻ=സീതാദേവിയുടെ വിയോഗമാകുന്ന വ്യാധിയാൽ പീഡിതൻ.

സീതാ...ഔഷധം=സീതയുടെ സന്ദേശമാകുന്ന പ്രധാനമായ മരുന്നു്.

10 കല്യൻ=രോഗം ശമിച്ചു സുഖം പ്രാപിച്ചവൻ.

11 അത്യുദാരൻ=ഏറ്റവും മഹാൻ.

13 ഹർഷകാരുണ്യം=സന്തോഷവും കരുണയും.

16 ഗാഢഗാഢം=മുറുകെ മുറുകെ.

ഉരുതരശോകം=വളരെ ശോകത്തോടെ.

ശുഭം.

PRINTED AT

THE MANGALODAYAM POWER PRESS,

TRICHUR.